# പഞ്ചായത്ത്‌രാജ്

പുസ്തകം 54 ◆ ലക്കം 5
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
ആഗസ്റ്റ് 2014



## 'നമ്മുടെ പഞ്ചായത്ത് ശുചിത്വത്തിന്റെ പാതയിൽ

## പഞ്ചായത്തിന്റെ ശുചിത്വം നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

പഞ്ചായത്ത് രാജ്
ആഗസ്റ്റ് 2014

# ഉള്ളടക്കം




5 എഡിറ്ററുടെ പേജ്

6 കുടുംബശ്രീ ലോകത്തിന് മാതൃക
ഡോ. എം.കെ. മുനീർ



8 കുടുംബശ്രീ 16-ാം വാർഷിക ആഘോഷം



11 സ്വാതന്ത്ര്യത്തിന്റെ സ്വർഗ്ഗത്തിലേക്ക്
ഡോ. എം.വി. തോമസ്

14 ക്വാളിറ്റി സർക്കിൾ
ഡോ. ജെ.ബി. രാജൻ & ബിജു. എസ്.കെ.

17 ജൈവവൈവിധ്യം
രഘുരാമൻ

20 ഗ്രാമപഞ്ചായത്തുകളിലൂടെ

22 പഞ്ചായത്ത് അക്കൗണ്ട് സംശയങ്ങളും മറുപടികളും
ഉദയഭാനു കണ്ടേത്ത്

24 ആധുനിക സാങ്കേതിക വിദ്യയിലേയ്ക്കു തപാൽ വകുപ്പ് ചുവടു മാറുന്നു
കെ.കെ. പാന്ത്

27 കമനീയം കർക്കിടകം
ബിന്ദുരാജ് എം.എ.



29 ജലഗുണനിലവാര പരിശോധനയും ജലശുദ്ധി കാർഡ് വിതരണവും

31 കാട്ടൂർ ഗ്രാമപഞ്ചായത്ത് ഇനി ലെസ് പേപ്പർ ഓഫീസ്

32 കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംയോജനം കാർഷികമേഖലയ്ക്ക് പുത്തനുണർവ്വ്



33 ISO കരസ്ഥമാക്കിയ ഗ്രാമപഞ്ചായത്തുകൾ

34 പന്മന ഗ്രാമപഞ്ചായത്തിന്റെ സ്നേഹസ്പർശം



41 വായനയുടെ മഹത്വം മലയാളിയെ പഠിപ്പിച്ചത് പി.എൻ. പണിക്കർ

# കേരള മാതൃക പകർത്താൻ ലൈബീരിയൻ സംഘം

കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനത്തിന്റെയും അധികാരവികേന്ദ്രീകരണത്തിന്റെയും മാതൃക തങ്ങളുടെ രാജ്യത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾക്കും പഠനങ്ങൾക്കുമായി ആഫ്രിക്കയിലെ ലൈബീരിയയിൽനിന്നുള്ള മൂന്നംഗസംഘം കിലയിലെത്തി. അഞ്ചാഴ്ചക്കാലം അവർ കിലയിൽ തങ്ങിയാണ് ഇതു സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുന്നത്. കില ഡയറക്ടർ ഡോ.പി.പി.ബാലൻ, അസോസിയേറ്റ് പ്രൊഫ.ഡോ. സണ്ണി ജോർജ്, പ്രൊഫ.ടി.രാഘവൻ എന്നിവരുമായി സംഘം ആദ്യവട്ടം ചർച്ച നടത്തി. പഞ്ചായത്ത് സംവിധാനം മികച്ച രീതിയിൽ നടപ്പിലാക്കിയിട്ടുള്ളത് കേരളത്തിലാണെന്നു മനസ്സിലാക്കിയതുകൊണ്ടാണ് തങ്ങൾ ഇവിടെയെത്തിയതെന്ന് സംഘാംഗങ്ങൾ പറഞ്ഞു. അലക്സാണ്ടർ മുല്ല, സിസിലിയ എൻഫ്ളോമോ, ഡയാന മൂർത്ത് എന്നിവരാണ് സംഘത്തിലുള്ളത്.

പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ.എം.കെ.മുനീർ, തദ്ദേശഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ, വികേന്ദ്രീകൃതാസൂത്രണത്തിന് മികച്ച സംഭാവന നൽകിയ വ്യക്തികൾ തുടങ്ങിയവരേയും സംഘാംഗങ്ങൾ കാണുന്നുണ്ട്.സംസ്ഥാനത്തെ വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സന്ദർശിച്ച് അവിടത്തെ വികസനപരിപാടികൾ സംഘം നേരിൽ കണ്ട് മനസ്സിലാക്കും.സാമ്പത്തിക വികസനത്തിനും ഉദ്പ്പാദന മേഖലയ്ക്കും പ്രാധാന്യം നൽകുന്ന കുടുംബശ്രീ പോലെയുള്ളവരുടെ പ്രവർത്തനങ്ങളിലും സംഘത്തിനു താൽപര്യമുണ്ട്.

167 വർഷം മുമ്പ് സ്വാതന്ത്ര്യം നേടിയ ലൈബീരിയിൽ അമേരിക്കൻ മോഡൽ ഭരണസംവിധാനമാണ് നിലനിൽക്കുന്നത്. പേരിന് പഞ്ചായത്ത് സംവിധാനങ്ങളുണ്ടെങ്കിലും അധികാരമെല്ലാം കേന്ദ്രത്തിൽ നിക്ഷിപ്തമായതിനാൽ അവയൊന്നും ഫലപ്രദമല്ല. പ്രകൃതിവിഭവങ്ങളാൽ സമ്പന്നമായ ഈ രാഷ്ട്രം ദാരിദ്ര്യമനുഭവിക്കുന്നു.33 ലക്ഷം ജനസംഖ്യയിൽ പത്തുലക്ഷം പേരും തലസ്ഥാനത്തുതന്നെയാണ് വസിക്കുന്നത്. 19 ലധികം പട്ടികവർഗ്ഗ വിഭാഗങ്ങളുണ്ട്. ജനസംഖ്യയിൽ 75 ശതമാനം ക്രിസ്ത്യാനികളും 20 ശതമാനം മുസ്ലിംകളും അഞ്ചു ശതമാനം മറ്റുവിഭാഗക്കാരുമാണ്. ഇരുമ്പയിരും മരവുമാണ് പ്രധാനമായും കയറ്റി അയക്കുന്നത്. പ്രകൃതിവഭവങ്ങളൊന്നും വേണ്ടവിധത്തിൽ ചൂഷണം ചെയ്യാനായിട്ടില്ല.



*കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനം പഠിക്കുന്നതിനു ലൈബീരിയയിൽനിന്നെത്തിയ മൂന്നംഗസംഘം കിലയിൽ ഉദ്യോഗസ്ഥന്മാരുമായി ചർച്ച നടത്തുന്നു.*

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ആഗസ്റ്റ് 2014 | പുസ്തകം 54 | ലക്കം 5 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in

**ഉപദേശക സമിതി**

ചെയർമാൻ

**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ

**ജയിംസ് വർഗ്ഗീസ്**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണവകുപ്പ്

**മിനി ആന്റണി**, ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി.ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**ജി. രാജീവ്**
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

**എ. ഹാഷിം**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ

**എ. സെയിദ്**
പഞ്ചായത്ത് ഡയറക്ടർ (ഇൻചാർജ്)

എഡിറ്റർ

**എ. സെയിദ്**
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ

**എ. ഹാഷിം**
e-mail: prodp12@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
mayasanthoshm@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

**മേൽവിലാസം**

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

## എഡിറ്റോറിയൽ

### 'ഏറ്റവും നല്ല ഒരു സ്വപ്നത്തിന് ഒരു സമ്മാനം!'

എല്ലാവർഷവും ആഗസ്റ്റ് 15-ന് സ്വാതന്ത്ര്യദിനമായി നാം ആഘോഷിക്കുന്നു. ഈ വർഷവും നാം സ്വാതന്ത്ര്യ ദിനം സമുചിതമായി ആഘോഷിച്ചു. രാജ്യത്തിന്റെ 68-ാം സ്വാതന്ത്ര്യദിനമാണ് ഇക്കഴിഞ്ഞ ആഗസ്റ്റ് 15-ന് നാം ആഘോഷിച്ചത്. സ്വാതന്ത്ര്യദിനം കേവലം ഒരു അവധി ദിവസമായിട്ടുമാത്രമല്ല നാം കാണുന്നത്. സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടി ജീവൻ വെടിഞ്ഞ ധീര രക്തസാക്ഷികളെയും രാഷ്ട്രമോചനത്തിനായി പോരാടിയ മഹാന്മാരായ നേതാക്കളെയും സ്മരിക്കുന്നതിനും ഈ ദിനം പ്രയോജനപ്പെടുത്തുന്നു. നമുക്കു ലഭിച്ച സ്വാതന്ത്ര്യം നമ്മെ നൂറ്റാണ്ടുകാലം അടക്കി ഭരിച്ചിരുന്ന വിദേശ ശക്തികളുടെ ഔദാര്യം കൊണ്ടല്ല മറിച്ച് ധീര ദേശാഭിമാനികളുടെ ത്യാഗോജ്ജ്വല പോരാട്ടങ്ങളുടെ ഫലമായിട്ടാണ് ലഭിച്ചതെന്ന് ഇത്തരം സ്മരണകളിലൂടെ പുതുതലമുറയെ അറിയിക്കാനും നമുക്കു കഴിയുന്നു.

ഇൻഡ്യ ഇന്ന് ലോകരാജ്യങ്ങളുടെ പട്ടികയിൽ ശ്രദ്ധേയമായ സ്ഥാനത്ത് എത്തി നില്ക്കുന്നു. പല മേഖലകളിലും ലോകത്തിന് മാതൃകയാകാൻ ഇൻഡ്യക്ക് കഴിയുന്നു. വികേന്ദ്രീകൃത ജനാധിപത്യ പ്രക്രിയയിൽ നമ്മുടെ രാജ്യം ലോക രാഷ്ട്രങ്ങൾക്ക് മാതൃകയാണ്. മഹാത്മാഗാന്ധിയുടെ സ്വപ്നമായ ഗ്രാമസ്വരാജ് യാഥാർത്ഥ്യമാക്കിയതിലൂടെയാണ് നമുക്ക് അതു സാധിച്ചത്. 1992-ലെ 73-ാം, 74-ാം ഭരണഘടന ഭേദഗതിയിലൂടെ നിലവിൽ വന്ന പഞ്ചായത്ത് രാജ്, നഗരപാലിക ബിൽ രാജ്യത്ത് ഗ്രാമസ്വരാജ് യാഥാർത്ഥ്യമാക്കുന്നതിന് കാരണമായി. വികേന്ദ്രീകൃത ജനാധിപത്യത്തിൽ ഇൻഡ്യ ലോകത്തിന് മാതൃകയാണെങ്കിൽ ഈ രംഗത്ത് ഇൻഡ്യക്ക് മാതൃകയാകാൻ കേരളത്തിന് കഴിഞ്ഞു. പ്രാദേശിക സർക്കാരുകളുടെ ശാക്തീകരണം സാധ്യമാക്കിയതിലൂടെയാണ് കേരളം ഈ നേട്ടം കൈവരിച്ചത്. പ്രാദേശിക സർക്കാരുകളായ കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ ഇന്ന് മാതൃകാ സ്ഥാപനങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിച്ചേരുന്നതിന്റെ ഭാഗമായി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടാനുള്ള ശ്രമത്തിലാണ് കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ. ധാരാളം ഗ്രാമപഞ്ചായത്തുകൾ അവ നേടി കഴിഞ്ഞു. ഇത്തരം നേട്ടങ്ങളിൽ നാം അഭിമാനിക്കുന്നതോടൊപ്പം കോട്ടങ്ങൾ ഉണ്ടെങ്കിൽ അവ പരിഹരിക്കാനും, ആധുനിക ലോക ക്രമത്തിനനുസരിച്ച് കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് ഗ്രാമപഞ്ചായത്തുകൾ കൂടുതൽ കാര്യക്ഷമതയോടെ പ്രവർത്തിക്കാൻ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കൂട്ടായി പരിശ്രമിക്കേണ്ടതാണ്.

ഭാവിയിൽ ഗ്രാമപഞ്ചായത്തുകൾ എപ്രകാരമായിരിക്കണം? ഒരു 10-15 വർഷങ്ങൾക്കു ശേഷം സേവനരംഗത്ത് നമ്മുടെ നിലവാരം എന്തായിരിക്കണം, എന്ന ഒരു കാഴ്ചപ്പാട് ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കും ഉണ്ടാവണം അത്തരം കാഴ്ചപ്പാടുകളെപ്പറ്റി സ്വപ്നങ്ങളെപ്പറ്റി എഡിറ്റർക്ക് എഴുതുക! ഏറ്റവും നല്ല സ്വപ്നത്തിന് തീർച്ചയായും ഒരു ചെറിയ കാഷ് അവാർഡ് നൽകുന്നതായിരിക്കും.

**എ. സെയിദ്**
പഞ്ചായത്ത് ഡയറക്ടർ (ഇൻചാർജ്)

ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി



# കുടുംബശ്രീ ലോകത്തിന് മാതൃക

കുടുംബശ്രീ എന്ന കേരളത്തിന്റെ അഭിമാനമായ സ്ത്രീ ശാക്തീകരണ പ്രസ്ഥാനത്തിന്റെ 16–ാം വാർഷികം ഒരു പുതിയ ചരിത്രം എഴുതി ച്ചേർത്തുകഴിഞ്ഞു. 41.5 ലക്ഷം വരുന്ന നമ്മുടെ കുടുംബശ്രീ സഹോദരിമാരിൽ നിന്നുള്ള ആവേശകരമായ പങ്കാളിത്തം സമാനതകൾ ഇല്ലാത്തതാണ്. ഈ പ്രസ്ഥാനം ഇതുവരെ എന്തൊക്കെ നേടി എന്ന് തൊട്ടറിയാൻ കഴിയുന്നതായിരുന്നു ഈ സംഗമവേള. നമ്മുടെ സ്വപ്നങ്ങളുടെ പൂർണ്ണ സാക്ഷാത്കാരമായിട്ടില്ല എന്ന ഓർമ്മപ്പെടുത്തൽ കൂടി ഈ സമ്മേളനം നൽകി. ലോകത്തിലെ ഏറ്റവും ബൃഹത്തായ സ്ത്രീ ശാക്തീകരണ പ്രസ്ഥാനമാണ് കുടുംബശ്രീ. കുടുംബശ്രീയുടെ അദ്ഭുതാവഹമായ വളർച്ച കാണിക്കുന്നത് സമൂഹത്തിന്റെ സർവതോന്മുഖമായ പരിവർത്തനത്തിനുതകുന്ന ഏത് മേഖലയും അതിന് അപ്രാപ്യമല്ല എന്നതാണ്. നമ്മുടെ തനത് സംസ്കാരത്തിന്റെ സംരക്ഷണമാവട്ടെ, സൂക്ഷ്മ സംരംഭങ്ങളിലൂടെയുള്ള സ്ത്രീ സ്വാശ്രയത്വമാവട്ടെ, കുറ്റകൃത്യ വിമുക്ത സമൂഹമാവട്ടെ, ലഹരിക്കെതിരായ നീക്കമാവട്ടെ, ആശ്രയ പോലുള്ള ജീവകാരുണ്യ പ്രവർത്തനമാവട്ടെ ഏത് മേഖലയിലും പ്രവർത്തിക്കാൻ ഊർജ്ജവും ഓജസ്സുമുള്ള ഏക പ്രസ്ഥാനം കുടുംബശ്രീ മാത്രമാണ്. കേരളത്തിൽ കുടുംബശ്രീയും കർണ്ണാടകത്തിൽ സ്വയംസഹായ സംഘങ്ങളും പ്രവർത്തിക്കുന്നില്ലായിരുന്നെങ്കിൽ ഇരു സംസ്ഥാനങ്ങളിലെയും ഭക്ഷ്യ സംസ്കാരം തന്നെ ഇതിനകം അന്യം നിന്നുപോവുകയും 'പിസ്സ' ഭക്ഷണരീതിയിലേക്ക് നമ്മൾ ഒട്ടാകെ മാറേണ്ടിവരുകയും ചെയ്യുമായിരുന്നു എന്ന് കർണ്ണാടക മന്ത്രി ബഹു. എച്ച്.കെ.പട്ടീൽ പ്രഖ്യാപിച്ചത് ഈ പ്രസ്ഥാനത്തിന്റെ കാതൽ മനസ്സിലാക്കിയാണ്. നമ്മുടെ സംസ്കാരത്തിന്റെയും സ്ത്രീ ശാക്തീകരണത്തിന്റെയും ലോകമാതൃക ആകുന്നതോടൊപ്പം തന്നെ, സാമൂഹ്യ വിപത്തുകൾക്കെതിരായ അതിശക്തമായ രക്ഷാകവചം ഒരുക്കാൻ കൂടി ഇതിന് കഴിയും. സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമമാവട്ടെ, ലഹരി ഉപഭോഗമാവട്ടെ, വയോജന സംരക്ഷണമാവട്ടെ സമസ്ത മേഖലകളിലും നവോത്ഥാന

ത്തിന്റെ കരുത്തുറ്റകരങ്ങൾ നീട്ടാൻ ഈ പ്രസ്ഥാനത്തിന് കഴിയുന്നുണ്ട്. പങ്കാളിത്ത ജനാധിപത്യത്തിന്റെ യഥാർത്ഥ വിജയം കേരളം ദർശിക്കുന്നതും കുടുംബശ്രീയിലൂടെയാണെന്നത് കേവലസത്യമാണ്. അടുത്ത ഘട്ടം നമ്മുടെ സഹോദരിമാരുടെ ഡിജിറ്റൽ എംപവർമെന്റ് ആണ് വിജ്ഞാനത്തിൽ അധിഷ്ഠിതമായ ഒരു സമൂഹത്തിന്റെ മേൽത്തട്ടിലേക്ക് അവർക്ക് പ്രവേശനം നൽകുന്ന ഒന്നാണ് ഈ പ്രക്രിയ. ഒരു പക്ഷേ, പുരുഷന്മാരെ ഈ മേഖലയിൽ നമ്മുടെ സഹോദരിമാർ പിന്നിലാക്കാൻ പോകുന്നു എന്ന അപൂർവമായ ഒരു സ്ഥിതിവിശേഷം ഇതിലൂടെ സംജാതമാകാൻ പോവുകയാണ്. കേരളത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്ന പുത്തൻ നവോത്ഥാന പ്രസ്ഥാനമായി കുടുംബശ്രീ പരിവർത്തനപ്പെടുകയാണ്. കക്ഷി രാഷ്ട്രീയത്തിനതീതമായ പിന്തുണയും ആശയ ഐകരൂപ്യവും കേരളീയ സമൂഹവും ഭരണാധികാരികളും കുടുംബശ്രീയ്ക്ക് നൽകുന്നുണ്ട്.

ഏത് സംരംഭവും ഏറ്റെടുക്കാനുള്ള കരുത്തും കാര്യശേഷിയും ഇന്ന് കുടുംബശ്രീക്ക് കരഗതമായിരിക്കുന്നു. ഇതുവരെയുള്ള പ്രവർത്തനങ്ങളിലൂടെ കുടുംബശ്രീ സുസജ്ജമായ ഒരു സംഘടനാ സംവിധാനമായി രൂപപ്പെട്ടുകഴിഞ്ഞു. അനിഷേധ്യമായ ഒരു വസ്തുതയാണിത്. ഇത് ഓരോ കേരളീയനും ബോധ്യമുള്ളതുമാണ്. കുടുംബശ്രീ അംഗങ്ങളിലെ വ്യത്യസ്ത വിഭാഗങ്ങളിൽ സൃഷ്ടിക്കാൻ കഴിഞ്ഞ ആത്മവിശ്വാസവും നേതൃത്വശേഷിയും ക്രിയാത്മകമായി പ്രയോജനപ്പെടുത്താനുള്ള അവസരങ്ങളാണ് വേണ്ടത്. എന്റെ അനുഭവത്തിൽ നിന്നും ചൂണ്ടിക്കാണിക്കാൻ കഴിയുന്ന ഒരു കാര്യം കുടുംബശ്രീ സംവിധാനത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട തദ്ദേശഭരണ പ്രതിനിധികൾ അറിവിലും പ്രായോഗിക നേതൃത്വത്തിലും മികവ് പുലർത്തുന്നു എന്നതാണ് പ്രാദേശിക വികസന പ്രശ്നങ്ങളിൽ അവർക്ക് ഫലപ്രദമായി ഇടപെടാനും കഴിയുന്നുണ്ട്. അന്യരുടെ വ്യക്തിഗത ദുരിതങ്ങളിൽ അവരുടെ മനസ്സ് അസ്വസ്ഥമാവുകയും വേവലാതിപ്പടുകയും ചെയ്യുന്നുണ്ട് സാമൂഹ്യ ജീവിതവും പ്രശ്നങ്ങളുമായി അനുരണനം ചെയ്യുന്ന മനസ്സും ബുദ്ധിയും നമ്മുടെ സഹോദരിമാർ ആർജ്ജിച്ചിരിക്കുന്നു.

കുടുംബശ്രീ ഇന്ന് കേരളത്തിന്റെയോ, ഇന്ത്യയുടേയോ മാത്രം അഭിമാനമല്ല, ലോകത്തിന്റെ തന്നെ അഭിമാനമാണ്. ദാരിദ്ര്യ നിർമ്മാർജ്ജന പ്രസ്ഥാനം എന്ന നിലയിൽ നിന്നും സമസ്തമേഖലകളിലും അടിസ്ഥാനപരമായ പരിവർത്തനം സൃഷ്ടിക്കാൻ കെൽപ്പുള്ള പ്രസ്ഥാനമായ കുടുംബശ്രീക്ക് തുല്യമായ മറ്റൊന്ന് ലോകത്തെവിടെയും ചൂണ്ടിക്കാണിക്കാൻ ഇല്ല. ഈ പ്രസ്ഥാനത്തിന് ജാതിയില്ല. മതമില്ല. രാഷ്ട്രീയമില്ല മുന്നിലുള്ളത് മനുഷ്യനന്മയും മനുഷ്യ പുരോഗതിയും മാത്രം. അതേ ഒരു ധീര നൂതന ലോകത്തിലേക്കാണ് കുടുംബശ്രീയുടെ പ്രയാണം.

പതിനാറാം വാർഷികാഘോഷം പൂർത്തിയാക്കിയ ഈ അവസരത്തിൽ നമ്മോടൊപ്പം ചേർന്ന സമാദരണീയയായ ശ്രീമതി. സോണിയ ഗാന്ധി, കേരള ഗവർണർ ശ്രീമതി. ഷീല ദീക്ഷിത്, ആവേശവും പ്രചോദനവുമായി നമുക്കൊപ്പം നിലകൊണ്ട പ്രിയങ്കരനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി എന്നിവരെയും മന്ത്രിസഭയിലെയും ഔദ്യോഗികതലത്തിലെയും സഹപ്രവർത്തകരെയും, സർവോപരി കുടുംബശ്രീ സഹോദരിമാരെയും എന്റെ ഹൃദയപൂർവമായ നന്ദി അറിയിച്ചുകൊള്ളട്ടെ.



# 16-ാം കുടുംബശ്രീ വാർഷിക ആഘോ



12/8/2014 മുതൽ 14/08/2014-വരെ നടന്ന കുടുംബശ്രീ പതിനാറാം സംസ്ഥാന വാർഷിക ആഘോഷ പരിപാടികളുടെ ഔദ്യോഗിക ഉദ്ഘാടനം 12/8/2014-ന് രാവിലെ 11.00 മണിക്ക് പുത്തരികണ്ടം മൈതനായിൽ വച്ച് സമാദരണിയായ സോണിയാ ഗാന്ധി നിർവ്വഹിച്ചു. യോഗത്തിൽ കേരള മുഖ്യമന്ത്രി ഉമ്മൻചാണ്ടി അദ്ധ്യക്ഷനായിരുന്നു. പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം.കെ. മുനീർ സ്വാഗതം ആശംസിച്ച പ്രൗഢഗംഭീരമായ മഹാ സമ്മേളനം കരേള വ്യവസായ മന്ത്രിപി.കെ. കുഞ്ഞാലിക്കുട്ടി, ധനകാര്യമന്ത്രി കെ.എം മാണി, ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല, പാർലമെന്റ് അംഗം ഡോ. ശശീതരൂർ, കെപിസിസി പ്രസിഡന്റ് വി.എം. സുധീരൻ, മുൻകേന്ദ്ര മന്ത്രി ഒ. രാജഗോപാൽ എന്നിവരുടെ സാന്നിദ്ധ്യം കൊണ്ട് ധന്യവും ശ്രദ്ധേയവുമായി. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി. വത്സലകുമാരി കൃതജ്ഞത രേഖപ്പെടുത്തി പ്രസ്തുത മഹാ സമ്മേളനം കേരളത്തിലെ 42 ലക്ഷം കുടുംബശ്രീ അംഗങ്ങളുടെ വനിതാ ശാക്തീകരണ മുന്നേറ്റങ്ങളുടെ വിളംബരമായി മാറി.

പ്രസ്തുത മഹാ സമ്മേളനത്തിൽ കേരളത്തിലെ ശ്രീനാരായണഗുരു അടക്കമുള്ള സാമൂഹ്യപരിഷ്കർത്താക്കൾ നവോത്ഥാന പ്രവർത്തനങ്ങളിലൂടെ സമൂഹത്തിൽ വരുത്തിയ മാറ്റം ഇന്ന് കുടുംബശ്രീ മറ്റൊരു തരത്തിൽ പ്രാവർത്തികമാക്കുകയാണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ സോണിയാ ഗാന്ധി പറഞ്ഞു. കുടുംബശ്രീയുടെ പ്രവർത്തനത്തിലൂടെ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളിൽ കേരളം രാജ്യത്തിന് മാതൃകയായി മാറിയെന്നും കേരളത്തിന്റെ അഭിമാനകരമായ ഈ നേട്ടം മറ്റ് സംസ്ഥാനങ്ങൾ ഉറ്റുനോക്കുകയാണെന്നും. ദാരിദ്ര്യം, അനീതി, പരാജയം എന്നിവയ്ക്കെതിരെയുള്ള ചെറുത്തുനിൽപ്പാണ് കുടുംബശ്രീയെ വ്യത്യസ്തമാക്കുന്നതായും സോണിയാ ഗാന്ധി അഭിപ്രായപ്പെട്ടു.

കുടുംബശ്രീ പ്രവർത്തകരുടെ സ്നേഹോപഹാരമായ ആറൻമുള കണ്ണാടി

ഷം



സാമൂഹ്യനീതി മന്ത്രി ഡോ. എം.കെ മുനീർ സോണിയാഗാന്ധിക്ക് സമ്മാനിച്ചു.

തുടർന്ന് വൈകുന്നേരം 3.00 മണിക്ക് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടന്ന തുടർ ആഘോഷ പരിപാടികളുടെ ഭാഗമായി 'ട്രാൻസ്ഫർ മേറ്റീവ് ജെന്റ്ർ പൊളിറ്റിക്സ്' എന്ന വിഷയത്തെപ്പറ്റി കുടുംബശ്രീ സെമിനാർ സംഘടിപ്പിച്ചു. കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗം ബിന്ദുകൃഷ്ണ സെമിനാറിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞു. അദ്ധ്യക്ഷ പ്രസംഗത്തിൽ കുടുംബശ്രീ എക്സ്കിക്യൂട്ടിവ് ഡയറക്ടർ കെ ബി വത്സലകുമാരി വിഷയത്തിന്റെ ഓരോ പദങ്ങളേയും വിശകലനം ചെയ്ത് വിവരിച്ചു.

സെമീനാറിൽ മുഖ്യ പ്രാഭഷണം നടത്തിയത് ദേശീയ തലത്തിൽ പ്രശസ്തയായ സാമൂഹ്യ പ്രവർത്തക ഹറാ നഖ്വിയാണ്. മലയാള ഭാഷയിൽ സംസാരിക്കാനവാത്തതിന്റെ ഖേദം പ്രകടിപ്പിച്ചുകൊണ്ട് അവർ നടത്തിയ പ്രസംഗം ആദ്യവസാനം ശ്രദ്ധേയവും വിജ്ഞാന പ്രദവുമായിരുന്നു. സ്വന്തം അനുഭ വങ്ങളുടെ പശ്ചാത്തലത്തിൽ ഊന്നി നിന്നു കൊണ്ട് കുടുംബശ്രീ ഓർമ്മിക്കേണ്ടതും അറിയേണ്ടതുമായ നിരവധി പ്രശ്നങ്ങൾ ഒന്നൊന്നായിനിരത്തി. രാഷ്ട്രീയം എന്നത് കേവലമായ കക്ഷി രാഷ്ട്രീയ തെരഞ്ഞെടുപ്പു പ്രക്രിയയും പ്രവർത്തനവും മാത്രമല്ല മറിച്ച് അധികാരത്തിന്റെ പുന ക്രമീകരണമാണ് എന്നവർ സമർത്ഥിച്ചു.

സാക്ഷരതാ പ്രവർത്തകയായ ശ്രീമതി കെ ബി റാബിയ സ്വന്തം അനുഭവം വിവരിച്ചു കൊണ്ട് സ്ത്രീകൾക്ക് വിവിധ മണ്ഡലങ്ങളിൽ ത്യാഗപൂർണ്ണവും ശ്രദ്ധയവു

## കുടുംബശ്രീ ഒരു നവോത്ഥാന മാതൃക

### സോണിയാഗാന്ധി




**ശ്രീ**നാരായണഗുരു അടക്കമുള്ള സാമൂഹ്യപരിഷ്കർത്താക്കൾ നവോത്ഥാന പ്രവർത്തനങ്ങളിലൂടെ സമൂഹത്തിൽ വരുത്തിയ മാറ്റം ഇന്ന് കുടുംബശ്രീ മറ്റൊരു തരത്തിൽ പ്രാവർത്തികമാക്കുകയാണെന്ന് കോൺഗ്രസ് അധ്യക്ഷ സോണിയാ ഗാന്ധി. കുടുംബശ്രീയുടെ പതിനാറാം വാർഷിക ആഘോഷപരിപാടി തിരുവനന്തപുരത്ത് പുത്തരിക്കണ്ടം മൈതാനിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

കുടുംബശ്രീയുടെ പ്രവർത്തനത്തിലൂടെ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളിൽ കേരളം രാജ്യത്തിന് മാതൃകയായി മാറി. കേരളത്തിന്റെ അഭിമാനകരമായ ഈ നേട്ടം മറ്റ് സംസ്ഥാനങ്ങൾ ഉറ്റുനോക്കുകയാണ്. ദാരിദ്ര്യം, അനീതി, പരാജയം എന്നിവയ്ക്കെതിരെയുള്ള ചെറുത്തുനിൽപ്പാണ് കുടുംബശ്രീയെ വ്യത്യസ്തമാക്കുന്നത്. ജൈവകൃഷി, ചെറുകിടസംരംഭം, വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങൾ, സാമൂഹികാധിഷ്ഠിത പരിപാടികൾ എന്നിവയിലൂടെ സ്ത്രീകളെ സ്വയംപര്യാപ്തമാക്കാൻ കുടുംബശ്രീക്ക് കഴിഞ്ഞു. ഗ്രാമീണ സ്ത്രീകളെ സംഘടനാ സംവിധാനത്തിലൂടെ സംഘടിതരാക്കുക വഴി പ്രശ്നങ്ങൾ തരണം ചെയ്യാൻ പ്രാപ്തമാക്കുകയാണ് കുടുംബശ്രീ ചെയ്തത്. ജനങ്ങൾ എല്ലാ പ്രശ്നത്തിനും സർക്കാരിനെ സമീപിക്കുന്ന ഒരു രാജ്യത്ത് ജനങ്ങൾക്ക് തന്നെ സ്വയം പ്രശ്ന പരിഹാരത്തിന് സാധിക്കുമെന്ന് കുടുംബശ്രീ തെളിയിച്ചു. സ്ത്രീകൾക്ക് പരിശീലനം നൽകി സമ്പാദ്യശീലം വർധിപ്പിക്കുകയും ഇതുവഴി ജീവിതനിലവാരം മെച്ചപ്പെടുത്തിയതും ചെറുകിട സംരംഭങ്ങൾ ആരംഭിച്ചതുമെല്ലാം കുടുംബശ്രീക്ക് അഭിമാനിക്കാവുന്ന നേട്ടങ്ങളാണെന്നും സോണിയാഗാന്ധി പറഞ്ഞു.

മായ പ്രവർത്തനങ്ങൾക്ക് നേതൃത്യം നൽകുവാനാവുമെന്ന് ചൂണ്ടി കാണിച്ചു. പുരുഷനെ നട്ടെല്ലുള്ള പുരുഷനാക്കി വളർത്തണമെങ്കിൽ സ്ത്രീയുടെ സഹനശക്തിയും സ്വാധീനവും ഒഴിച്ചുക്കൂടാനാകാത്തതാണ്. ഒരർത്ഥത്തിൽ പുരുഷന്റെ നട്ടെല്ല് സ്ത്രീ തന്നെയാണെന്ന് ഉദാഹരണ സഹിതം വിവരിച്ചു

തുടർന്ന് ലിഡാ ജേക്കബ് (റിട്ട) ഐ എ എസിന്റെ ഉദ്ഘാടന പ്രസംഗമാണ് നടന്നത് ആരോഗ്യം വിദ്യാഭ്യാസം പൊതു പ്രവർത്തനം എന്നി മേഖലകളിൽ സ്തീകളുടെ പങ്ക് ഭാഗികമായി മാത്രമേ അംഗീകരിക്കപ്പെടുന്നുള്ളു പ്രസവിക്കാനുള്ള കഴിവു മാത്രമാണ് സ്ത്രീകൾക്കുള്ളത് എന്ന സങ്കല്പം പ്രചരിപ്പിക്കുകയാണ്. വിദ്യാഭ്യാസ മേഖലയിലാകട്ടെ പാഠ്യപദ്ധതി തന്നെ ഒരർത്ഥത്തിൽ സ്ത്രീ വിവേചനപരമാണ്. എല്ലാ മേഖലകളിലും പ്രാതിനിധ്യം ഉറപ്പുവരുത്താൻ നിലവിലുള്ള തടസ്സങ്ങൾ നിരവധിയാണെന്ന് എടുത്തു പറഞ്ഞുകൊണ്ട്, രാഷ്ട്രീയം ജീവിതം തന്നെയാണ് എന്ന സന്ദേശം നല്കി കൊണ്ടു തന്റെ ഉദ്ഘാടന പ്രസംഗം അവർ അവസാനിപ്പിച്ചു.

തുടർന്ന് സംസാരിച്ച കേരള ട്രാൻസ്പോർട്ടു കമ്മിഷണർ ശ്രീലേഖ ഐ പി എസ് വൈകാരികത ഉണർത്തുന്ന ഒരു പ്രൗഢ പ്രഭാഷണമാണ് കാഴ്ച വച്ചത്. തങ്ങൾ അബലകളല്ലെന്ന് പ്രഖ്യാപിച്ചുകൊണ്ട് നാം ശബ്ദമുയർത്തി നിന്നാൽ അതു സമൂഹത്തിന് കേൾക്കാതിരിക്കാനാവില്ല എന്ന് അവർ കുടുംബശ്രീ അംഗങ്ങളെ ഉദ്ബോധിപ്പിച്ചു. പുരാണങ്ങളിലും മറ്റു തത്വചിന്തകമാരുടെയും വചനങ്ങൾ പുരുഷമേധാവിത്വത്തിന്റെ സൃഷ്ടികളാണ്. അത് തിരിച്ചറിഞ്ഞു കൊണ്ട് കുടുംബശ്രീ പ്രവർത്തകർ ഉണരേണ്ടതുണ്ട് 24 മണിക്കുറും പ്രവർത്തിക്കുവാനും കഠിന സമ്മർദ്ദങ്ങൾ നേരിടാനും ശേഷിയുള്ളത് സ്ത്രീകൾക്കു മാത്രമാണെന്ന് ചൂണ്ടിക്കാണിച്ചു കൊണ്ട് അവർ തന്റെ പ്രസംഗം അവസാനിപ്പിച്ചു.

കുടുംബശ്രീ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ മഞ്ജുളാ ഭാരതിയുടെ നന്ദി പ്രകാശനത്തോടെ ഈ സെമിനാർ സമാപിച്ചു. തുടർന്ന് 5 വേദികളിലായി മൈക്രോ ഫൈനാൻസ്, മൈക്രോ

*ശേഷം 37-ാം പേജിൽ*

# കുടുംബശ്രീയുടെ നേട്ടം കേരളചരിത്രത്തിലെ നാഴികക്കല്ല്

## ഉമ്മൻചാണ്ടി




കുടുംബശ്രീയുടെ നേട്ടം കേരളചരിത്രത്തിലെ നാഴികക്കല്ലാണെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. സ്ത്രീശാക്തീകരണത്തിന്റെ പര്യായമായി വളരാൻ കുടുംബശ്രീക്ക് സാധിച്ചത് സംസ്ഥാനത്തിന് അഭിമാനകരമാണ്. കുടുംബശ്രീ 16-ാം വാർഷിക പരിപാടിയുടെ ഉദ്ഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു മുഖ്യമന്ത്രി. കുടുംബശ്രീ ഏറ്റെടുത്ത പ്രധാന ദൗത്യം ആശ്രയ പദ്ധതിയാണ്. ആരും നോക്കാനില്ലാത്ത ആളുകളെ സംരക്ഷിക്കാനുള്ള പദ്ധതി ഏറ്റെടുക്കാനും മികച്ച രീതിയിൽ നടപ്പിലാക്കാനും കുടുംബശ്രീക്ക് കഴിഞ്ഞു. കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് മികച്ച വിപണിലഭിക്കാനും കുടുംബശ്രീയുടെ പുരോഗതിക്കും സർക്കാർ എല്ലാ സഹായങ്ങളും ചെയ്യുമെന്ന് മുഖ്യമന്ത്രി അറിയിച്ചു.

# അധികാര വികേന്ദ്രീകരണം എന്നാൽ എന്തെന്ന് ജനം അറിഞ്ഞത് കുടുംബശ്രീയിലൂടെ

## ഡോ. എം.കെ. മുനീർ




അധികാര വികേന്ദ്രീകരണം എന്നാൽ എന്തെന്ന് ജനം അറിഞ്ഞത് കുടുംബശ്രീയിലൂടെയാണെന്ന് സാമൂഹ്യനീതി മന്ത്രി ഡോ.എം.കെ. മുനീർ പറഞ്ഞു. കുടുംബശ്രീയുടെ 16-ാം വാർഷികാഘോഷങ്ങളുടെ ഉദ്ഘാടന ചടങ്ങിൽ സ്വാഗതപ്രസംഗം നടത്തുകയായിരുന്നു മന്ത്രി. കുടുംബശ്രീ പ്രവർത്തനങ്ങൾ സമ്പൂർണ്ണമായി ഡിജിറ്റലൈസ് ചെയ്യുക, കമ്മ്യൂണിറ്റി കോളജുകളും കോഴ്സുകളും ആരംഭിക്കുക, സ്ത്രീകൾക്ക് എതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി പൊലീസുമായി സഹകരിച്ച് പ്രവർത്തിക്കുക, കുടുംബശ്രീയെ ഒരു ബ്രാൻഡായി നവീകരിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് കുടുംബശ്രീയുടെ ഇനിയുള്ള പ്രവർത്തനങ്ങൾ. ദക്ഷിണാഫ്രിക്ക, എത്യോപ്യ എന്നീ രാജ്യങ്ങൾ കുടുംബശ്രീ മാതൃകയിൽ പ്രസ്ഥാനങ്ങൾ ആരംഭിക്കാൻ താൽപര്യപ്പെട്ട് മുന്നോട്ട് വന്നിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# സ്വാതന്ത്ര്യത്തിന്റെ സ്വർഗ്ഗത്തിലേക്ക്

ഡോ. എം.വി. തോമസ്

ബ്രിട്ടീഷ് ഭരണത്തിനെതിരെ ഇന്ത്യ നടത്തിയ സ്വാതന്ത്ര്യസമരം ലോക ചരിത്രത്തിലെ അത്യപൂർവ്വമായ ഒരു സംഭവമായിരുന്നു. സൈനിക ശക്തിയിൽ മുന്നിട്ടു നിന്ന സൂര്യൻ അസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരായി തികച്ചും നിരായുധമായ ഒരു സമരമാണ് ഇന്ത്യ നടത്തിയത്. സമാധാനം, അക്രമരാഹിത്യം, അഹിംസ, നിസ്സഹകരണം തുടങ്ങിയവയായിരുന്നു ആ സമരത്തിൽ ഇന്ത്യയുടെ ആയുധങ്ങൾ. ഈ പോരാട്ടത്തിൽ ഇന്ത്യയുടെ സർവസൈന്യാധിപൻ ഒരു രാഷ്ട്രീയക്കാരൻ എന്നതിലുപരി ഒരു പുണ്യവാൻ എന്ന് ലോകപ്രസിദ്ധി നേടിയ മഹാത്മാഗാന്ധി ആയിരുന്നു. ആർഷ ഭാരതത്തിന്റെ അതിമഹത്തായ പാരമ്പര്യങ്ങളെയാണ് അദ്ദേഹം പ്രതിനിധീകരിക്കുകയും ഉയർത്തിപ്പിടിക്കുകയും ചെയ്തത്. വിവിധ മതങ്ങളും ഭാഷകളും ഭൂപ്രകൃതിയും ആചാര്യമര്യാദകൊണ്ട് ശിഥിലീകൃതമായിരുന്ന ഭാരതീയ ജനസമൂഹത്തെ ഒരു ചരടിൽ കോർത്ത പൂക്കളെപ്പോലെ ഒരുമിപ്പിക്കുവാൻ ഗാന്ധിജി നേതൃത്വം നൽകിയ സ്വാതന്ത്ര്യസമരത്തിന് കഴിഞ്ഞു.



ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് ദിശാബോധം നൽകിയ ഇന്ത്യൻ നാഷണൽ കോൺഗ്രസ് 1885ൽ സ്ഥാപിതമായത് ഒരു രാഷ്ട്രീയ കക്ഷി എന്ന നിലയ്ക്കായിരുന്നില്ല. ബ്രിട്ടീഷ് ഐ.സി.എസ് ഉദ്യോഗസ്ഥനായിരുന്ന അലൻ ഒക്ടേവിയൻ ഹ്യൂം മുൻകൈ എടുത്ത് സ്ഥാപിച്ച ഈ സംഘടന ഇന്ത്യാക്കാരുടെ താൽപര്യങ്ങൾക്ക് അനുസൃതമായി ഭരണപരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നതിൽ മാത്രമാണ് ആദ്യകാലത്ത് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. ദാദാഭായി നവ്റോജി, സുരേന്ദ്രനാഥ ബാനർജി, ഫിറോസ് ഷാമേത്താ, എം.ജി.റാനഡേ, ഡബ്ല്യൂ.സി.ബാനർജി തുടങ്ങിയ നേതാക്കൾ ഇന്ത്യാക്കാരുടെ അവകാശങ്ങൾക്കു വേണ്ടി ശബ്ദമുയർത്തി. അതേ സമയം രാജാറാം മോഹൻ റോയ്, ദയാനന്ദ സരസ്വതി, ശ്രീരാമകൃഷ്ണ പരമഹംസൻ, സ്വാമി വിവേകാനന്ദൻ, ശ്രീനാരായണഗുരു സ്വാമി തുടങ്ങിയവർ ഹിന്ദുമത പരിഷ്കരണത്തിലും വഹാബി പ്രസ്ഥാനം, അലിഗാർ പ്രസ്ഥാനം എന്നിവ ഇസ്ലാംമത പരിഷ്കരണത്തിലും തദ്ദേശീയരും വിദേശീയരുമായ മിഷനറിമാർ ക്രിസ്തുമത പരിഷ്കരണത്തിലും വ്യാപൃതരായി. "സ്വരാജ്യം എന്റെ ജന്മാവകാശമാണ്" എന്ന് ഉദ്ഘോഷിച്ച ലോകമാന്യ ബാലഗംഗാധര തിലകന്റെ ആഗമനത്തോടെയാണ് കോൺഗ്രസ് ഒരു സമര സംഘടനയായി മാറിയത്. അരവിന്ദഘോഷ്, വിപിൻ ചന്ദ്രപാൽ, ലാലാ ലജ്പത്റായി തുടങ്ങിയവർ തിലകന്റെ തീവ്രവാദപരമായ ദേശീയവാദത്തെ അനുകൂലിച്ചു. എന്നാൽ ഗോപാല കൃഷ്ണ ഗോഖലെ, ആനിബസന്റ്, മോട്ടിലാൽ നെഹ്റു തുടങ്ങിയവർ മിതവാദപരമായ നിലപാടാണ് സ്വീകരിച്ചത്.

തിലകൻ 1920ൽ അന്തരിച്ചതോടെ കോൺഗ്രസിന്റെ പരമനായകസ്ഥാനം



ഗാന്ധിജിക്ക് ലഭിച്ചു. മിതവാദികളുടെ പാത പിന്തുടർന്ന ഗാന്ധിജി നിസ്സഹകരണം, നിയമനിഷേധം, സത്യാഗ്രഹം തുടങ്ങിയ സമരമുറകളാണ് സ്വീകരിച്ചത്. അതിപ്രഗല്ഭ നേതാക്കളായിരുന്ന ജവഹർലാൽ നെഹ്റു, രാജേന്ദ്രപ്രസാദ്, സർദാർ വല്ലഭായി പട്ടേൽ, രാജാഗോപാലാചാരി, സരോജിനി നായിഡു മുതലായവർ ഗാന്ധിജിക്ക് സർവാത്മനാ പിന്തുണ നൽകി. ഹിന്ദു-മുസ്ലീം ഐക്യം, അയിത്തോച്ചാടനം, ഗ്രാമ പുനർനിർമ്മാണം, സംശുദ്ധ രാഷ്ട്രീയം തുടങ്ങിയ കാര്യങ്ങൾക്ക് ഗാന്ധിജി ഊന്നൽ നൽകി. 1942-ൽ 'ബ്രിട്ടീഷുകാർ ഇന്ത്യ വിടുക' എന്ന് ആഹ്വാനം ചെയ്യുന്ന 'ക്വിറ്റ് ഇന്ത്യാ' സമരം ഗാന്ധിജി പ്രഖ്യാപിച്ചതോടെ ഇന്ത്യയിലാകെ ബ്രിട്ടീഷ് വിരുദ്ധ സമരം മൂർദ്ധന്യാവസ്ഥയിലെത്തി. രണ്ടാം ലോക മഹായുദ്ധത്തിൽ ഉണ്ടായ ആഘാതം കൂടിയായപ്പോൾ ഇന്ത്യ വിടാൻ ബ്രിട്ടൻ നിർബന്ധിതമായി. അങ്ങനെ 1947 ആഗസ്റ്റ് 15ന് ഇന്ത്യ മോചനം പ്രാപിച്ചു. അതേ കാലയളവിൽ ഏഷ്യയിലെയും ആഫ്രിക്കയിലെയും ഒട്ടേറെ കോളനി രാഷ്ട്രങ്ങൾ സ്വാതന്ത്ര്യം പ്രാപിച്ചു.

1947 ആഗസ്റ്റ് 14-ാം തീയതി അർദ്ധരാത്രിയിൽ ഇന്ത്യയ്ക്കും ഇന്ത്യയിൽ നിന്ന് വേർപെട്ട് പുതുതായി രൂപം കൊള്ളുന്ന പാകിസ്ഥാനും സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ടുള്ള ബ്രിട്ടീഷ് സർക്കാരിന്റെ പ്രഖ്യാപനമുണ്ടായി. അപ്പോൾ ഭരണഘടനാ നിർമ്മാണ സഭയിൽ ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്റു വികാര നിർഭരമായ ഭാഷയിൽ പറഞ്ഞു.

"ഈ അർദ്ധരാത്രിയിൽ ലോകം ഉറങ്ങിക്കിടക്കുമ്പോൾ ഇന്ത്യ പുതു ജീവിതത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും ഉണരുകയാണ്. ചരിത്രത്തിൽ അസുലഭമായി മാത്രം ഇത്തരം അവസരങ്ങൾ വരുന്നു. നാം പഴമയിൽ നിന്ന് പുതുമയിലേക്ക് കാലെടുത്തു വയ്ക്കുകയാണ്. ഒരു യുഗം ഇവിടെ അവസാനിക്കുന്നു. ദീർഘകാലമായി അടിച്ചമർത്തപ്പെട്ട ഒരു രാഷ്ട്രത്തിന് ഉച്ചാരണശക്തി ലഭിച്ചിരിക്കുന്നു. ഈ പാവന മുഹൂർത്തത്തിൽ നമ്മുടെ രാഷ്ട്രത്തെയും ജനങ്ങളെയും വിശാലമാനവരാശിയെയും സേവിക്കാൻ നമുക്ക് പുനരർപ്പണം ചെയ്യാം."

എന്നാൽ താൻ കെട്ടിപ്പടുത്ത മത സൗഹാർദ്ദാന്തരീക്ഷം തകർന്നതിലും ഇന്ത്യ മതത്തിന്റെ പേരിൽ രണ്ട് രാഷ്ട്രങ്ങളായി വെട്ടിമുറിക്കപ്പെട്ടതിലും മനംനൊന്ത മഹാത്മാ ഗാന്ധി അന്നത്തെ സ്വാതന്ത്ര്യദിനച്ചടങ്ങുകളിലോ ആഘോഷങ്ങളിലോ പങ്കെടുത്തില്ല. തന്റെ അനുഗ്രഹം നേടാൻ വന്ന ഒരു സംഘം രാഷ്ട്രീയ നേതാക്കൾക്ക് അദ്ദേഹം ഇങ്ങനെ മുന്നറിയിപ്പു നൽകി.

"അധികാരത്തെ സൂക്ഷിക്കുക. അധികാരം അഴിമതി വളർത്തുന്നു. അതിന്റെ ആഡംബരത്തിലും പകിട്ടിലും കുടുങ്ങാൻ സ്വയം അനുവദിക്കാതിരിക്കുക. നിങ്ങൾ അധികാരത്തിൽ ഏറിയിട്ടുള്ളത് ഇന്ത്യയിലെ ദരിദ്രമായ ഗ്രാമങ്ങളെ സ്നേഹിക്കാനാണെന്ന് എപ്പോഴും ഓർക്കുക." ഗാന്ധിജിയുടെ ഈ ഉപദേശം നമ്മുടെ രാഷ്ട്രീയ പ്രവർത്തകർക്കും അധികാരികൾക്കും കാലം ചെല്ലുംതോറും കൂടുതൽ കൂടുതൽ പ്രസക്തമായി വരികയാണ്.

നവജാതമായ സ്വാതന്ത്ര്യഭാരതത്തിന് അതീവ ഗുരുതരമായ ചില പ്രശ്നങ്ങൾ വിജയകരമായി കൈകാര്യം ചെയ്യാൻ കഴിഞ്ഞു. ഇന്ത്യാ- പാകിസ്ഥാൻ വിഭജനത്തെ തുടർന്നുണ്ടായ രക്ത രൂക്ഷിതമായ സംഘർഷങ്ങളെ കുറഞ്ഞ കാലം കൊണ്ട് ശമിപ്പിക്കാനും ലക്ഷക്കണക്കായി എത്തിയ അഭയാർത്ഥികളെ പുനരധിവസിപ്പിക്കാനും കഴിഞ്ഞത് വലിയൊരു നേട്ടമായിരുന്നു. ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്ന് മോചനം പ്രാപിച്ച അഞ്ഞൂറിലധികം നാട്ടുരാജ്യങ്ങളെ രക്തച്ചൊരിച്ചിൽ കൂടാതെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കാൻ കഴിഞ്ഞതാണ് എടുത്തു പറയാവുന്ന മറ്റൊരു നേട്ടം. ജനസംഖ്യ കൊണ്ട് ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമായിത്തീർന്ന ഇ ന്ത്യയ്ക്ക് മഹത്തായ ഒരു ഭരണഘടന രൂപപ്പെടുത്താൻ കഴിഞ്ഞത് ഏറ്റവും വലിയ നേട്ടമായി. വിവിധ ജനാധിപത്യ രാഷ്ട്രങ്ങളിലെ ഭരണഘടനകളിൽ നിന്ന് വിശിഷ്ടമായ ആശയങ്ങൾ ഉൾക്കൊണ്ടാണ് ഡോ.ബി.ആർ.അംബേദ്കർ അദ്ധ്യക്ഷനായ കമ്മിറ്റി ഇന്ത്യൻ ഭരണഘടനയുടെ കരട് തയ്യാറാക്കിയത്. മൗലികാവകാശങ്ങൾ, നിർദ്ദേശക തത്വങ്ങൾ, സ്വതന്ത്രമായ നീതിന്യായ വ്യവസ്ഥ, മതേതരത്വം, ഫെഡറൽ സ്വഭാവം, പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള സംവരണം, ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള പ്രത്യേക സംരക്ഷണങ്ങൾ

എന്നിവ ഇന്ത്യൻ ഭരണഘടനയുടെ മഹത്വം വിളിച്ചോതുന്നു. ഇന്ത്യയ്ക്കൊപ്പം സ്വാതന്ത്ര്യം പ്രാപിച്ച ഒട്ടുമിക്ക ആഫ്രോ-ഏഷ്യൻ രാജ്യങ്ങളും ഏകാധിപത്യത്തിലേക്കോ പട്ടാള ഭരണത്തിലേക്കോ വഴുതി വീണപ്പോൾ കണ്ണിലെ കൃഷ്ണമണി പോലെ ജനാധിപത്യഭരണക്രമത്തെ കാത്തുസൂക്ഷിക്കുവാൻ ഇന്ത്യയ്ക്കു കഴിഞ്ഞതിന്റെ ഒരു പ്രധാന പ്രേരകശക്തി ഇന്ത്യൻ ഭരണഘടനയാണ്.

സാമ്പത്തികാസൂത്രണം വിജയകരമായി നടപ്പാക്കിക്കൊണ്ട് നിരക്ഷരരും ദരിദ്രനാരായണന്മാരും ബഹുഭൂരിപക്ഷമായിരുന്ന ഇന്ത്യൻ ജനതയുടെ ജീവിത നിലവാരമുയർത്താനും രാഷ്ട്രപുനർനിർമ്മാണ പ്രക്രിയശക്തമാക്കാനും മാറിമാറിവന്ന സർക്കാരുകൾ ശ്രദ്ധ ചെലുത്തി. ദേശീയതലത്തിൽ പ്ലാനിംഗ് കമ്മീഷനും സംസ്ഥാനതലത്തിൽ പ്ലാനിംഗ് ബോർഡുകളും രൂപവത്കരിച്ച് പഞ്ചവത്സര പദ്ധതികൾ ഫലപ്രദമായി നടപ്പാക്കി. ഭക്ഷ്യോത്പാദനം, ക്ഷീരോത്പാദനം എന്നിവ ഗണ്യമായി വർദ്ധിച്ചു. ശാസ്ത്ര-സാങ്കേതിക വിദ്യകളുടെ സദ്ഫലങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കി. ബഹിരാകാശ ഗവേഷണം, വിദ്യാഭ്യാസം, ടെലികമ്യൂണിക്കേഷൻ വികസനം, സമ്പർക്ക മാധ്യമങ്ങളുടെ വ്യാപനം തുടങ്ങിയ മേഖലകളിൽ ഇന്ത്യ കൈവരിച്ച നേട്ടങ്ങൾ ആഗോളതലത്തിൽ പ്രശംസ പിടിച്ചുപറ്റി. ഉദാരവത്കരണം, ആഗോളവത്കരണം, സ്വകാര്യവത്കരണം തുടങ്ങിയ പരിപാടികളുടെ നല്ലവശങ്ങൾ ഉൾക്കൊണ്ട് സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്താൻ ഇന്ത്യ ശ്രമിച്ചു. സംഘടിതവും സർക്കാർ നിയന്ത്രിതവുമായ ബാങ്കിംഗ് സംവിധാനം രാഷ്ട്രപുരോഗതിക്ക് ഉതകി. കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി ലോക സമ്പദ് വ്യവസ്ഥയെ പിടിച്ചു കുലുക്കിയ സാമ്പത്തിക മാന്ദ്യം വൻകിട രാഷ്ട്രങ്ങളെപ്പോലും പ്രതിസന്ധിയിലാക്കിയപ്പോൾ അതിന്റെ ദുരന്തഫലങ്ങൾ ഗണ്യമായ തോതിൽ ഇന്ത്യയിൽ അനുഭവപ്പെടാതിരുന്നതിന്റെ ഒരു പ്രധാന കാരണം നമ്മുടെ ബാങ്കിംഗ് സംവിധാനമാണ്. ഇന്ത്യൻ സൈന്യത്തിന്റെ ദ്രുതഗതിയിലുള്ള വളർച്ചയും ശക്തി സമാഹരണവും ജനാധിപത്യബോധവും ഈ രാജ്യത്തിന്റെ യശസ്സുയർത്തി. 1962ലെ ചൈനീസ് ആക്രമണ കാലത്ത് പകച്ചുനിന്ന ഇന്ത്യൻസേനയ്ക്ക് 1965-ൽ കച്ച് അതിർത്തിയിലും 1971ൽ ബംഗ്ലാദേശ് വിമോചനത്തോടനുബന്ധിച്ച് കിഴക്കും പടിഞ്ഞാറും അതിർത്തികളിലും 1999ൽ കാർഗിൽ മേഖലയിലും പാകിസ്ഥാൻ നടത്തിയ കടന്നാക്രമണങ്ങളെ ഫലപ്രദമായി നേരിടാനും അഭിമാനകരമായ വിജയം കരസ്ഥമാക്കാനും കഴിഞ്ഞു. പഞ്ചായത്ത് രാജ് ഭരണസംവിധാനം നടപ്പാക്കാനും തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്കും പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്കും സംവരണം ഏർപ്പെടുത്താനും ഭരണഘടനാ ഭേദഗതിയിലൂടെ നടപ്പാക്കാനും സാധ്യമായത് ഇന്ത്യൻ ജനാധിപത്യത്തിന്റെ വളർച്ചയെ സൂചിപ്പിക്കുന്നു. ഉപഭോക്തൃ സംരക്ഷണ നിയമം, വിവരാവകാശ നിയമം, വിദ്യാഭ്യാസ അവകാശ നിയമം, ലോക്പാൽ നിയമം, തൊഴിലുറപ്പ് പദ്ധതി നിയമം, ഭക്ഷ്യ സുരക്ഷാനിയമം തുടങ്ങിയ നിയമ നിർമ്മാണങ്ങൾ ജനാധിപത്യഭാരതത്തിന് അഭിമാനിക്കാവുന്നവയാണ്. നിഷ്പക്ഷവും സ്വതന്ത്രവുമായ തിരഞ്ഞെടുപ്പുകളും സുഗമമായ അധികാര കൈമാറ്റങ്ങളും നമ്മുടെ ജനാധിപത്യ സംവിധാനത്തിന്റെ ശക്തി വിളിച്ചോതുന്നു.

ഇക്കഴിഞ്ഞ 67 വർഷത്തെ നമ്മുടെ സ്വാതന്ത്ര്യ സംരക്ഷണ നടപടികൾ പ്രശംസനീയമെങ്കിലും അനഭിലഷണീയമായ ചില പ്രവണതകളും സംഭവവികാസങ്ങളും ഈ കാലയളവിൽ നമ്മുടെ ജനാധിപത്യ പ്രക്രിയയിൽ കടന്നുകൂടുകയുണ്ടായി. കഴിഞ്ഞ കുറെക്കാലമായി പാർലമെന്റിന്റെ ഇരുസഭകളിലും സംസ്ഥാന നിയമസഭകളിലും നടക്കുന്ന കൈയാങ്കളികളും തടസ്സപ്പെടുത്തലുകളും ജനാധിപത്യ വിശ്വാസികളുടെ മനസ്സിൽ ഭീതി പരത്തുന്നവയായിരുന്നു. നിയമനിർവഹണ സഭകളിലെ നടപടിക്രമങ്ങൾ കൃത്യമായി നടത്തിക്കൊണ്ടുപോകാനാവാത്ത സാഹചര്യത്തിൽ ഒട്ടേറെ സുപ്രധാന നിയമങ്ങൾ ചർച്ചയൊന്നും കൂടാതെ ഔപചാരികമായ നിലയിൽ മാത്രം പാസ്സാക്കിയതായി പ്രഖ്യാപിക്കേണ്ട സ്ഥിതി വിശേഷം സംജാതമായിട്ടുണ്ട്. നിയമനിർമ്മാണ സഭയുടെയും എക്സിക്യൂട്ടീവിന്റെ ദൗർബല്യങ്ങളുടെ പശ്ചാത്തലത്തിലാണ് ജുഡീഷ്യറി അതിജാഗ്രതയോടെ എല്ലാ മേഖലകളിലും അധീശത്വം സ്ഥാപിച്ചത്. നാമമാത്രമായിട്ടാണെങ്കിൽ പോലും ജുഡീഷ്യറിയിലും അഴിമതിയും നിക്ഷിപ്ത താത്പര്യങ്ങളും കടന്നുകൂടിയതായി ആരോപണങ്ങൾ ഉയർന്നു വന്നു. ബഹുജനസമ്പർക്ക മാധ്യമങ്ങൾ പലപ്പോഴും വൻകിട വ്യവസായകുത്തകകളുടെയോ നിക്ഷിപ്തതാത്പര്യക്കാരുടെയോ അധീനതയിലായതോടെ അവയ്ക്ക് സാമൂഹിക പ്രതിബദ്ധത കൈമോശം വന്നതായി പരാതിയുണ്ട്. കൊല്ലും കൊലയും ലൈംഗികാതിക്രമങ്ങളും സംഘർഷങ്ങളുടെ വിവാദങ്ങളും ഒക്കെയായി ഇവയുടെ ഇഷ്ടപരിപാ ടികൾ. ജനാധിപത്യത്തിന്റെ നാലാം തൂണ് (Fourth Estate) കൂടി ഇങ്ങനെയായപ്പോൾ നമ്മുടെ ജനാധിപത്യ- ജനക്ഷേമമുഖത്തിന് കോട്ടം തട്ടി. ഭരണകൂടത്തെ നിയന്ത്രിക്കുന്നതിൽ കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കും ദുഷ്ടലാക്കുള്ള വിദേശശക്തികൾക്കും കള്ളപ്പണം - ക്രിമിനൽ മാഫിയാ സംഘങ്ങൾക്കുമുള്ള സ്വാധീനം വർദ്ധിച്ചുവരുന്നതായും ആക്ഷേപം ഉയർന്നിട്ടുണ്ട്.

നമ്മുടെ സ്വാതന്ത്ര്യ സംരക്ഷണത്തിന് അലംഭാവം വെടിഞ്ഞ് തെറ്റുകുറ്റങ്ങൾ തിരുത്തുവാൻ നാം സന്നദ്ധരാവണം അപ്പോൾ മാത്രമേ, മഹാകവി ടാഗോർ വിഭാവനം ചെയ്ത 'സ്വാതന്ത്ര്യത്തിന്റെ സ്വർഗ'ത്തിലേക്ക് (Heaven of freedom) പ്രവേശിക്കുവാൻ നമുക്ക് കഴിയുകയുള്ളു. സ്വാതന്ത്ര്യത്തിന്റെ 67-ാം വാർഷികം ആഘോഷിക്കുന്ന ഈ അവസരത്തിൽ 'ശക്തമായ കേന്ദ്രവും ശക്തമായ സംസ്ഥാനങ്ങളും' എന്ന ആദർശയോഗ്യമായ അവസ്ഥാവിശേഷങ്ങൾ സംജാതമായിട്ടുള്ളത് ശുഭ സൂചകമാണ്. പോരായ്മകൾ പരിഹരിച്ച് ഇന്ത്യയുടെ സ്വാതന്ത്ര്യക്കൊടി ഇനിയും മേൽക്കുമേൽ ഉയരത്തിൽ പാറിപ്പറപ്പിക്കുവാൻ ഭാരതീയരായ നമുക്ക് കഴിയുമെന്ന് പ്രത്യാശിക്കാം. ◆

*(ലേഖകൻ ഹൗസിംഗ് ബോർഡിലെ പി.ആർ.ഒ ആണ്)*

ലേഖന പരമ്പര – എട്ട്

ഡോ. ജെ.ബി. രാജൻ
അസിസ്റ്റന്റ് പ്രൊഫസർ, കില
&
ബിജു. എസ്.കെ.
അസിസ്റ്റന്റ് പ്രൊഫസർ,
ഗവ. കോളേജ്, കാഞ്ഞിരംകുളം

# ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. 9001 : 2008

## ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയ പഞ്ചായത്തുകളിലൂടെ

### 1. ആമുഖം

സേവന ഗുണമേന്മ ഉറപ്പുവരുത്തിക്കൊണ്ട് ഗ്രാമപഞ്ചായത്തുകൾ ഐ.എസ്.ഒ. 9001 : 2008 സർട്ടിഫിക്കേഷൻ നേടണമെന്ന കേരള സർക്കാരിന്റെ നയം സൂചിപ്പിച്ചുവല്ലൊ? അതിന്റെ ഭാഗമായി 'കില' ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. 9001 : 2008 എന്ന പരിശീലന പരിപാടിക്ക് രൂപം നൽകി. ആവശ്യാധിഷ്ഠിത (Demand Based) പരിശീലന പരിപാടിയിലൂടെ അപേക്ഷകരിൽ 314 ഗ്രാമപഞ്ചായത്തുകൾക്ക് ഇതിനോടകം 'കില' പരിശീലനം നൽകി. 2014 മാർച്ച് വരെ 10 ഗ്രാമപഞ്ചായത്തുകൾ ഐ.എസ്.ഒ. 9001 : 2008 സർട്ടിഫിക്കേഷൻ നേടുകയുണ്ടായി. പരിശീലനം ലഭിച്ച മറ്റു പഞ്ചായത്തുകളിൽ പ്രവർത്തനം പുരോഗമിച്ചുവരുന്നു. സമീപ ഭാവിയിൽ എല്ലാ പഞ്ചായത്തുകളും സർട്ടിഫിക്കേഷൻ നേടി സേവനപ്രദാനം മെച്ചപ്പെടുത്തുന്ന അവസ്ഥയിലേക്ക് എത്തുമെന്ന് പ്രതീക്ഷിക്കാം. ഔദ്യോഗിക കൃത്യനിർവ്വഹണത്തോടൊപ്പം ഗുണമേന്മാ വർദ്ധനവിനായി പല രാത്രികളേയും പകലാക്കി പരിശ്രമിച്ച ജനപ്രതിനിധികളുടേയും സെക്രട്ടറിമാരുടേയും ജീവനക്കാരുടേയും പ്രവർത്തനങ്ങളെ ശ്ലാഘിച്ചുകൊണ്ട് പ്രസ്തുത പഞ്ചായത്തുകളിലെ സവിശേഷതകൾ സംക്ഷിപ്തമായി ഈ പരമ്പരയിൽ പ്രതിപാദിക്കുന്നു.

### 2. വിവരശേഖരണം

2014 മാർച്ചോടുകൂടി ഐ.എസ്.ഒ. 9001 : 2008 നേടിയ 10 പഞ്ചായത്തുകളിൽ നിന്നാണ് വിവരശേഖരണം നടത്തിയത്. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ, അതിൽ ജനപ്രതിനിധികളുടേയും ജീവനക്കാരുടേയും പങ്കാളിത്തം, സവിശേഷ മാറ്റങ്ങൾ എന്നിവയാണ് ദ്രുതവിശകലനവിധേയമാക്കിയത്.

### 3. ശ്രദ്ധേയമായ മാറ്റങ്ങൾ

#### 3.1. ബഞ്ച്മാർക്കിംഗ്

വിശകലനവിധേയമായ 10 ഗ്രാമപഞ്ചായത്തുകളും ബഞ്ച്മാർക്കിംഗിന്റെ ഭാഗമായി ക്വാളിറ്റി മാന്വൽ മലയാളത്തിൽ തയ്യാറാക്കി. അതിൽ പകുതിയിലധികം ഗ്രാമപഞ്ചായത്തുകളും സേവന ഗുണമേന്മാ മാന്വലിൽ എല്ലാ സേവനങ്ങളും ഉൾപ്പെടുത്തിയത് അഭിനന്ദനം അർഹിക്കുന്നതാണ്. ഈ മാന്വൽ ഗ്രാമപഞ്ചായത്തിന്റെ കാഴ്ചപ്പാടിന്റേയും നയത്തിന്റേയും ഗുണമേന്മയുടെ ബഞ്ച്മാർക്കിന്റേയും വിവരണങ്ങൾ ഉൾക്കൊള്ളുന്ന ഒരു പ്രഖ്യാപനമാണ്. ഇതനുസരിച്ചാണോ സേവനപ്രദാനം എന്നും വിലയിരുത്തുവാൻ ജനപ്രതിനിധികൾക്കും ജീവനക്കാർക്കും ജനങ്ങൾക്കും ഇതിലൂടെ സാധിക്കും.

#### 3.2. ഗുണമേന്മാ ലക്ഷ്യങ്ങൾ

ഗുണമേന്മാ കാഴ്ചപ്പാടിന്റേയും ദൗത്യത്തിന്റേയും പ്രാവർത്തിക തലമാണ് ഗുണമേന്മാ ലക്ഷ്യങ്ങൾ. എട

**2014 മാർച്ചിനകം ഐ.എസ്.ഒ. 9001 : 2008 കരസ്ഥമാക്കിയ പഞ്ചായത്തുകൾ**

| ക്രമ നമ്പർ | പഞ്ചായത്തുകൾ | ജില്ല |
|---|---|---|
| 1. | മൊഗ്രാൽ-പുത്തൂർ | കാസർകോട് |
| 2. | നാദാപുരം | കോഴിക്കോട് |
| 3. | പള്ളിക്കൽ | മലപ്പുറം |
| 4. | എടവിലങ്ങ് | തൃശൂർ |
| 5. | പള്ളിപ്പുറം | എറണാകുളം |
| 6. | കരൂർ | കോട്ടയം |
| 7. | വെള്ളത്തൂവൽ | ഇടുക്കി |
| 8. | കട്ടപ്പന | ഇടുക്കി |
| 9. | മാരാരിക്കുളം തെക്ക് | ആലപ്പുഴ |
| 10. | മാണിക്കൽ | തിരുവനന്തപുരം |

അവലംബം : ദ്രുതവിശകലനം, 2014

വിലങ്ങ്, കരൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ പ്രസ്തുത ലക്ഷ്യങ്ങൾ വളരെ വ്യക്തമായി നിർവ്വചിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഈ ലക്ഷ്യസാക്ഷാത്ക്കാരത്തിലൂടെ ഗുണമേന്മാ വർദ്ധനവ് യാഥാർത്ഥ്യമാകും എന്നത് നിസ്തർക്കമാണ്.

### 3.3. ക്വാളിറ്റി സർക്കിൾ

ജീവനക്കാർക്കിടയിൽ സംഘബോധം വളർത്താനും കാര്യശേഷി വർദ്ധിപ്പിക്കാനും സാഹചര്യം ഒരുക്കാനുള്ള ഉപാധിയാണ് ക്വാളിറ്റി സർക്കിൾ രൂപീകരണവും, നിരന്തര മീറ്റിംഗുകളും പ്രവർത്തനങ്ങളും. വെള്ളത്തൂവൽ, കട്ടപ്പന, എടവിലങ്ങ്, നാദാപുരം എന്നീ ഗ്രാമപഞ്ചായത്തുകളുടെ മിനിട്സ് പ്രകാരം അവിടുത്തെ ക്വാളിറ്റി സർക്കിൾ വളരെ സജീവമാണെന്നു കാണാം. ഇത് പഞ്ചായത്തുകളിൽ ഗുണപരമായ പരിവർത്തനത്തിനു വഴിയൊരുക്കുമെന്നാണ് ജീവനക്കാരുടേയും സെക്രട്ടറിയുടേയും അഭിപ്രായം.

### 3.4. പൗര സർവ്വേ (ജനകേന്ദ്രീകൃതം)

പൗര സർവ്വേ നടത്തി, അതനുസരിച്ചുവേണം ഗുണമേന്മാ ലക്ഷ്യങ്ങളും സംവിധാനങ്ങളും സജ്ജീകരിക്കേണ്ടത്. മൊഗ്രാൽ-പുത്തൂർ, പള്ളിക്കൽ ഗ്രാമപഞ്ചായത്തുകൾ വളരെ വിപുലമായ ചോദ്യാവലി തയ്യാറാക്കിയാണ് സർവ്വേ നടത്തിയതും ജനങ്ങളുടെ ആവശ്യങ്ങൾ അറിയാൻ ശ്രമിച്ചതും എന്ന് ശ്രദ്ധേയമാണ്.

### 3.5. തുടർ പരിശീലനങ്ങൾ

ജീവനക്കാരുടേയും ജനപ്രതിനിധികളുടേയും അറിവും കഴിവും മനോഭാവവും ഐ.എസ്.ഒ. സർട്ടിഫിക്കേഷനുവേണ്ടിയും തുടർ പ്രവർത്തനങ്ങൾക്കുവേണ്ടിയും സജ്ജമാക്കുന്നതിനുവേണ്ടിയുള്ള പരിശീലനങ്ങൾ, വിശകലനവിധേയമാക്കിയ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടത്തിയിട്ടുണ്ട്. കൂടാതെ ജനപ്രതിനിധികളുടേയും ജീവനക്കാരുടേയും കാര്യപ്രാപ്തി വികസനത്തിനായി തുടർ പരിശീലനങ്ങൾ നടത്തുകയും ഒരു പഠന സംസ്ക്കാരം പഞ്ചായത്തുകളിൽതന്നെ വളർത്തിയെടുക്കുന്നത് ഗുണപരതാ വർദ്ധനവിന് ആവശ്യമാണ്. കട്ടപ്പന, മൊഗ്രാൽ-പുത്തൂർ, വെള്ളത്തൂവൽ, മാണിക്കൽ മുതലായ പഞ്ചായത്തുകൾ തുടർ പരിശീലനങ്ങൾ നടത്തിവരുന്നതായി കാണാം. പല പഞ്ചായത്തുകളിലും അവിടുത്തെ ജീവനക്കാർ തന്നെ പരിശീലകരായി എന്നത് അഭിമാനമർഹിക്കുന്ന പ്രവർത്തനമാണ്.

### 3.6. ഇന്റേണൽ ഓഡിറ്റ്

ഐ.എസ്.ഒ. സർട്ടിഫിക്കേഷനുവേണ്ടി നിർദ്ദേശിക്കുന്ന ഒരു ഗുണമേന്മ ഉറപ്പുവരുത്തൽ പരിശോധനയാണ് ജീവനക്കാർ തന്നെ നടത്തുന്ന ഇന്റേണൽ ഓഡിറ്റ്. ഇതിനുവേണ്ടിയുള്ള പദ്ധതിയും ഒപ്പം സമയക്രമവും വെള്ളത്തൂവൽ, കരൂർ പഞ്ചായത്തുകൾ വളരെ വ്യക്തമായി തയ്യാറാക്കിയിട്ടുണ്ട്.

### 3.7. പശ്ചാത്തല സൗകര്യങ്ങൾ

വിശകലന വിധേയമാക്കിയ 10 പഞ്ചായത്തുകളിലും പശ്ചാത്തല സൗകര്യങ്ങൾ ക്രമീകരിക്കുകയും, വൃത്തിയാക്കുകയും ചെയ്തു എന്നത് അഭിമാനാർഹമാണ്. ടോക്കൺ



പരപ്പനങ്ങാടി ഗ്രാമപഞ്ചായത്തിനുള്ള ISO സർട്ടിഫിക്കറ്റ് പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ പഞ്ചായത്ത് പ്രസിഡന്റിന് നൽകുന്നു. വിദ്യാഭ്യാസമന്ത്രി പി.കെ. അബ്ദുറബ്ബ് സമീപം

സിസ്റ്റം ഏർപ്പെടുത്തുകയും, ഉപയോഗം ഉറപ്പുവരുത്തുകയും ചെയ്തു. പൊതുജനങ്ങൾക്കായി ഇരിപ്പിടവും പ്രദർശന ബോർഡുകളും ഗുണപരമാക്കി. സൂചിക സോഫ്റ്റ് വെയർ ഫ്രണ്ട് ഓഫീസിനോടൊപ്പം പ്രധാന ഓഫീസുമായി ബന്ധപ്പെടുത്തി അപേക്ഷയിന്മേൽ ഫയൽ നടപടികൾ മോണിറ്ററിംഗിനുള്ള ക്രമീകരണവും നടത്തിയിട്ടുണ്ട്.

### 3.8. മനോഭാവത്തിൽ മാറ്റം

ജനപ്രതിനിധികളുടേയും ജീവനക്കാരുടേയും മനോഭാവത്തിൽ കാര്യമായ മാറ്റം വരുത്തുവാനും ജനങ്ങളും ജനപ്രതിനിധികളും ജീവനക്കാരും പരസ്പര പെരുമാറ്റത്തിൽ ഗുണപരമായ മാറ്റം ഉണ്ടായതായും ഓഫീസിന് അടുക്കും ചിട്ടയുമുണ്ടായതായും വിശകലവിധേയമാക്കിയ പഞ്ചായത്തുകളിലെ ജനപ്രതിനിധികളും ജീവനക്കാരും അഭിപ്രായപ്പെട്ടു.

### 3.9. റെക്കോർഡ് മാനേജ്മെന്റ്

വിശകലനവിധേയമാക്കിയ പഞ്ചായത്തുകളിൽ പ്രമാണങ്ങളും (Documents) രേഖകളും (Records) സൂക്ഷിക്കാൻ റെക്കോർഡ് റൂം സ്ഥാപിച്ചിട്ടുണ്ട്. മാണിക്കൽ, നാദാപുരം, എടവിലങ്ങ് ഗ്രാമപഞ്ചായത്തുകൾ റെക്കോർഡ് റൂം മെച്ചപ്പെട്ട രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. രണ്ട് റെക്കാർഡ് റൂം സജ്ജീകരിച്ച് മുൻ വർഷത്തേതും ഏറ്റവും കൂടുതൽ വേണ്ടിവരുന്നതുമായ രേഖകളും പ്രമാണങ്ങളും ഒരു സ്ഥലത്തും മറ്റുള്ളവ പ്രത്യേകമായും സജ്ജീകരിച്ചിട്ടുണ്ട്. ഓരോ ഓഫീസ് സെക്ഷനു വേണ്ടിയും പ്രത്യേകം സംവിധാനം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുണ്ട്.

സ്വന്തമായി സോഫ്റ്റ് വെയർ രൂപകല്പന ചെയ്ത് കമ്പ്യൂട്ടറൈസ്ഡ് ഫയലിംഗ് സംവിധാനം നടപ്പിലാക്കിയ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് മറ്റൊരു മാതൃകയാണ്. വിശകലന വിധേയമാക്കിയ 10 പഞ്ചായത്തുകളും ഏറ്റവും കുറഞ്ഞ സമയംകൊണ്ട് റെക്കോർഡ് കണ്ടെത്തുവാൻ കഴിയുന്ന രീതിയിലുള്ള സജ്ജീകരണം ചെയ്തിട്ടുണ്ട്.

### 3.10. ഫ്രണ്ട് ഓഫീസ്

വിശകലന വിധേയമാക്കിയ ഗ്രാമപഞ്ചായത്തുകൾ ഫ്രണ്ട് ഓഫീസ് വളരെ കാര്യക്ഷമമാക്കുന്നതിനും ജനങ്ങൾക്കും ജീവനക്കാർക്കും സൗകര്യമൊരുക്കുന്നതിനും കാലോചിതമായ മാറ്റം വരുത്താൻ ശ്രമിച്ചിട്ടുണ്ട്. ഇൻഫർമേഷൻ ബോർഡുകൾ പുതുക്കി സ്ഥാപിച്ചു. ടച്ച്സ്ക്രീൻ, കുടിവെള്ളം, ടി.വി. എന്നിവ ഫലപ്രദമായി ക്രമീകരിച്ചിട്ടുമുണ്ട്. മാരാരിക്കുളം തെക്ക്, കരൂർ ഗ്രാമപഞ്ചായത്തുകൾ അപേക്ഷയോടൊപ്പം ചെക്ക് ലിസ്റ്റും വിതരണം ചെയ്ത് കുറ്റമറ്റ രീതിയിൽ അപേക്ഷ സ്വീകരിക്കുകയും വേഗത്തിൽ തീർപ്പാക്കുന്നതിലൂടെ പൊതുജന സംതൃപ്തിയ്ക്കായി പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

### 3.11. മോണിറ്ററിംഗ് കൗണ്ടർ

തൊഴിൽ ദിനം നഷ്ടമാകാതെ അപേക്ഷ കൊടുക്കുന്നതിനും, വിവരങ്ങൽ അന്വേഷിക്കുന്നതിനും സേവനങ്ങൾ കൈപ്പറ്റുന്നതിനും സാധിക്കത്തക്ക രീതിയിൽ എല്ലാ ശനിയാഴ്ചകളിലും രാവിലെ 8 മണി മുതൽ 'മോണിംഗ് കൗണ്ടർ' എന്ന പേരിൽ ഫ്രണ്ട് ഓഫീസിനെ മാണിക്കൽ ഗ്രാമപഞ്ചായത്ത് സജ്ജീകരിച്ചിട്ടുണ്ട്. ഈ നൂതന പരിപാടി അവിടുത്ത ജനപ്രതിനിധികളുടേയും ജീവനക്കാരുടേയും ടീം വർക്കിന്റെ പ്രതീകമായി കാണാവുന്നതാണ്.

### 3.12. സഞ്ചരിക്കുന്ന പഞ്ചായത്ത്

മലപ്പുറം പള്ളിക്കൽ ഗ്രാമപഞ്ചായത്ത് എല്ലാ വാർഡുകളിലും വിവിധ സ്ഥലങ്ങളിൽ മാസത്തിലൊരിക്കലെങ്കിലും പഞ്ചായത്തിന്റെ വാഹനവും ഉദ്യോഗസ്ഥരും എത്തും. അപേക്ഷ സ്വീകരിക്കൽ, സേവനപ്രദാനം, അന്വേഷണങ്ങൾ, നികുതിയടക്കൽ എന്നിവയ്ക്കായി സഞ്ചരിക്കുന്ന പഞ്ചായത്ത് ഓഫീസ് എന്ന പേരിൽ ഗുണമേന്മാ വർദ്ധനവിന്റെ ഭാഗമായി സൗകര്യമൊരുക്കിയിട്ടുണ്ട്.

### 3.13. സുതാര്യത

സുതാര്യതയുടേയും പൊതുജനത്തോടുള്ള കടപ്പാടിന്റേയും ഭാഗമായി ഭരണസമിതി മീറ്റിംഗ് ക്ലോസ് സർക്യൂട്ട് ടി.വി.യിലൂടെ തത്സമയം പൊതുജനങ്ങൾക്ക് കാണുവാനും, സേവന പുരോഗതി മനസ്സിലാക്കുവാനും 'ടച്ച്സ്ക്രീൻ' സംവിധാനവും കാസർകോട് ജില്ലയിലെ മൊഗ്രാൽ-പുത്തൂർ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്.

### 3.14. ഗവേർണൻസ്

വിശകലന വിധേയമാക്കിയ 10 ഗ്രാമപഞ്ചായത്തുകളും ആവശ്യമായ കമ്പ്യൂട്ടർ സജ്ജീകരിച്ചിട്ടുണ്ട്. സൂചിക സോഫ്റ്റ് വെയർ, ഫ്രണ്ട് ഓഫീസിലും പ്രധാന ഓഫീസിലും വിന്യസിച്ച് തുടർ മോണിറ്ററിംഗിന് സജ്ജമാക്കുകയും, എല്ലാ സോഫ്റ്റ് വെയറുകളും പ്രാവർത്തികമാക്കിയിട്ടുമുണ്ട്. തുടർ പുരോഗതിക്കുള്ള പ്രവർത്തനത്തിലുമാണ് ഈ പഞ്ചായത്തുകൾ..

### 3.3. 5 'S' നടപ്പിലാക്കൽ

വിശകലന വിധേയമാക്കിയ പഞ്ചായത്തുകളിൽ തരം തിരിക്കലും, അടുക്കിവയ്ക്കലും, വൃത്തിയാക്കലും, ചിട്ടവരുത്തലും, തുടർ നിലനില്പിനുള്ള കാര്യങ്ങൾ സജ്ജീകരിക്കലും ചെയ്തുകൊണ്ട് ഓഫീസും റെക്കോർഡ് റൂമും ആകർഷണീയവും ഉപയുക്തവും ഫലപ്രദവും ആക്കിയെന്നത് ശ്രദ്ധേയമാണ്.

## 4. ഉപസംഹാരം

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. 9001 : 2008 സർട്ടിഫിക്കേഷനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ പൊതുവിൽ ഒരു മാറ്റം പഞ്ചായത്തിൽ കൊണ്ടുവന്നതായി ജനപ്രതിനിധികളും ജീവനക്കാരും സമ്മതിക്കുന്നു. വൃത്തിയും വെടിപ്പുമുള്ള ഓഫീസും പരിസരവും, ഉപയോഗവും ഫലപ്രാപ്തിയും മനസ്സിലാക്കി ക്രമീകരണങ്ങൾ വരുത്തുവാനും ബോർഡുകൾ സ്ഥാപിക്കാനുമുള്ള സന്നദ്ധത, ഏർപ്പെടുത്തിയിട്ടുള്ള സജ്ജീകരണങ്ങളെ തുടർ വിലയിരുത്തലിനു വിധേയമാക്കി മാറ്റം വരുത്തൽ, തുടർ പരിശീലനങ്ങളിലൂടെ കാര്യപ്രാപ്തി വികസനം, ജനങ്ങൾക്കുവേണ്ടി ജനഹിതം അറിഞ്ഞു പ്രവർത്തിക്കാനുള്ള വിലയിരുത്തൽ ഫോറം വിതരണം ചെയ്ത് വിവരശേഖരണം, സഞ്ചരിക്കുന്ന പഞ്ചായത്ത്, മോണിറ്ററിംഗ് കൗണ്ടർ എന്നിവയൊക്കെ മാറ്റത്തിന്റെ സൂചനകൾ തന്നെയാണ്. ◆

*അടുത്ത ലക്കത്തിൽ - ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് സാക്ഷാത്ക്കാരം - ഇനിയും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ*



ജൈവവൈവിധ്യം എന്നാൽ ജീവന്റെ വൈവിധ്യമാണ്. ഭൂമിയിലെ മുഴുവൻ ജീവസഞ്ചയത്തിന്റെയും വൈവിധ്യത്തെയാണ് ജൈവവൈവിധ്യമെന്ന് (Biodiversity) പറയുന്നത്. ജൈവവൈവിധ്യത്തെ ജീവജാതി വൈവിധ്യം (Species diversity), ജനിതക വൈവിധ്യം (Genetic diversity), ആവാസ വ്യവസ്ഥാ വൈവിധ്യം (Ecosystem diversity) എന്നിങ്ങനെ മൂന്നായി തരം തിരിക്കാം.

**ജീവജാതി വൈവിധ്യം (Species diversity)**


സൂക്ഷ്മ ജീവികൾ മുതൽ പരിണാമ ശൃംഖലയിൽ ഇന്ന് അറിയപ്പെടുന്ന ഏറ്റവും വലിയ ജീവിയായ നീലതിമിംഗലം വരെ ഉൾപ്പെടുന്ന ഏതാണ്ട് 17 ലക്ഷം ജീവജാതികളെ ഇതിനോടകം തിരിച്ചറിഞ്ഞിട്ടുണ്ട്. വർഷംതോറും 15000 പുതിയ ജീവജാതികളെ ജീവശാസ്ത്രജ്ഞന്മാർ കണ്ടെത്തിക്കൊണ്ടിരിക്കുന്നു.

**ജനിതക വൈവിധ്യം (Genetic diversity)**

ഓരോ ജൈവജാതിയുടെയും കോശങ്ങളി

രഘുരാമൻ ഭാഗം 1

# ജൈവവൈവിധ്യം



ലെ ക്രോമോസോമുകളിലും അതിലുൾപ്പെടുന്ന ജീനുകളിലും കാണുന്ന വൈവിധ്യമാണ് ജനിതകവൈവിധ്യം. പലതരത്തിലുള്ള നെൽവിത്തിനങ്ങൾ, മാങ്ങായിനങ്ങൾ, കുരുമുളക് ഇനങ്ങൾ തുടങ്ങിയ ജനിതക വൈവിധ്യത്തിന്റെ ഉദാഹരണങ്ങളാണ്. ഒരു ജീവി വർഗ്ഗത്തെ അതിന്റെ ദീർഘകാല നിലനിൽപ്പിന് സഹായിക്കുന്നത് ജനിതകവൈവിധ്യമാണ്. ജനിതകവൈധ്യത്തിന്റെ ശോഷണം ജൈവ വൈവിധ്യത്തിന്റെ നാശത്തിലേക്ക് നയിക്കും.

**ആവാസ വ്യവസ്ഥാവൈവിധ്യം (Ecosystem diversity)**

ആവാസ വ്യവസ്ഥ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് പരസ്പരം ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സസ്യങ്ങളും ജന്തുക്കളും സൂക്ഷ്മജീവികളും ഉൾപ്പെട്ട ഒരു ഊർജ്ജ ശൃംഖല എന്നതാണ്. വനങ്ങൾ, പുൽമേടുകൾ, മരുഭൂമികൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ശുദ്ധജലാശയങ്ങൾ, കടൽ തുടങ്ങിയവ ആവാസ വ്യവസ്ഥകൾക്ക് ഉദാഹരണങ്ങളാണ്. ആവാസ വ്യവസ്ഥകളുടെ ശോഷണം പ്രാദേശിക തലത്തിൽ കൂടാതെ ആഗോളതലത്തിൽ തന്നെ കാലാവസ്ഥാ വ്യതിയാനത്തിനും കാർഷിക തകർച്ചയ്ക്കും പവിഴപ്പുറ്റുകളുടെ നശീകരണത്തിനും ഇടയാക്കിയിട്ടുണ്ട്.

ജൈവവൈവിധ്യത്തിന്റെ പ്രാധാന്യം

ജീവന്റെ നിലനിൽപ്പിനും പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയ്ക്കും ജൈവവൈവിധ്യം നിർണ്ണായക പങ്ക് വഹിക്കുന്നു.

ഭക്ഷണത്തിന്റെയും ഊർജ്ജത്തിന്റെയും പ്രാഥമിക ഉൽപ്പാദകർ എന്ന നിലയിൽ സസ്യങ്ങൾ മറ്റ് ജീവജാലങ്ങൾക്കാവശ്യമായ ആഹാരം ഒരുക്കുന്നു. ഈ പ്രക്രിയയിൽ അന്തരീക്ഷത്തിലുള്ള കാർബൺഡയോക്സൈഡ് വലിച്ചെടുത്ത് ഓക്സിജൻ പുറത്ത് വിട്ട് അന്തരീക്ഷവായു കൂടി ശുദ്ധീകരിക്കപ്പെടുന്നു.

ഉപരിതല നീരൊഴുക്ക് തടഞ്ഞു നിർത്തുക വഴി മരങ്ങളും സസ്യങ്ങളും മണ്ണൊലിപ്പ് നിയന്ത്രിക്കുകയും മണ്ണിന്റെ പോഷക സമ്പുഷ്ടി കാത്ത് സൂക്ഷിക്കുകയും ചെയ്യുന്നു. ജലം മണ്ണിലേക്ക് ഊർന്നിറങ്ങുന്നത് വഴി മണ്ണിന്റെ ഈർപ്പം നിലനിർത്തുകയും ഭൂജല പരിപോഷണം എന്ന പ്രധാനമായ ദൗത്യം നിർവ്വഹിക്കപ്പെടുകയും ചെയ്യുന്നു.

ഹരിതഗൃഹ വാതകമായ കാർബൺഡയോക്സൈഡിന്റെ സംഭരണികൾ എന്ന നിലയിൽ കാടുകൾ അന്തരീക്ഷതാപം നിയന്ത്രിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നു. ജലശൃംഖല നിലനിർത്തി ജല ലഭ്യത ഉറപ്പാക്കുന്ന മഴക്കാടുകൾ ഭൂമിയിൽ ജീവന്റെ നിലനിൽപ്പിനു തന്നെ നിദാനമാകുന്നു. പ്രളയം, വരൾച്ച തുടങ്ങിയ പ്രകൃതി



ദുരന്തങ്ങൾക്കെതിരെ ഒരു രക്ഷാകവചമായി കാടുകൾ നിലകൊള്ളുന്നു.

വിവിധ ജീവവർഗ്ഗങ്ങൾ സഹവർത്തിച്ച് പരാഗണം, വിത്ത് വിതരണം മുതലായവയും, ജീവികളും സൂക്ഷ്മജീവികളും ഉൾപ്പെട്ട് നടത്തുന്ന പോഷക ചംക്രമണം, മണ്ണിന്റെ രൂപപ്പെടൽ മുതലായ പ്രവർത്തനങ്ങളും ജൈവ വൈവിധ്യം കൊണ്ട് മാത്രം സാധ്യമാകുന്നവയാണ്.

ഉത്പാദന ക്ഷമതയും രോഗ പ്രതിരോധ ശേഷിയുള്ള പുതിയ കൃഷി വിളകളേയും കന്നുകാലി ജനുസ്സുകളെയും സൃഷ്ടിക്കുവാൻ ജീവ ജനിതക വൈവിധ്യം എന്നിവ സഹായകരമാകുന്നു. മാത്രമല്ല, ജൈവ സാങ്കേതിക രംഗത്തിന്റെയും (Bio technology) ആരോഗ്യ രംഗത്തിന്റേയും വളർച്ചയ്ക്ക് സഹായകരമായ രീതിയിലുള്ള സംഭാവനകൾ നൽകുവാനും ജൈവ വൈവിധ്യത്തിന് സാധ്യമാകുന്നു. ഉദാഹരണത്തിന് ചില ഏഷ്യൻ രാജ്യങ്ങളിൽ നെൽകൃഷിയെ ബാധിച്ച് പടർന്ന് പിടിച്ച തവിട്ട് പുൽച്ചാടി (Brown Plant Hopper) എന്ന കീടത്തെ പ്രതിരോധിക്കുവാൻ ശേഷിയുള്ള ജീനുകളെ സംഭാവന ചെയ്തത് ഇന്ത്യയിൽ നിന്നു കണ്ടെത്തിയ Oryza nivara എന്ന വന്യ ഇനം നെൽച്ചിടെയാണ്.

ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിൽ ജൈവ വൈവിധ്യം സുപ്രധാന പങ്ക് വഹിക്കുന്നു. ലോക ഭക്ഷ്യോൽപാദനത്തിന്റെ വലിയൊരു പങ്കും വളരെ ചുരുങ്ങിയ എണ്ണം സസ്യ- ജന്തു വിഭാഗങ്ങളെ ആശ്രയിച്ചാണ്. ഇവയുടെ സംരക്ഷണം മനുഷ്യരാശിയുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്.

### ജൈവ വൈവിധ്യവും നാട്ടറിവുകളും

ജൈവ വൈവിധ്യവുമായി ബന്ധപ്പെട്ട് തദ്ദേശീയ ജനങ്ങൾക്കുള്ള അറിവ് അമൂല്യമാണ്. കൃഷി മെച്ചപ്പെടുന്നവയും അല്ലാത്തവയുമായ സസ്യവൈവിധ്യത്തെക്കുറിച്ച് ഗ്രാമീണർക്ക് വിശേഷിച്ച് ആദിവാസി ജനങ്ങൾക്കുള്ള അറിവ് നിസ്സീമമാണ്. ഇത്തരം അറിവുകൾ വിവിധ ജീവ ജാതികളുടെ സംരക്ഷണത്തിനും അവയുടെ സാമ്പത്തിക വ്യവഹാരത്തിനും മുതൽക്കൂട്ടാവും. സാമ്പത്തിക-ഭക്ഷ്യ സുരക്ഷാ പ്രാധാന്യമുള്ള നിരവധി വിളകളുടെ പ്രഭവ കേന്ദ്രമാണ് ഇന്ത്യ. നെല്ല്, കരിമ്പ്, മുത്താറി തുടങ്ങിയ ധാന്യങ്ങൾ, പയറുവർഗ്ഗ വിളകൾ, വാഴ, മാങ്ങ, നാരങ്ങ, ചേന, ചേമ്പ്, കുരുമുളക് മുതലായവയെല്ലാം തന്നെ ഇന്ത്യയിൽ നിന്നാണ് ഉരുത്തിരിഞ്ഞിട്ടുള്ളത്. ഇവയെല്ലാം അവയുടെ വന്യ ബന്ധുക്കളിൽ നിന്നും തികച്ചും കാർഷിക യോഗ്യമാക്കിയെടുത്തത് ഇവിടത്തെ പ്രാദേശിക- ആദിവാസി ജനതയും.

അത് പോലെ, പ്രകൃതി ദുരന്തങ്ങളെയും കാലാവസ്ഥാ വ്യതിയാനത്തെയും അതിജീവിക്കാൻ കഴിവുള്ള നിരവധി ജൈവജാതികൾ ലോകത്തെമ്പാടുമുള്ള പ്രാദേശിക ജന വിഭാഗങ്ങൾ സംരക്ഷിച്ചു വരുന്നുണ്ട്. ഉദാഹരണത്തിന് കേരളത്തിൽ, ഉപ്പുവെള്ളത്തെ അതിജീവിക്കുന്ന പൊക്കാളി, ഒർക്കഴമ, വരൾച്ചയെ അതിജീവിക്കുന്ന കല്ലടിയാര്യൻ, വെള്ളപ്പൊക്കത്തിൽ വളരാൻ ശേഷിയുള്ള വെളിയൻ, കുട്ടാടൻ മുതലായ ചില നെൽവിത്തിനങ്ങൾ ഇത്തരത്തിൽ സംരക്ഷിക്കപ്പെട്ടു വരുന്നവയാണ്. എന്നാൽ പ്രാദേശിക ജനത ഇത്തരത്തിൽ സംരക്ഷിച്ച് ഉപയോഗപ്പെടുത്തി വരുന്ന നിരവധി ഇനങ്ങൾ വേണ്ട രീതിയിൽ പഠന വിധേയമായിട്ടില്ല. അതേ സമയം അവയുടെ പ്രാധാന്യം തിരിച്ചറിയപ്പെടാതെ ഇത്തരം ഇനങ്ങൾ നശിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതിന് വിരാമം ആകണമെങ്കിൽ നമ്മുടെ ജൈവ സമ്പത്തിനെക്കുറിച്ച് ശാസ്ത്രീയമായി പഠിക്കുകയും അവയുടെ അളവും വിന്യാസവും ബന്ധപ്പെട്ട അറിവുകളും ക്രോഡീകരിക്കുകയും അതിന്റെ പ്രാധാന്യം പുതിയ തലമുറയെ ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. ◆

*ലേഖകൻ ഗുരുവായൂർ മുനിസിപ്പൽ സെക്രട്ടറിയാണ്.*



# തൃശ്ശൂർ ജില്ല മുൻ പഞ്ചായത്ത് മെമ്പർമാരുടെ സംഗമം



തൃശ്ശൂർ ജില്ലയിലെ മുൻ ത്രിതല പഞ്ചായത്ത് മെമ്പർമാരുടെ സംഗമം മുൻ നിയമസഭാ സ്പീക്കറും എം.എൽ.എയുമായ തേറമ്പിൽ രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ വി.എസ്. സുനിൽകുമാർ എം.എൽ.എ, ആൾ കേരള ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് കെ.വി.അബ്ദുറഹിമാൻ, ജില്ലാ പ്രസിഡന്റ് കരീം പന്തിത്തടം, എ.വി.വല്ലപ്പൻ, പി.എസ്.സി മെമ്പർ, പട്ടികജാതി വികസന കോർപ്പറേഷൻ എം.ഡി. ടി.ആർ.രാജു, സി.വി.കുര്യാക്കോസ്, കെ.സി.സുബ്രഹ്മണ്യം എന്നിവർ സംബന്ധിച്ചു.

# മലിനജല ശുചീകരണ പ്ലാന്റ് മംഗൽപാടിയിലെ ജന പങ്കാളിത്തം മഹത്തരം

കേരളത്തിലെ സപ്തഭാഷാ സംഗമം ഭൂമിയായ മംഗൽപാടിയിൽ ജനപങ്കാളിത്വത്തിൽ ഉദാത്ത മാതൃക സൃഷ്ടിച്ച് ഏതാനും സുമനസ്സുകൾ രംഗത്തു വന്നപ്പോൾ പഞ്ചായത്തിന്റെ സ്വപ്ന പദ്ധതികളിൽ ഒന്നായ മലിനജല ശുചീകരണ പ്ലാന്റ് സാക്ഷാൽക്കരിക്കാൻ പോകുന്നു. ഉപ്പള മത്സ്യ മാർക്കറ്റിനു സമീപം 30 സെന്റ് ഭൂമി മോഹവില കൊടുത്താണ് ഉപ്പളയിലെ കനിവിന്റെ നീരുറവ വറ്റാത്ത ഉദാരമതികൾ മലിനജല ശുചീകരണ പ്ലാന്റിനു വഴി ഒരുക്കിയത്. പ്ലാന്റ് പ്രാവർത്തികമാകുന്നതോടെ ഫ്ളാറ്റുകളും കെട്ടിട സമുച്ചയങ്ങളും നിറഞ്ഞു നിൽക്കുന്ന ഉപ്പളയിൽ മലിനജലം വിലക്കു ചോദിച്ചാൽ പോലും കിട്ടാത്ത അവസ്ഥ വരികയാണ്. തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിൽ നിർമ്മിച്ച മാതൃകയിൽ ഒന്നരക്കോടി രൂപ ചെലവഴിച്ചാണ് ഇവിടെ പ്ലാന്റ് നിർമ്മിക്കുന്നത്. ഉയർന്ന പ്രദേശങ്ങളിൽ നിന്ന് പൈപ്പു വഴിയും ദൂര സ്ഥലങ്ങളിൽ നിന്ന് ടാങ്കർ വഴിയും പ്ലാന്റിൽ മലിനജലം എത്തിക്കും. അവിടെ വച്ച് സംസ്കരിച്ച വെള്ളം കൃഷിക്കാർക്ക് നൽകും. ശുചീകരണ പ്ലാന്റിൽ അവശേഷിക്കുന്ന 'സ്ലറി' വളമാക്കി മാറ്റാനും പരിപാടിയുണ്ട്. ഇതോടെ നിലവിൽ ഖരമാലിന്യ പ്ലാന്റും പ്ലാസ്റ്റിക് ത്രഡിംഗ് യൂണിറ്റും ഉള്ള മംഗൽപാടി അക്ഷരാർത്ഥത്തിൽ മാലിന്യമുക്ത പഞ്ചായത്തായി മാറുന്നതാണ്.

ജനപ്രതിനിധികളും സർവ്വകക്ഷിനേതാക്കളും വിശിഷ്ട വ്യക്തിത്വങ്ങളും സമ്മേളിച്ച സദസ്സിൽ വച്ച് സ്ഥലം വിലക്കെടുക്കുന്നതിനു രൂപീകരിച്ച ഗുണഭോക്തൃ സമിതി ചെയർമാൻ ഡോ.മുഹമ്മദ് പാവൂർ പഞ്ചായത്ത് പ്രസിഡന്റ് ആയിഷത്ത് താഹിറക്ക് സ്ഥലത്തിന്റെ രേഖകൾ കൈമാറി.

# മുഖത്തല ബ്ലോക്ക് പഞ്ചായത്ത് ഭവന നിർമ്മണ പദ്ധതിയ്ക്ക് തുടക്കമായി

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനവിഭാഗങ്ങൾക്ക് സൗജന്യമായി വീട് നിർമ്മിച്ച് നൽകുന്നതിനുള്ള കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതിയായ ഇന്ദിരാ ആവാസ് യോജനയുടെ 2014-15 വർഷത്തെ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ മുഖത്തല ബ്ലോക്ക് പഞ്ചായത്തുമായി കരാർ ഉടമ്പടി വച്ച് കൊണ്ടാണ് പദ്ധതിയ്ക്ക് തുടക്കം കുറിച്ചത്. ഒരു ഗുണഭോക്താവിന് പരമാവധി രണ്ട് ലക്ഷം രൂപയാണ് ധനസഹായമായി നൽകുന്നത്. വീടിനോടനുബന്ധിച്ച് കക്കൂസ്, പുകയില്ലാത്ത അടുപ്പ്, വൈദ്യുതീകരണം എന്നീ അടിസ്ഥാന സൗകര്യങ്ങൾ കൂടി നൽകുന്നുണ്ട്. ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ ആർ.എസ്.ബി.വൈ പദ്ധതിയിൽ ഇൻഷ്വർ ചെയ്യുന്നുണ്ട്. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടിന്റെ അടിസ്ഥാനം കെട്ടുന്നതിനുള്ള സൗകര്യം കൂടി ഏർപ്പെടുത്തുന്നുണ്ട്. വിവിധ പദ്ധതികൾ സംയോജിപ്പിച്ച് കൊണ്ട് ഐ.എ.വൈ പദ്ധതി ഒരു സമഗ്ര ഭവന നിർമ്മാണ പദ്ധതിയായി ഈ വർഷം മുതൽ നടപ്പിലാക്കുകയാണ്. ജില്ലാ കളക്ടർ പ്രണബ് ജ്യോതിനാഥ് ഐ.എ.എസിന്റെ സാന്നിദ്ധ്യത്തിൽ മൂന്ന് ഗുണഭോക്താക്കളും ബ്ലോക്ക് പഞ്ചായത്തിന് വേണ്ടി സെക്രട്ടറി എം.എസ് അനിൽകുമാറും കരാറിൽ ഒപ്പിട്ടു. പ്രസ്തുത ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജി. ഓമന അദ്ധ്യക്ഷത വഹിച്ചു. ഇന്ദിരാ ആവാസ് യോജന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളെ സംബന്ധിച്ചും ഗുണഭോക്താക്കൾ അറിഞ്ഞിരിക്കേണ്ട നിബന്ധനകളെ സംബന്ധിച്ചും പ്രോജക്ട് ഡയറക്ടർ ഡി.ജോൺസൺ ക്ലാസ് എടുത്തു. തുടർന്ന് ഈ വർഷം തെരഞ്ഞെടുക്കപ്പെട്ട 341 ഗുണഭോക്താക്കളിൽ 160 പേർ കരാർ ഉടമ്പടി വച്ചു. ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് ജനപ്രതിനിധികളും, ഉദ്യോഗസ്ഥരും, ഗുണഭോക്താക്കളും പങ്കെടുത്തു.



# സമഗ്ര ഇളനീർ തൈ വിതരണ പദ്ധതി അഴീക്കോട് - കണ്ണൂർ ജില്ല

കണ്ണൂർ ജില്ലയിൽ അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തിലെ മുഴുവൻ ഒന്നാം ക്ലാസ് കുട്ടികൾക്കും ഇളനീർ തൈ വിതരണം ചെയ്തു.

സമഗ്ര ഇളനീർ തൈ വിതരണ പദ്ധതിയുടെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.പവിത്രന്റെ അദ്ധ്യക്ഷതയിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ പി.റോസ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ പഞ്ചായത്ത് സെക്രട്ടറി പി. ഉഷ സ്വാഗതം പറഞ്ഞു. പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി.എം.സുധാകരൻ റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് മെമ്പർ കെ.എം.സപ്ന, പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ.രാമചന്ദ്രൻ, കുടുവൻ പത്മനാഭൻ, എം.എൻ.രവീന്ദ്രൻ, സി.വി.സുധീർബാബു, സി.വി.ജിദേഷ്, എം.വിലതിക, എം. രാജീവൻ എന്നിവർ ആശംസ അർപ്പിച്ചു. കെ.ദിവ്യ നന്ദി പറഞ്ഞു.



ഉദയഭാനു കണ്ടേത്ത്

# പഞ്ചായത്ത് അക്കൗണ്ട് സംശയങ്ങളും മറുപടികളും

അക്രൂവൽ അടിസ്ഥാനമാക്കിയ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം നിലവിൽ വന്നതു മുതൽ ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തി വരുന്നുണ്ട്. ഇത് അപ്രതീക്ഷിതമായ ഒരു പ്രശ്നം സൃഷ്ടിക്കുന്നു. ഡിപ്രീസിയേഷൻ ചെലവായി കാണിക്കുന്നതിനാൽ ഇൻകംആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഓരോ വർഷവും കമ്മി കാണിക്കുന്നു. ഈ കമ്മി വർദ്ധിച്ചുകൊണ്ടേ ഇരിക്കുന്നു. ഡിപ്രീസിയേഷൻ ഒഴിവാക്കിയാൽ പല പഞ്ചായത്തുകളുടേയും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് മിച്ചം കാണിക്കും. ഡിപ്രീസിയേഷൻ ഉൾപ്പെടുത്തിയാൽ കമ്മിയും. യഥാർത്ഥത്തിൽ നടക്കാത്ത ചെലവല്ലേ ഡിപ്രീസിയേഷൻ? ഈ "ഡിപ്രീസിയേഷൻ" പഞ്ചായത്ത് അക്കൗണ്ടിൽ നിന്ന് ഒഴിവാക്കിക്കൂടേ?

അക്കൗണ്ടൻസിയിൽ, ഡിപ്രീസിയേഷൻ എന്ന പദം ഒരേ ആശയത്തിന്റെ രണ്ടു മുഖങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നത്.

1. ആസ്തിക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യശോഷണം.
2. ആസ്തി ആർജ്ജിക്കാൻ ചെലവായ തുകയെ ആസ്തിയുടെ ജീവിത കാലത്തിന്റെ ഓരോ വർഷത്തേയും ചെലവായി വിഭജിച്ചു നൽകൽ.

ഇതിൽ ആദ്യത്തേത് സ്ഥാപനത്തിന്റെ ബാലൻസ് ഷീറ്റിനെ ബാധിക്കുന്നു. അതായത് ഓരോ വർഷവും ബാലൻസ് ഷീറ്റിൽ നിലവിലുള്ള ആസ്തികളുടെ മൂല്യം കുറഞ്ഞു വരുന്നു.

രണ്ടാമത്തേത് ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിനെ ബാധിക്കുന്നു. അതായത് അറ്റവരുമാനത്തിൽ (Net income) കുറവ് സംഭവിക്കുന്നു.

ഓരോ തരം ആസ്തിയുടേയും (ഉദാഹരണം: കെട്ടിടങ്ങൾ, റോഡ്, മോട്ടോർകാർ, കമ്പ്യൂട്ടർ തുടങ്ങിയവ) ജീവിതകാലം എത്രയെന്ന് നിയമം, ചട്ടം ഉത്തരവ്, മാർഗ്ഗനിർദ്ദേശം തുടങ്ങിയവ വഴി നിർദ്ദേശിക്കുന്നു. ആസ്തിയുടെ മൂല്യത്തെ ജീവിതകാലം കൊണ്ട് ഹരിച്ച് കിട്ടുന്ന തുക ഓരോ വർഷത്തേയും ഡിപ്രീസിയേഷൻ ചെലവായി രേഖപ്പെടുത്തുന്നു.

ഉദാഹരണം: മോട്ടോർ കാറിന്റെ ജീവിതകാലം 5 വർഷം. വില 5 ലക്ഷം രൂപ. 5 ലക്ഷം രൂപയെ ജീവിതകാലമായ 5 കൊണ്ട് ഹരിക്കുക. 1 ലക്ഷം രൂപ. ഇതാണ് 5 വർഷ ജീവിതകാലത്തെ ഓരോ വർഷത്തേയും ഡിപ്രീസിയേഷൻ ചെലവ്. ആസ്തിയുടെ ജീവിതകാലം (ഇപ്പോഴത്തെ ഉദാഹരണത്തിൽ 5 വർഷം) കഴിഞ്ഞാൽ പിന്നെ ഡിപ്രീസിയേഷൻ രേഖപ്പെടുത്താൻ പാടില്ല.

ഡിപ്രീസിയേഷൻ രേഖപ്പെടുത്തുന്ന രീതി, എത്ര വർഷം കൊണ്ടാണ് ഓരോ ആസ്തിയും പൂർണ്ണമായി ഡിപ്രീഷിയേറ്റ് ചെയ്യേണ്ടത്, ഡിപ്രീസിയേഷൻ നിരക്ക് തുടങ്ങിയ കാര്യങ്ങളിൽ സ്ഥാപനങ്ങൾ തമ്മിൽ വ്യത്യാസം കണ്ടേക്കാം. നിയമം, ചട്ടം, അക്കൗണ്ടിംഗ് സ്റ്റാൻഡേഡുകൾ എന്നിവ വഴിയാണ് ഇവ നിർദ്ദേശിക്കുന്നത്.

പഞ്ചായത്തുകളിൽ ഡിപ്രീസിയേഷൻ കണക്കാക്കുന്നതുൾപ്പെടെയുള്ള പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ 26-7-2011ലെ ജിഒ (എം.എസ്) 152/2011/എൽഎസ് ജിഡി- നമ്പർ സർക്കാർ ഉത്തരവിലൂടെ പ്രഖ്യാപിച്ചിരിക്കുന്നു. ഡിപ്രീസിയേഷൻ നിരക്കുകൾ 6-8-2012-ലെ സഉ(കൈ)നം. 212/2012/തസ്വഭവ- നമ്പർ സർക്കാർ ഉത്തരവിലാണ് നിർദ്ദേശിച്ചിരിക്കുന്നത്.

നഗരസഭകളുടെ കാര്യത്തിൽ "കേരള മുനിസിപ്പൽ അക്കൗണ്ടിംഗ് മാന്വലി"ലാണ് മേൽപ്പറഞ്ഞ കാര്യങ്ങൾ നിർദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത മാന്വലിന് അടിസ്ഥാനമായത് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലും കേന്ദ്ര നഗര വികസന മന്ത്രാലയവും ചേർന്ന് പ്രസിദ്ധപ്പെടുത്തിയ നാഷണൽ മുനിസിപ്പൽ അക്കൗണ്ട്സ് മാന്വലാണ്.

ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ വരുമാനം, ചെലവ്, ആസ്തി, ബാദ്ധ്യത എന്നിങ്ങനെ നാലു വിഭാഗങ്ങളിലായാണ് ധനകാര്യ ഇടപാടുകൾ രേഖപ്പെടുത്തുന്നത്. ആസ്തിയുടെ മൂല്യശോഷണം, ആസ്തി ആർജ്ജിക്കാൻ ചെലവായ

തുകയെ ആസ്തിയുടെ ജീവിത കാലത്തിന്റെ ഓരോ വർഷത്തേയും ചെലവായി ഭാഗിച്ച് ഉൾപ്പെടുത്തൽ എന്നീ അടിസ്ഥാന തത്വങ്ങളെ നിരാകരിക്കുന്നതാണ് ചോദ്യം. ലോകമെങ്ങും സ്വീകരിച്ചിട്ടുള്ള അടിസ്ഥാന അക്കൗണ്ടിംഗ് പ്രമാണങ്ങളെ കണ്ടില്ലെന്നു നടിക്കാൻ സാധ്യമല്ല. കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലും കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും മാന്വലുകളും ചട്ടങ്ങളും ഉത്തരവുകളും വഴി നിർദ്ദേശിച്ച കാര്യങ്ങളെ കാറ്റിൽ പറത്താനും കഴിയില്ല.

ഇ.എം.എസ് ഭവന പദ്ധതിക്കു വേണ്ടി പഞ്ചായത്തുകൾ സഹകരണ സംഘങ്ങളിൽ നിന്നു വായ്പയെടുക്കുന്നു; ഭവന നിർമ്മാണം എന്ന റവന്യു ചെലവ് നിർവ്വഹിക്കുകയും ചെയ്യുന്നു. 'ഭവന നിർമ്മാണം' എന്ന റവന്യുചെലവ് നിർവഹിക്കാനുള്ള റവന്യൂ വരുമാനം ഇല്ല. അതിനാൽ പഞ്ചായത്തിന്റെ ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് കമ്മി കാണിക്കേണ്ടതല്ലേ?

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 214-ാം വകുപ്പു പ്രകാരം കമ്മി ബജറ്റ് അവതരിപ്പിക്കുവാൻ പഞ്ചായത്തുകൾക്ക് അധികാരമില്ല. അക്കാരണം കൊണ്ടു തന്നെ വായ്പയെടുത്ത് റവന്യു ചെലവ് നിർവഹിക്കാനും സാധ്യമല്ല. 'വായ്പ' എന്ന ബാദ്ധ്യതയ്ക് തുല്യമായ ആസ്തി പഞ്ചായത്ത് അക്കൗണ്ടിൽ ഇല്ലെങ്കിൽ അത് 214-ാം വകുപ്പിന്റെ ലംഘനമായിരിക്കും.

ദീർഘകാലത്തെ വരുമാനം ഉപയോഗിച്ച് ദീർഘകാലം കൊണ്ടു മാത്രം സാധാരണ ഗതിയിൽ പൂർത്തീകരിക്കാനാവുന്ന ഒരു ഭവന നിർമ്മാണ പദ്ധതി ഒരൊറ്റ വർഷം കൊണ്ട് പൂർത്തിയാക്കാൻ ഉദ്ദേശിച്ചു കൊണ്ടാണ് ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിക്ക് രൂപം നൽകിയത്. ഇതിനായി സഹകരണ സംഘങ്ങളിൽ നിന്നും പഞ്ചായത്തുകൾ വായ്പയെടുക്കുന്നു; മുതലും പലിശയും തിരിച്ചടയ്ക്കാനുള്ള ബാദ്ധ്യത പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുന്നു. സർക്കാർ നൽകുന്ന വികസന ഫണ്ടിൽ നിന്ന് പത്തു വർഷക്കാലം കൊണ്ട് മുതൽ തിരിച്ചടയ്ക്കാം. പലിശ പൂർണ്ണമായും സർക്കാർ തന്നെ അടയ്ക്കുന്നു. ഇക്കാരണത്താൽ വായ്പയെടുക്കുന്നു എന്നല്ലാതെ മറ്റു യാതൊരു ബാദ്ധ്യതയും പഞ്ചായത്തിന് ഏറ്റെടുക്കേണ്ടി വരുന്നില്ല. (അതായത് വായ്പാ മുതലോ പലിശയോ തിരിച്ചടയ്ക്കുന്നതിന് തനതു ഫണ്ട് ഒട്ടുംതന്നെ ഉപയോഗപ്പെടുത്തേണ്ടി വരുന്നില്ല.

മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് അനുസൃതമായ രീതിയിൽ മാത്രമേ ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയുടെ അക്കൗണ്ടിംഗ് നിർവഹിക്കാവൂ. താഴെ പറയുന്ന രീതിയിലാണ് അക്കൗണ്ടിംഗ് ചെയ്യേണ്ടത്.

1. സഹകരണ ബാങ്കിൽ നിന്ന് പഞ്ചായത്തിന് അനുവദിച്ച വായ്പയിൽ നിന്ന് നിർവഹണ ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന തുകയായ 10 ലക്ഷം രൂപ അദ്ദേഹത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് സഹകരണ ബാങ്ക് ഇട്ടുകൊടുക്കുന്നു. ഇപ്പോൾ ഈ തുക പഞ്ചായത്തിന് ബാദ്ധ്യതയും അതേസമയം നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ അഡ്വാൻസും ആയിത്തീരുന്നു. എൻട്രി താഴെ കൊടുക്കുന്നു.

| വിവരം | ഡെബിറ്റ് (തുക രൂപ) | ക്രെഡിറ്റ് |
|---|---|---|
| Advance to Implementing others Dr | 10,00,000 | |
| To 3... Secured loans | | 10,00,000 |

2. ലഭിച്ച തുകയിൽ 6 ലക്ഷം രൂപ ഗുണഭോക്താക്കൾക്ക് നൽകി. ഇപ്പോൾ നിർവഹണ ഉദ്യോഗസ്ഥൻ നിർവ്വഹിച്ചത് റവന്യു ചെലവല്ല. അത് Deferred Revenue Expenditure ആണ്. അതായത് പല വർഷങ്ങളിലായി റവന്യു ചെലവിൽ ഉൾപ്പെടുത്തേണ്ട തുക ഒരൊറ്റ വർഷമായി ചെലവു ചെയ്തു. അതിനാൽ തന്നെ ഈ ചെലവിനെ മൂലധനച്ചെലവായി ആദ്യം കണക്കാക്കുന്നു. തുടർന്നുള്ള വർഷങ്ങളിൽ ഇതിനെ ഭവന നിർമ്മാണം എന്ന റവന്യു ചെലവാക്കി വിഭജിച്ചു നൽകാം.

അഡ്വാൻസ് ക്രമീകരിച്ച് Deferred Revenue Expenditure ആയി അക്കൗണ്ട് ചെയ്യാൻ താഴെ പറയുന്ന എൻട്രി രേഖപ്പെടുത്താം.

| വിവരം | ഡെബിറ്റ് (തുക രൂപ) | ക്രെഡിറ്റ് |
|---|---|---|
| Prepaid programme expenses Dr | 6,00,000 | |
| To 4... Advance to Implementing officers | | 6,00,000 |

3. വികസന ഫണ്ടിൽ നിന്ന് പ്രോജക്ട് വെച്ച് തുക പിൻവലിച്ച് മുതൽ 2 ലക്ഷം രൂപ ബാങ്കിൽ അടയ്ക്കുന്നു. താഴെ പറയുന്നതായിരിക്കും. എൻട്രി

| വിവരം | ഡെബിറ്റ് (തുക രൂപ) | ക്രെഡിറ്റ് |
|---|---|---|
| Secured Loans Dr | 2,00,000 | |
| To 4... VPF II (a) Development fund | | 2,00,000 |

4. പദ്ധതി തുക 2 ലക്ഷം രൂപ ഉപയോഗിച്ച് വായ്പയിൽ ഒരു ഭാഗം തിരിച്ചടച്ചു എന്നതിനർത്ഥം 2 ലക്ഷം രൂപയുടെ ഭവന നിർമ്മാണം എന്ന റവന്യു ചെലവ് പഞ്ചായത്ത് ചെയ്തു എന്നു തന്നെയാണ്. അതിനാൽ VPF II (a) അക്കൗണ്ടിൽ നിന്നു പിൻവലിച്ച് സഹകരണ ബാങ്കിൽ വായ്പയുടെ ഒരു ഭാഗം തിരിച്ചടച്ചതിനുള്ള പേയ്മെന്റ് രേഖപ്പെടുത്തിയ ഉടനെ താഴെ പറയുന്ന ജേണൽ എൻട്രി കൂടെ രേഖപ്പെടുത്തണം.

| വിവരം | ഡെബിറ്റ് (തുക രൂപ) | ക്രെഡിറ്റ് |
|---|---|---|
| Housing Dr | 2,00,000 | |
| To 4... Prepaid programme expenses | | 2,00,000 |

വായ്പ പൂർണ്ണമായി തിരിച്ചടച്ചു കഴിഞ്ഞാൽ അതോടൊപ്പം ആസ്തി അക്കൗണ്ടിലുള്ള Prepaid programme expenses ൽ ഒരു തുകയും കാണില്ല.

കെ.കെ. പാന്ത്


# ആധുനിക സാങ്കേതിക വിദ്യയിലേയ്ക്കു തപാൽ വകുപ്പ് ചുവടു മാറുന്നു




ഇന്ത്യാ പോസ്റ്റ് എന്ന് രാജ്യമെമ്പാടും അറിയപ്പെടുന്ന തപാൽ വകുപ്പിനെ മൊത്തത്തിൽ ഉടച്ചുവാർത്ത് സാങ്കേതിക മികവുള്ള വകുപ്പാക്കി മാറ്റാനുള്ള സത്വര നടപടികൾ വാർത്താ വിതരണ മന്ത്രാലയത്തിനു കീഴിൽ നടക്കുകയാണ്. ഈ വിവര സാങ്കേതിക നവീകരണ പദ്ധതിക്ക് ഗവൺമെന്റ് 4,909 കോടിയുടെ ഭരണാനുമതിയാണ് നല്കിയിരിക്കുന്നത്. രാജ്യമെമ്പാടുമുള്ള 1,55,000 പോസ്റ്റ് ഓഫീസുകളെ കോർ ബാങ്കിംങ് സമ്പ്രദായത്തിലേയക്കു മാറ്റി പോസ്റ്റ് ഓഫീസ് സേവിംങ് ബാങ്കിംങ് പരിഷ്കരിക്കും. പോസ്റ്റൽ ലൈഫ് ഇൻഷുറൻസിനെ ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി മക്കാമിഷ് ഇൻഷുറൻസ് ഏർപ്പെടുത്തും. ഒരു കത്തു പോലും നഷ്ടപ്പെടാതിരിക്കാൻ എല്ലാ തപാൽ ഉരുപ്പടികൾക്കും ട്രാക്ക് ആന്റ് ട്രേസ് സംവിധാനം കൊണ്ടുവരും. 2012 ൽ ആരംഭിച്ച വിവരസാങ്കേതിക ആധുനികവത്ക്കരണ പദ്ധതി 2015 ഓടുകൂടി പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. എട്ടു മേഖലകൾ തിരിച്ച് വിവിധ ഘട്ടങ്ങളിലായാണ് ഈ പദ്ധതി പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു ഡേറ്റാ സെന്റർ പൂർത്തിയായി കഴിഞ്ഞു. പദ്ധതി പൂർത്തിയാകുന്നതോടെ ഉപഭോക്താക്കൾക്കും ജീവനക്കാർക്കും പരമാവധി മികച്ച സേവനം നല്കുന്നതിന് പര്യാപ്തമായ വകുപ്പായി മാറും രാജ്യത്തെ തപാൽ സംവിധാനം. കൂടുതൽ ഉപഭോക്താക്കളിലേയക്ക് സേവനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികളും പദ്ധതി ഭാഗമായി നിലവിൽ വരും.

**എല്ലാ തപാൽ ഓഫീസിലും കോർ ബാങ്കിംങ് സൗകര്യം**

നിലവിലുള്ള പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി രാജ്യത്തെ എല്ലാ തപാൽ ഓഫീസുകളിലും കോർ ബാങ്കിംങ് സംവിധാനം നടപ്പാക്കും. ഇതിന്റെ ഭാഗമായി പോസ്റ്റ് ഓഫീസ് സേവിംങ്സ് ഇടപാടുകാർക്ക് എടിഎം, മൊബൈൽ ബാങ്കിംങ്, ഫോൺ ബാങ്കിംങ്, ഇല്ക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ,റിയൽ ടൈം ഗ്രോസ് സെറ്റിൽമെന്റ് തുടങ്ങിയ ആധുനിക ബാങ്കിംങ് സൗകര്യങ്ങൾ നിലവിൽ വരും. ഇതോടെ പോസ്റ്റ് ഓഫീസ് എടിഎം ശ്യംഖല വഴി രാജ്യമെമ്പാടുമുള്ള സേവിംങ്സ് ഉപഭോക്താക്കൾക്ക് എപ്പോൾ വേണമെങ്കിലും ബാങ്കിംങ് ഇടപാടുകൾ നടത്താൻ സാധിക്കും. ഈ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ ഇപ്പോൾ 38




പോസ്റ്റ് ഓഫീസുകളിൽ പ്രവർത്തിക്കുന്നുണ്ട്. 2015 ആകുമ്പോഴേയ്ക്കും എല്ലാ ഗ്രാമങ്ങളിലേയ്ക്കും ഇതിന്റെ പ്രവർത്തനം വ്യാപിക്കും. ആധാർ കാർഡുമായി ബന്ധിപ്പിച്ചിരിക്കുന്നതും സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്നതുമായ എടിഎം സംവിധാനങ്ങളായിരിക്കും വിവിര സാങ്കേതിക ആധുനികവത്ക്കരണ പദ്ധതിയുടെ ഭാഗമായി ബ്രാഞ്ച് പോസ്റ്റ് ഓഫീസുകളിൽ സ്ഥാപിക്കുക.

### രാജ്യമെമ്പാടും മികച്ച തപാൽ സേവനങ്ങൾ

രാജ്യമെമ്പാടും മുന്തിയ ഗുണമേന്മയുള്ള തപാൽ സംബന്ധിയായ സേവനങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ തപാൽ വകുപ്പ് ആരംഭിച്ചു കഴിഞ്ഞു. ഇതിന്റെ ഭാഗമായി മെയിൽ നെറ്റ്‌വർക്ക് ഓപ്റ്റിമിസം പദ്ധതിയിൽ തപാൽ ഉരുപ്പടികളുടെ വിതരണ ശൃംഖല പുനസംവിധാനം ചെയ്യുകയും പുന ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്പീഡ് പോസ്റ്റ്, രജിസ്റ്റേർഡ് പോസ്റ്റ് എന്നിവ കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് ഓൺലൈൻ നിരീക്ഷണം ഏർപ്പെടുത്തും. രജിസ്റ്റർ ചെയ്യുന്ന ഉരുപ്പടികൾക്കും സ്പീഡ് പോസ്റ്റിന്റെ മാതൃകയിൽ ഓൺലൈൻ ട്രാക്ക് ആൻഡ് ട്രേസ് സംവിധാനം ഏർപ്പെടുത്തും. തപാൽ ഉരുപ്പടികളുടെ തരം തിരിവ് വേഗത്തിലാക്കുന്നതിനായി ഡൽഹിയിലും കൊൽക്കത്തയിലും തനിയെ പ്രവർത്തിക്കുന്ന മെയിൽ പ്രോസസിംങ് കേന്ദ്രങ്ങൾ (ഓട്ടോമേറ്റഡ് മെയിൽ പ്രോസസിംങ് സെന്റർ) പ്രവർത്തനം തുടങ്ങി കഴിഞ്ഞു. വടക്കു കിഴക്കൻ മേഖലയിൽ തപാൽ ഉരുപ്പടികളുടെ നീക്കം നിരീക്ഷിക്കുന്നതിനായി അവ കൊണ്ടുപോകുന്ന വാഹനങ്ങളിൽ ഗ്ലോബൽ പൊസിഷനിംങ് സിസ്റ്റം ഘടിപ്പിച്ചിട്ടുണ്ട്.

### എല്ലാ പോസ്റ്റ് ഓഫീസുകളിലും കമ്പ്യൂട്ടറുകൾ

കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി രാജ്യത്തെ 25,145 വകുപ്പുതല തപാൽ ഓഫീസുകളിലും കമ്പ്യൂട്ടറുകൾ സ്ഥാപിച്ചു കഴിഞ്ഞു. ദൂരെ നിന്നു പ്രവർത്തിപ്പിക്കാവുന്ന ഫ്രാങ്കിങ് മെഷീനുകളും ഘട്ടം ഘട്ടമായി പോസ്റ്റ് ഓഫീസുകളിൽ സ്ഥാപിക്കും. ബാർകോഡ് ഉൾപ്പെടെ നിരവധി സുരക്ഷാ സംവിധാനങ്ങൾ ഉള്ളവയാണ് ഈ മെഷീനുകൾ. ഉപഭോക്താവിന്റെ വിവരങ്ങൾ ഇലക്ട്രോണിക് ഡേറ്റയായി ശേഖരിക്കുന്നതിന് ഈ മെഷീനുകൾ സഹായിക്കും.

### അസ്ത്രം പദ്ധതി

ഗുണനിലവാരം വർധിപ്പിക്കുന്നതിന്റെ ഭാഗമായി 2008 ഏപ്രിൽ മുതൽ തപാൽ വകുപ്പ് അസ്ത്രം പദ്ധതി എന്ന പേരിൽ തപാൽ ഓഫീസുകളിലെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും തപാൽ ഓഫീസിന്റെ മുഖഛായ തന്നെ പരിഷ്കരിക്കുന്നതിനുമുള്ള ഒരു നടപടി ആരംഭിച്ചിട്ടുണ്ട്. തപാൽ ഓഫീസിൽ നിന്നു ലഭ്യമാകുന്ന വിവിധ സേവനങ്ങളെ കുറിച്ചും വിവിധ തപാൽ ഉത്പ്പന്നങ്ങളെ കുറിച്ചും വിജ്ഞാപനം തന്നെ പുറത്തിറക്കിയിട്ടുണ്ട്. പോസ്റ്റ് ഓഫീസുകളുടെ സേവനം സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിനും പരിഹരിക്കു



ന്നതിനുമുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയിരിക്കുന്നു. വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി ഇ – ഐപിഒ, ഇ – പോസ്റ്റ്, എക്സ്പ്രസ് പാഴ്സൽ പോസ്റ്റ്, ബിസിനസ് പാഴ്സൽ പോസ്റ്റ് തുടങ്ങിയ പുതിയ സേവനങ്ങളും തപാൽ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. തപാൽ ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ മേഖലകളിലേയ്ക്കു വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങളും നടക്കുന്നു.

### ഓഹരി മൂല്യത്തിൽ വർധന

2011 ൽ സ്പീഡ് പോസ്റ്റിന്റെ മാർക്കറ്റ് ഓഹരി മൂല്യം 15.1 –18.3 ശതമാനം വരെയായിരുന്നു. ഇത് 2012 ൽ 16.7 – 19.8 ശതമാനം വരെയായി. എക്സ്പ്രസ് പാഴ്സൽ പോസ്റ്റിന്റെ ഓഹരി മൂല്യം 2011 ൽ 4 – 6 ശതമാനം വരെയായിരുന്നു. 2012 ൽ ഇത് 5 – 7 ശതമാനം വരെയായി ഉയർന്നു.

വരുമാനത്തിലും വൻ വർധന

തപാൽ വകുപ്പിന്റെ കാര്യശേഷി വർധിപ്പിക്കുന്നതിന് ഗവൺമെന്റ് നിരവധി നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി വർഷം തോറും വൻ വരുമാന വർധനയാണ് ഈ വകുപ്പിൽ ഉണ്ടാകുന്നത്. കഴിഞ്ഞ മൂന്നു വർഷത്തെ വരുമാന താരതമ്യം ഇപ്രകാരമാണ്. വരുമാനം കോടികളിൽ

| **വർഷം** | **വരുമാനം** |
|---|---|
| 2010 – 11 | 6,962.3 |
| 2011 – 12 | 7,899.4 |
| 2012 – 13 | 9,366.5 |
| 2013 –14 (2013 ഡിസംബർ വരെ) | 7,733.2 |

വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി തപാൽ വകുപ്പ് ഏതാനും നടപടികൾ കൂടി സ്വീകരിച്ചിട്ടുണ്ട്. മെയിൽ നെറ്റ് വർക്ക് ഒപ്റ്റിമൈസേഷൻ പദ്ധതി പ്രകാരം വിവര സാങ്കേതിക നവീകരണം കൂടാതെ ഗ്രാമങ്ങളിൽ ലഘുസമ്പാദ്യ പദ്ധതിയിൽ കൂടുതൽ ആളുകളെ അംഗങ്ങളാക്കുന്നതിനുള്ള പ്രത്യേക പ്രചാരണം, തപാൽ ഇൻഷുറൻസ്, ഗ്രാമീണ ഇൻഷുറൻസ് തുടങ്ങിയ ക്ഷേമ പദ്ധതികളുടെ പ്രചാരണം, ഓരോ പോസ്റ്റൽ സർക്കിളിന്റെയും സാമ്പത്തിക ഇടപാടുകളുടെ കൃത്യമായ പരിശോധന, വിപണിയിലെ ആവശ്യമനുസരിച്ച് തപാൽ സേവനങ്ങളുടെ പരിഷ്കരണം ഇവയൊക്കെ അടിയന്തിരമായി നടപ്പാക്കി വരുന്നു. ◆

** ന്യൂഡൽഹി പ്രസ് ഇൻഫർമേഷൻ ബ്യൂറോയിൽ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ*
*(ലേഖനത്തിലെ അഭിപ്രായങ്ങൾ ലേഖകന്റേതുമാത്രം.)*

## 'ഏറ്റവും നല്ല ഒരു സ്വപ്നത്തിന് ഒരു സമ്മാനം'!

**ഭാവിയിലെ ഗ്രാമപഞ്ചായത്തുകൾ എപ്രകാരമായിരിക്കണം? ദശാബ്ദങ്ങൾക്കു മുമ്പ് ഉണ്ടായിരുന്ന പഞ്ചായത്ത് ഓഫീസുകൾ നിലവിൽ ഗ്രാമപഞ്ചായത്ത് കാര്യാലയങ്ങളായി മാറിയിരിക്കുന്നു. ഇപ്രകാരം ഇനി ഒരു ദശാബ്ദമോ അതിലപ്പുറമോ കഴിയുമ്പോൾ നമ്മുടെ ഗ്രാമപഞ്ചായത്തു കാര്യാലയങ്ങൾ സേവന രംഗത്ത് നമ്മുടെ നിലവാരം എന്തായിരിക്കണം എന്ന ഒരു കാഴ്ചപ്പാട് ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കും ഉണ്ടാവണം. അത്തരം കാഴ്ചപ്പാടുകളെപ്പറ്റി, സ്വപ്നങ്ങളെപ്പറ്റി രണ്ട് പേജിൽ കവിയാതെ എഡിറ്റർക്ക് എഴുതുക. അവസാന തീയതി 2014 ഒക്ടോബർ 31. തെരഞ്ഞെടുക്കുന്ന സ്വപ്നത്തിന് (കാഴ്ചപ്പാട്) ക്യാഷ് അവാർഡ് നൽകുന്നതാണ്.**

**എഡിറ്റർ**
**പഞ്ചായത്ത് രാജ് മാസിക പഞ്ചായത്ത് ഡയറക്ടറേറ്റ്**
**മ്യൂസിയം പി.ഒ., തിരുവനന്തപുരം**

# കമനീയം കർക്കിടകം

ബിന്ദുരാജ് എം.എ.

മിഥുനം കഴിയാറായി, അടുത്തത് പഞ്ഞമാസമാണ് ഒരു കരുതലൊക്കെ വേണം!

പണ്ടുകാലങ്ങളിലെ കേരളീയ ഭവനങ്ങളിലെ പ്രായമായ മുത്തശ്ശനും മുത്തശ്ശിയുമൊക്കെ ഇളം തലമുറക്കാരോട് കർക്കിട മാസത്തെ സംബന്ധിച്ച് പറയാറുള്ള ഒരു സാധാരണ താക്കീതാണിത്. അവരുടെ അനുഭവത്തിൽ വരാൻ പോകുന്നത് കർക്കിടമാസമാണ്. തോരാത്തമഴ! കടുത്തകാറ്റ്! ധനസ്ഥിതിയുള്ളവരുടെ കളപ്പുരകളിൽ പോലും ധാന്യത്തിന്റെയും, കിഴങ്ങുകളുടെയും, പച്ചക്കറിയുടെയും അളവ് ക്രമാതീതമായി കുറയ്ക്കുകയൊ അഥവാ പൂർണ്ണമായിത്തീരുകയൊ ചെയ്യുന്ന പട്ടിണിമാസം. ധനസ്ഥിതിയുള്ളവരുടെ സ്ഥിതി ഇതാണെങ്കിൽ ദരിദ്രരുടെ അവസ്ഥ ഈ മാസം എന്തായിരിക്കും? കീഴാളന്മാരുടെയും കുടിയാന്മാരുടെയും ഒക്കെ മനസ്സിൽ കർക്കിടകം ഒരു പേടി സ്വപ്നമായിരുന്നു.

കർക്കിടകത്തിന്റെ ചിഹ്നം തന്നെ ഒരു കരിംന്തേളാണ്. വിഷം ഏന്തുന്ന വാല് ഉയർത്തി 'വറുതി' എന്ന ഭീഷണിയെ അവൻ സമൂഹത്തിന് മേൽ പ്രയോഗിക്കുന്നതിന് സദാ ജാഗരൂകരായിരിക്കുന്നു. ഭക്ഷണം തന്നെയായിരുന്നു കർക്കിടക മാസത്തിൽ കേരളീയ ജനത അഭിമുഖീകരിച്ചിരുന്ന ഏറ്റവും വലിയ പ്രതിസന്ധി. മിക്ക കുടുംബങ്ങളിലെ അടുക്കളകളിലും കർക്കിടകമാസം പുക ഉയരാൻ അനുവദിക്കുമായിരുന്നില്ല.

ജനങ്ങളിൽ ഉണ്ടായിരുന്ന കർക്കിടക ഭീതി ഇന്ന് വളരെ അകന്ന് പോയിരിക്കുന്നു. കാരണം ഗ്രാമപഞ്ചായത്തുകളുടെ കൃത്യതയാർന്ന പ്രവർത്തനങ്ങൾ കർക്കിടക മാസത്തിലെ ദുരിതങ്ങൾ വെറും ഓർമ്മകൾ മാത്രമാക്കിത്തീർത്തിരിക്കുന്നു.

അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി പഞ്ചായത്തുകൾക്ക് തങ്ങളുടെ അധികാര പരിധിയിലുള്ള ഏറെക്കുറെ എല്ലാ ഭവനങ്ങളിലും ശ്രദ്ധകേന്ദ്രീകരിക്കുന്നതിനും ഭക്ഷണ ദൗർലഭ്യത കുറക്കുന്നതിനും ഇന്ന് സാധിച്ചിട്ടുണ്ട്. ദാരിദ്ര്യ ലഘൂകരണം ലക്ഷ്യമാക്കി പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ സേവനങ്ങൾ പട്ടിണിയുടെ ക്രൂരതയേറിയ ദംഷ്ട്രങ്ങളിൽ നിന്നും കേരള സമൂഹത്തെ രക്ഷിച്ചു കൊണ്ടിരിക്കുന്നു.

കർക്കിടകത്തിൽ ശാരീരിക അസ്വാസ്ത്യങ്ങൾ വർദ്ധിക്കുന്നതായി മുൻകാല അനുഭവങ്ങൾ വ്യക്തമാക്കുന്നു. മലയാള നാട്ടിൽ വാർദ്ധക്യ സഹജമായ മരണങ്ങൾ കർക്കിട മാസത്തിൽ കൂടുതലാണ് എന്ന് പരക്കെ വിശ്വസിക്കപ്പെടുന്നു. ആയൂർവ്വേദ, സിദ്ധ, നാട്ട്മരുന്ന് ചികിത്സകൾ ഈ മാസത്തിൽ സാർവ്വത്രീകമായി നടന്നുപോരുന്നു. ഉഴിച്ചിൽ, പിഴിച്ചിൽ, കിഴി, വസ്തി കർമ്മങ്ങൾ, നസ്യം തുടങ്ങി സുഖചികിത്സകൾക്കാണ് കർക്കിടക മാസത്തിൽ പ്രാധാന്യം നൽകി പോരുന്നത്. ഔഷധ കൂട്ടുകൾ ചേർത്ത 'കർക്കിടക കഞ്ഞി' സേവിക്കുന്നത് ശരീരത്തിനെ 'റിഫ്രഷ്' ചെയ്യുന്നതിന് നല്ലതാണ്.

ആത്മീയമായി പ്രാധാന്യമുള്ള





ഒരു മാസമാണ് കർക്കിടകം. ഹൈന്ദവർ കർക്കിടകമാസം രാമായണ മാസമായി ആചരിച്ച് പോരുന്നു. കർക്കിടകം ഒന്ന് മുതൽ മുപ്പത്തി ഒന്ന് വരെ രാമായണ പാരായണവും അനുബന്ധ പൂജകളും നടത്തിപ്പോരുന്നു. പിതൃക്കൾക്ക് ബലിയിടുന്ന ദിവസമായ കർക്കിടക വാവും ഈ മാസത്തിൽ തന്നെയാണ്. മൺ മറഞ്ഞ പ്രിയപ്പെട്ടവരുടെ ആത്മാക്കൾക്ക് ശാന്തിയും മോക്ഷവും ലഭ്യമാകാൻ കർക്കിടക വാവിന് അനുഷ്ടിക്കുന്ന ബലികർമ്മങ്ങൾ മുഖാന്തിരം സാധ്യമാകും എന്ന് ഹൈന്ദവർ വിശ്വസിക്കുന്നു. ഈ വർഷം ഇസ്ലാമിക വിശ്വാസികളുടെ പുണ്യ ദിനമായ ഈദ് – ഉൽ– ഫിത്തർ അഥവാ റംളാൻ വന്നെത്തുന്നതും കർക്കിടക മാസത്തിലാണ്.

കേരളീയരുടെ മുഖ്യ ആഹാരമായ അരി പണ്ട് കാലത്തെ കർക്കിട മാസങ്ങളിൽ ദുർലഭമായിരുന്നു. ഈ പരിസ്ഥിതിയിൽ പുതിയ ആഹാര ഇനങ്ങൾ കണ്ടെത്തി ഉപയുക്തമാക്കുന്നതിന് കേരള ജനതയെ നിർബന്ധിതരാക്കി. അന്ന് സുലഭമായി ലഭിച്ചിരുന്ന ഗോതമ്പിനെ കഞ്ഞിയാക്കി ജനം കഴിച്ചിരുന്നു. വിശപ്പ് എന്ന പ്രതിഭാസത്തിനെ അടക്കി നിർത്താൻ പ്രകൃതിയിലേക്ക് മലയാളി കൂടുതൽ അന്വേഷണ ത്വരതയോടെ ആണ്ടിറങ്ങിയതിന്റെ ഫലമായി ലഭ്യമായവയിൽ മിക്കവയും അമൂല്യങ്ങളായ ഔഷധ ഗുണങ്ങളുള്ള സസ്യാഹാരങ്ങളാണ്.

മരിച്ചീനി കർക്കിടക മാസത്തിൽ മലയാളികൾക്ക് നൽകിയ ആശ്വാസം അനിർവ്വചനീയമാണ്. മരിച്ചീനി വേവിച്ച് പനമ്പായിൽ നിരത്തി വെയിലത്ത് വച്ച് ഉണക്കി എടുത്ത് സൂക്ഷിക്കുന്നതിനെ 'വാട്ടക്കപ്പ്' എന്നാണ് അറിയപ്പെടുന്നത്. മാസങ്ങളോളം കേട് കൂടാതെ സൂക്ഷിക്കുവാൻ കഴിയുന്ന 'വാട്ടക്കപ്പ്' സ്വാദിഷ്ടമായ ഒരു ഭക്ഷണ പദാർത്ഥമാണ്. വാട്ടക്കപ്പ പുഴുങ്ങിയത് നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ വളരെ കർക്കിടക മാസത്തിലെ പ്രചാരമുള്ള ഒരു ഭക്ഷണ ശൈലിയാണ്.

താള്കറി – നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ ധാരാളമായി വളരുന്ന നാടൻ ചേമ്പ് ചെടിയുടെ തണ്ടിനെയാണ് താള് എന്ന പേരിൽ അറിയപ്പെടുന്നത്. ഇത് സ്വാദിഷ്ടവും, ഭക്ഷ്യയോഗ്യവും, ഔഷധഗുണം ഉള്ളതുമായ ഒരു സസ്യാഹാരമാണ്. യഥാവിധി തയ്യാർ ചെയ്ത് ആഹരിക്കപ്പെടുന്ന താള്കറി ചിലവില്ലാത്തതും എന്നാൽ വലിപ്പ ചെറുപ്പമില്ലാതെ എല്ലാ ഭവനങ്ങളിലും ഉപയോഗിച്ചിരുന്നു. കൂടാതെ ചേമ്പിലയുടെ കുരുന്നിലകളും തോരൻ ഉണ്ടാക്കുന്നതിന് ഉപയോഗിച്ചിരുന്നു.

അത്തരം – ചക്കക്കുരു, മാങ്ങ, തക്കാളി, എന്നിവയും മറ്റ് ചേരുവകളും ചേർത്ത് ഉണ്ടാക്കുന്ന അത്തറെ എന്ന ഒഴിക്കാൻ കറി കർക്കിടക മാസത്തിലെ കണ്ടുപിടുത്തമാണ്. ഇത് അതീവ രുചികരമാണ്.

ഇലക്കറികൾക്ക് വളരെ പ്രചാരം ലഭിക്കുന്ന മാസമാണ് കർക്കിടകം. എന്നാൽ മുരിങ്ങയില ഈ മാസം ഉപയോഗിക്കാറില്ല. പയറില, മത്തയില, തകരയില, കുമ്പളത്തിന്റെയില, തഴുതാമയില, തുടങ്ങിയ ഇലകൾ കറികൾ ഉണ്ടാക്കുന്നതിന് ഉപയോഗിച്ച് പോരുന്നു. കിഴങ്ങുകളിൽ നനകിഴങ്ങ്, കൂവക്കിഴങ്ങ്, പനങ്കിഴങ്ങ്, ചേന, ചേമ്പ്, മധുരക്കിഴങ്ങ്, എന്നിവകൊണ്ടുള്ള പുഴുക്കുകളും ചൊരക്കാ, പപ്പക്ക, കോവക്ക എന്നീ കായകളും, ഉപയോഗിച്ചുള്ള കറികളും കർക്കിടകമാസത്തിൽ വളരെ സാധാരണമായിരുന്നു. ചക്കയും ചകിണിയും ചക്കക്ക് പുറമെയുള്ള മുള്ള് വെട്ടിമാറ്റി ചക്കചുളയോട് ചേർന്ന മടലടക്കം വെട്ടി തേങ്ങയും ചേർത്ത് ഉപ്പും തളിച്ച് പുഴുങ്ങിയെടുക്കുന്ന ചക്കപ്പുഴുക്കിന്റെ രുചി ഇന്നത്തെ മലയാളി ഭവനങ്ങളിലെ പ്രായം ചെന്നവർ കൊതിയോടെ ഓർക്കാറുണ്ട്.

കർക്കിട മാസത്തിന്റെ വിശേഷങ്ങൾ അവസാനിക്കുന്നില്ല. ആത്മീയതയും, സ്വാദും, രോഗശാന്തിയും പ്രദാനം ചെയ്യുന്ന കർക്കിടത്തിനെ നമുക്ക് സ്നേഹിക്കാം കാരണം കമനീയമാണ് കർക്കിടകം. ◆

*(ലേഖകൻ പഞ്ചായത്ത് വകുപ്പിൽ അസി: സെക്രട്ടറിയാണ്)*

# ജലഗുണനിലവാര പരിശോധനയും ജലശുദ്ധി കാർഡ് വിതരണവും

ഗുണനിലവാരമുള്ള കുടിവെള്ളം മനുഷ്യജീവന് അത്യന്താപേക്ഷിതമായ ഒന്നാണ്. കേരളത്തിന്റെ ഭൗതിക പശ്ചാത്തലത്തിൽ 85% ഗ്രാമീണവാസികളും അവരുടെ വീടുമായി ബന്ധപ്പെട്ടുള്ള കിണറുകളിൽ നിന്നുമാണ് കുടിവെള്ളം ഉപയോഗിക്കുന്നത്. എന്നാൽ അതിന്റെ ഗുണനിലവാരം എത്രമാത്രമാണെന്ന് സ്ഥിരമായി വിലയിരുത്തുവാനുള്ള സംവിധാനം നിലവിലില്ല. ഏവർക്കും ശുദ്ധമായ കുടിവെള്ളം എല്ലായ്പ്പോഴും ഉറപ്പു വരുത്തുക എന്നത് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ലക്ഷ്യമായി പ്രഖ്യാപിച്ച് അതിനുവേണ്ടിയുള്ള പ്രവർത്തന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുകയാണ്. പ്രാദേശിക ഭരണകൂടങ്ങൾ (ഗ്രാമപഞ്ചായത്തുകൾ) കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുവാനായി സ്വീകരിക്കുന്ന പ്രവർത്തനങ്ങൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നിർലോഭമായ സഹായസഹകരണങ്ങൾ ലഭ്യമാക്കുന്നുണ്ട്.

**ജലഗുണനിലവാരം പരിശോധിക്കേണ്ടതിന്റെ ആവശ്യകത**

ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡാർഡ്സ് കുടിവെള്ളത്തിന്റെ ജല ഗുണനിലവാരം എത്രമാത്രമായിരിക്കണം എന്നതിന് വ്യക്തമായ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കുടിവെള്ളത്തിൽ അടങ്ങിയിരിക്കുന്ന വിവിധങ്ങളായ ധാതുക്കൾ, ലവണങ്ങൾ തുടങ്ങിയ മനുഷ്യ ശരീരത്തിന് ഹാനികരമായതും അല്ലാത്തതുമായവ എത്രത്തോളം ആകാം എന്ന് തരം തിരിച്ചിട്ടുണ്ട്.




മാണിക്കൽ ഗ്രാമപഞ്ചായത്തിലെ (തിരുവനന്തപുരം ജില്ല) ജല ഗുണനിലവാര പരിശോധനാ പരിശീലനം ജലനിധി എക്സി.ഡയറക്ടർ ടി. ഭാസ്കരൻ ഐ.എ.എസ് ഉദ്ഘാടനം ചെയ്യുന്നു



ജലഗുണനിലവാര പരിശോധന പരിശീലന ക്ലാസ്സ് സുഭാഷ് ചന്ദ്രബോസ് നയിക്കുന്നു

| ഘടകങ്ങൾ | അനുവദീയമായ പരിധി |
|---|---|
| പി. എച്ച്. മൂല്യം | 6.5 - 8.5 |
| ഇരുമ്പ് | 0.3 - 10 m-g/L |
| ക്ലോറൈഡ് | 250 - 1000 m-g/L |
| ഫ്ലൂറൈഡ് | 1.0 - 1.5 m-g/L |
| നൈട്രേറ്റ് | 45 - 100 m-g/L |

ഓരോഘടകങ്ങളും അവയുടെ അനുവദനീയമായ പരിധിയും ധാതുലവണങ്ങളുടെ സാന്നിധ്യം കുടിവെള്ളത്തിൽ ഉണ്ടാകുമെങ്കിലും അവ ജീവന് ഹാനികരമല്ലാത്ത നിലയിൽ ആണെങ്കിൽ ഉപയോഗിക്കാവുന്നതാണ്. അപ്രകാരം അനുവദിക്കപ്പെട്ട പരിധിക്കുറപ്പുറത്താണ് അവയുടെ സാന്നിധ്യമെങ്കിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുള്ള മാർഗങ്ങൾ സ്വീകരിക്കേണ്ടി വരും.

### ജലഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്ന ഘടകങ്ങൾ

ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡിന്റെ നിർവ്വചന പ്രകാരം (IS 10500 - 2012) കുടിവെള്ളത്തിന്റെ ജലഗുണനിലവാരം മനസിലാക്കുന്നതിനായി പ്രധാനമായും 23 ഘടകങ്ങൾ (parameters) പരിശോധിക്കേണ്ടതുണ്ട്. ഈ ഘടകങ്ങളുടെ സാന്നിധ്യം ഇന്ത്യയുടെ ഓരോഭാഗത്തും വ്യത്യസ്തമായതിനാൽ പ്രാദേശികപരമായുള്ള സാധ്യതകളുടെ അടിസ്ഥാനത്തിൽ മാത്രം പരിശോധിച്ചാൽ മതിയാകും.

കേരളത്തിന്റെ ഭൂമി ശാസ്ത്ര പശ്ചാത്തലത്തിൽ പ്രധാനമായും 5 ഘടകങ്ങളാണ് ജലഗുണനിലവാര പരിശോധനയ്ക്കായി പരിഗണിക്കുന്നത്.

### കോളിഫോം ബാക്ടീരിയ പരിശോധന

കുടിവെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യം ഉണ്ടാകാൻ സാധ്യതയുണ്ട്. വിവിധങ്ങളായ കാരണങ്ങളാൽ ബാക്ടീരിയയുടെ സാന്നിധ്യം ഉണ്ടാകുമെങ്കിലും പ്രധാനമായും മനുഷ്യ വിസർജ്ജ്യങ്ങളിൽ നിന്നുമുണ്ടാകുന്നതിനാണ് സാധ്യത കൂടുതൽ. അതുകൊണ്ടു തന്നെ ബാക്ടീരിയയുടെ സാന്നിധ്യവും ഗുണനിലവാര പരിശോധനയുടെ ഭാഗമായി വിലയിരുത്തുന്നു.



### ജലശുദ്ധി വാട്ടർ കാർഡ്

ഗ്രാമപഞ്ചായത്തിലെ എല്ലാ കുടിവെള്ള സ്രോതസ്സുകളും ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നതും പരിശോധനാഫലം രേഖപ്പെടുത്തിയ ജലശുദ്ധി വാട്ടർ കാർഡ് ഓരോ വീടിനും നല്കുന്നതുമായിരിക്കും.

### ജലഗുണനിലവാര പരിശോധന ഒന്നാം ഘട്ടം

ഗ്രാമപഞ്ചായത്തിലെ കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന്റെ ഭാഗമായി കേന്ദ്രകുടിവെള്ള ശുചിത്വ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ സംസ്ഥാന ജലവിഭവ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡെവല്പ്പ്മെന്റ് യൂണിറ്റിന്റെ സഹകരണത്തോടെ ജലഗുണനിലവാരപരിശോധനയിൽ ആശാവർക്കർമാരെ പരിശീലിപ്പിക്കുകയും, അതിനുവേണ്ടിയുള്ള പരിശോധനകിറ്റ് ഉപയോഗിച്ച് ആശാവർക്കർമാർ എല്ലാ കുടിവെള്ള സ്രോതസുകളും പരിശോധിക്കുകയും വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്യും. പരമാവധി 100 കുടിവെള്ള സാമ്പിളുകൾ പരിശോധിക്കാനുള്ള ജലഗുണനിലവാരപരിശോധനാ ഫീൽഡ് ടെസ്റ്റ് കിറ്റികളാണ് ലഭ്യമാക്കുന്നത്. പ്രസ്തുത കിറ്റുകൾ ഒരു വാർഡിന് 4–5 വരെ ലഭ്യമാക്കും ബാക്ടീരിയോളജിക്കൽ ടെസ്റ്റ് 10 വീടുകൾക്ക് 1 എന്ന വിധവും കൂടാതെ പൊതുകുടിവെള്ള സ്രോതസ്സുകളും പരിശോധിക്കും.

### ജലഗുണനിലവാരപരിശോധന രണ്ടാം ഘട്ടം

ഒന്നാംഘട്ടമായി എല്ലാവീടുകളിലെയും കുടിവെള്ള സാമ്പിളുകൾ പരിശോധിച്ച് ജലഗുണനിലവാരം രേഖപ്പെടുത്തുന്നു. തുടർന്ന് അതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയത് ക്രോഡീകരിച്ച് ജലഗുണനിലവാരത്തിൽ ഗുരുതരമായ പ്രശ്നങ്ങളുള്ളവ വാട്ടർ ക്വാളിറ്റി കൺട്രോൾ ലാബിലെ പരിശോധനയ്ക്കും വിധേയമാക്കുന്നതാണ്.

### ജലഗുണനിലവാര പരിശോധന മൂന്നാംഘട്ടം

എല്ലാകുടിവെള്ള സ്രോതസ്സുകളുടെയും ജലഗുണനിലവാര പരിശോധന 2 ഘട്ടവും പൂർത്തിയായാൽ പ്രത്യേക ജലശുദ്ധി കാർഡ് തയ്യാറാക്കി പൊതുജനങ്ങൾക്ക് നല്കുകയും ജലഗുണനിലവാര പരിഹാര മാർഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യും. ◆

# കാട്ടൂർ ഗ്രാമപഞ്ചായത്ത് ഇനി ലെസ് പേപ്പർ ഓഫീസ്



കാട്ടൂർ ഗ്രാമപഞ്ചായത്ത് (തൃശൂർ ജില്ല) ഓഫീസിൽ സ്വീകരിക്കുന്ന അപേക്ഷകളിൽ നടപടികളുടെ പുരോഗതി പൊതുജനങ്ങൾക്ക് ഇനി മുതൽ എസ്.എം.എസിലൂടെ അറിയാം. പഞ്ചായത്ത് ഓഫീസിൽ വന്നാൽ ടച്ച് സ്ക്രീനിലൂടെയും വിവരങ്ങൾ അറിയാം. പഞ്ചായത്തിൽ നടപ്പിലാക്കിയ ഇ-ഫയൽ ട്രാക്കിങ്ങ് സംവിധാനമാണ് ഇതിന് വഴിയൊരുക്കുന്നത്. ഓഫീസിൽ സമർപ്പിച്ച അപേക്ഷയുടെ പുരോഗതി അറിയാൻ എല്ലാ ദിവസവും ഓഫീസിൽ കയറിയിറങ്ങുന്ന പതിവിന് ഇതോടെ വിരാമമാകും. ജനങ്ങൾക്ക് വേഗത്തിൽ സേവനം ലഭ്യമാക്കാനും ഈ സംവിധാനത്തിലൂടെ കഴിയും. ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ അപ്പോൾ തന്നെ സ്കാൻ ചെയ്ത് ഡിജിറ്റൽ ഫയൽ ആക്കുകയാണ് ചെയ്യുന്നത്. ഓഫീസിനകത്ത് ഫയൽ പാഡിന്റെയും പേപ്പർ ഫയലുകളുടെയും ഉപയോഗം കുറച്ച് എല്ലാ സീറ്റിലും കമ്പ്യൂട്ടറിലൂടെ ഇ ഫയലുകളാണ് കൈകാര്യം ചെയ്യുന്നത്. ഇതോടെ പഞ്ചായത്ത് ഓഫീസ് ലെസ്സ് പേപ്പർ ഓഫീസായി മാറുകയാണ്. കേരളത്തിൽ വിരലിലെണ്ണാവുന്ന പഞ്ചായത്തുകൾ മാത്രമാണ് ഈ സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. അപേക്ഷകളും ഫയലുകളും കാണാതാവുന്ന പ്രശ്നങ്ങൾക്കും ഇനി വിരാമമാകും. എത്ര കാലത്തേയ്ക്കും ഫയലുകൾ സൂക്ഷിക്കാൻ കഴിയും. ഇ-ഫയൽ ട്രാക്കിങ്ങിന്റെയും ടച്ച് സ്ക്രീൻ സംവിധാനത്തിന്റെയും ഉദ്ഘാടനം 26-ാം തീയതി രാവിലെ 9 മണിയ്ക്ക് സി.എൻ.ജയദേവൻ എം.പി. നിർവ്വഹിച്ചു. കാർഷിക വികസന പ്രവർത്തനങ്ങൾക്കും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും കമ്പ്യൂട്ടർവൽക്കരണം വളരെ ഉപകാരപ്രദമാണ് എന്ന് അദ്ദേഹം പറഞ്ഞു. പഞ്ചായത്ത് പ്രസിഡന്റ് ഷീജ പവിത്രൻ അദ്ധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.ബി.തിലകൻ സ്വാഗതം പറഞ്ഞു. ഗ്രാമപഞ്ചായത്ത് സെക്രട്ടറി എം.എച്ച്. ഷാജിക് റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് മെമ്പർ അനിതാ രാധാകൃഷ്ണൻ, ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ കെ.കെ.ഭാനുമതി, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ടി.വി.ലത, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എ.എസ്.ഹൈദ്രോസ്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ പ്രേമവല്ലി രാഘവൻ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ വി.എ. ബഷീർ, ഐ.ഡി ഫ്രാൻസിസ് മാസ്റ്റർ ഗ്രാമപഞ്ചായത്ത് മെമ്പർമാരായ ശ്രീരേഖ ഷാജി, ഇ.എൽ.ജോസ്, മിനി വിൻസെന്റ്, എം.ജെ.റാഫി, രാജേഷ് കോമരത്ത്, പി.സി.കോമളവല്ലി എന്നിവർ ആശംസകൾ നേർന്നു. ഗ്രാമപഞ്ചായത്തംഗം ആനി ആന്റണി നന്ദി പറഞ്ഞു. വിദൂരഭാവിയിൽ സമ്പൂർണ്ണ ഇ-പഞ്ചായത്തായും പേപ്പർലെസ്സ് ഓഫീസുമായും മാറാനുള്ള ശ്രമങ്ങളുടെ ഭാഗമാണ് ഈ പരിപാടി നടപ്പാക്കുന്നതെന്ന് പഞ്ചായത്ത് പ്രസിഡന്റ് ഷീജ പവിത്രനും സെക്രട്ടറി എം.എച്ച്.ഷാജിക്കും പറഞ്ഞു. ◆

# കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംയോജനം
# കാർഷികമേഖലയ്ക്ക് പുത്തനുണർവ്വ്



വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് സംയോജിത നീർത്തട പരിപാലന പദ്ധതി (IWMP) മഹാത്മാഗാന്ധി ഗ്രാമീണ ദേശീയ തൊഴിലുറപ്പ് (MGNREGS) എന്നിവയുടെ സംയോജനത്തിലൂടെ കാർഷിക രംഗത്ത് പുതിയ ഉണർവ്വ് നൽകാൻ കഴിഞ്ഞിരിക്കുന്നു. പടിയൂർ ഗ്രാമപഞ്ചായത്തിലെ തെക്കോർത്ത് കോൾ പാട ശേഖരത്തിലെ 20 ഏക്കർ സ്ഥലം കഴിഞ്ഞ 15 വർഷത്തിലധികമായി കൃഷിയോഗ്യമല്ലാതെ ചണ്ടിയും കുളവാഴയും നിറഞ്ഞ് കിടക്കുകയായിരുന്നു. പാടശേഖരത്തിന്റെ ബണ്ടുകളും വയൽവരമ്പുകളും തകർന്നിരുന്നതിനാൽ കർഷകർ കൃഷി ചെയ്യാൻ കഴിയാതെ നിൽക്കുന്ന അവസരത്തിലാണ് ബ്ലോക്ക് പഞ്ചായത്ത് സംയോജിത നീർത്തട പരിപാലന പദ്ധതിയുമായി ഇവിടത്തെ കർഷകരെ സമീപിച്ചത്. എൻട്രി പോയിന്റ് ആക്റ്റിവിറ്റിയിൽ (ആരംഭപദ്ധതി) ഉൾപ്പെടുത്തി തകർന്നുപോയ കോൾ ബണ്ടുകൾ ജെസിബി ഉപയോഗിച്ച് പുനർനിർമ്മിച്ചു. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തരിശുപാടം ചണ്ടിയും കുളവാഴയും നീക്കി കൃഷിയോഗ്യമാക്കി. കൃഷി വകുപ്പിന്റെ സഹായവും ഉപയോഗപ്പെടുത്തി അൽപ്പം വൈകിയാണെങ്കിലും ഈ പാടശേഖരത്തിൽ കൃഷിയിറക്കാനും കാലവർഷം ആരംഭിക്കുന്നതിനു മുൻപെ മുഴുവൻ പാടവും കൊയ്തു തീർക്കാനായതിന്റെ സന്തോഷത്തിലാണ് കർഷകർ. കേന്ദ്ര ഫണ്ടുകളുടെ സംയോജനത്തിലൂടെ കാർഷികമേഖലയ്ക്ക് പുത്തനുണർവ്വ് നൽകാൻ കഴിയുമെന്ന് ജനപ്രതിനിധികളും കർഷകരും ഉദ്യോഗസ്ഥരും ചേർന്ന് തെളിയിച്ചിരിക്കുകയാണ്.◆

പ: ന്യൂ സർവ്വീസ്



# ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. 9001 : 2008 കരസ്ഥമാക്കിയ ഗ്രാമപഞ്ചായത്തുകൾ ദൃശ്യങ്ങളിലൂടെ

വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് (ഇടുക്കി ജില്ല)





മാണിക്കൽ ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം ജില്ല)



എടവിലങ്ങ് ഗ്രാമപഞ്ചായത്ത് (തൃശൂർ ജില്ല)



കരൂർ ഗ്രാമപഞ്ചായത്ത് (കോട്ടയം ജില്ല)





# പന്മന ഗ്രാമപഞ്ചായത്തിന്റെ സ്നേഹ സ്പർശം

## ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ

**18നും 38നും ഇടയിൽ പ്രായമുള്ള ഭിന്ന ശേഷിയുള്ളവരിൽ അന്തർലീനമായിരിക്കുന്ന കഴിവുകളെ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനും പകൽ പരിപാലനത്തിനുമായി പന്മന പഞ്ചായത്തിന്റെയും കുടുംബശ്രീ സി.ഡി.എസിന്റെയും സംയുക്ത സംരംഭം**

**18** വയസ്സിനു മുകളിൽ പ്രായമുള്ള മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പകൽപരിപാലനം, സ്വാശ്രിത ജീവിതനൈപുണ്യ പരിശീലനം, തൊഴിൽ പുനരധിവാസ ശ്രമങ്ങൾ, അനുബന്ധ പരിശീലനങ്ങൾ എന്നിവയ്ക്കായി ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രാഥമികമായി ആരംഭിക്കുവാൻ കേരള സർക്കാർ 06-04-2013-ലെ സഉ (കയ്യെഴുത്തു)നം.144/2013/തസ്വഭവ എന്ന ഉത്തരവ് പ്രകാരം അനുമതി നൽകി.

സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ രീതിയിലുള്ള കഴിയാവുന്നത്ര പേർക്ക് സ്വാശ്രയജീവിതം നയിക്കുന്നതിന് അവസരമൊരുക്കുകയും അവരെ ജനിച്ചു വളർന്ന സമൂഹത്തിന്റെ തന്നെ ഭാഗമാക്കി നിലനിർത്തുകയും ചെയ്യുന്ന രീതിയിൽ പ്രവർത്തനം ചിട്ടപ്പെടുത്തുകയും, വൊക്കേഷണൽ പരിശീലനം ഏർപ്പെടുത്തുകയും, 18 വയസ്സിൽ താഴെ പ്രായമുള്ളവർ സ്കൂൾ വിദ്യാഭ്യാസത്തിന് സാധ്യത തീരെ കുറവാണെങ്കിൽ അവർക്ക് കൂടി വിദ്യാഭ്യാസ സൗകര്യം ഏർപ്പെടുത്തുകയാണ് ലക്ഷ്യം. ഇതിനു വേണ്ടി പ്രത്യേക അയൽക്കൂട്ടങ്ങൾ, മാനേജ്മെന്റ് സമിതി എന്നിവയുടെ സഹകരണത്തോടെ തൊഴിൽ പരിശീലനം, പകൽപരിപാലനം, വരുമാനദായക പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കുകയും, ഈ വിഭാഗത്തിന് ആരോഗ്യപരിശോധന, ഉച്ചഭക്ഷണം, ഫിസിയോതെറാപ്പി തുടങ്ങിയവ ഏർപ്പെടുത്തുക, ഇവർക്ക് സാമൂഹ്യാധിഷ്ഠിത പുനരധിവാസം ഉറപ്പുവരുത്തുന്നതിന് സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും പിന്തുണ ഉറപ്പിക്കേണ്ടതുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനമെന്ന നിലയ്ക്ക് മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ സ്ഥിതി വിവര കണക്കുകളുടെ ശേഖരണവും, അവസ്ഥാവിലയിരുത്തലും സി.ഡി.എസ്, അംഗനവാടികൾ, സബ്സെന്ററുകൾ എന്നിവകളുടെ സഹായത്തോടെ 27 കുട്ടികളെ കണ്ടെത്തി അപേക്ഷ പൂരിപ്പിച്ച് വാങ്ങി പ്രവേശനം ഉറപ്പാക്കിയിട്ടുണ്ട്. മാനസിക വെല്ലുവിളികൾ നേരിടുന്ന മുഴുവൻ പേരെയും (കുടുംബം) ഉൾപ്പെടുത്തി. ഉ(പി)നം 162/2011/തസ്വഭവതീയതി 29/07/2011ലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളതു പ്രകാരം പ്രത്യേക അയൽക്കൂട്ടവും, സ്പെഷ്യൽ എ.ഡി.എസ്സും, മാനേജ്മെന്റ് കമ്മിറ്റിയും ഗ്രാമപഞ്ചായത്തിന്റെ കീഴിൽ രൂപീകരിച്ച് രക്ഷിതാക്കളുടെ പൂർണ്ണമായ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്. പ്രവേശന അപേക്ഷ നൽകിയ മുഴുവൻ പേരുടെയും കേസ് ഹിസ്റ്ററി തയ്യാറാക്കി ഗ്രൂപ്പ് ചെയ്ത് വെച്ചിട്ടുണ്ട്. ജില്ലാതല അനുമതിക്കായി ജില്ലാ ഉപദേശകസമിതിക്ക് അപേക്ഷയും സമർപ്പിച്ചു.

സ്ഥാപനത്തിന് ആവശ്യമായ 30 പേർക്ക് യാത്ര ചെയ്യാനുള്ള വാഹനം ക്വട്ടേഷൻ ക്ഷണിച്ച് വാടകയ്ക്ക് എടുത്തിട്ടുണ്ട്. പഞ്ചായത്ത് വക 11 സെന്റ് സ്ഥലത്ത് 800 സ്ക്വയർഫീറ്റ് രണ്ട് ബാത്ത്റൂമുകളോടു കൂടി ഒരു കെട്ടിടവും ഏകദേശം 200 സ്ക്വയർഫീറ്റിൽ ഭക്ഷണം പാകം ചെയ്യുവാനും ഇരുന്നു കഴിക്കുവാനുമുള്ള സ്ഥലവും 600 സ്ക്വയർഫീറ്റിൽ ഒരു വർക്ക്ഷോപ്പും സജ്ജീകരിച്ചിട്ടുണ്ട്. വെള്ളവും വൈദ്യുതിയും ഉറപ്പാക്കി

യിട്ടുണ്ട്. മുറ്റം ഇന്റർലോക്ക് കട്ടയിട്ട് വെടിപ്പാക്കി മുഴുവൻ ചുറ്റുമതിലും പണിത് രണ്ട് ഗേറ്റും, ഒരു ചെറിയ പൂന്തോട്ടവും സജ്ജീകരിച്ചിട്ടുണ്ട്. കുട്ടികൾക്ക് ഇരിക്കുവാനും കളിക്കുവാനുമുള്ള എല്ലാ സജ്ജീകരണങ്ങളും, ടിവി കാണുവാനും പാട്ട് കേൾക്കുവാനുമുള്ള സജ്ജീകരണങ്ങളും ഏർപ്പെടുത്തി. ആവശ്യം വേണ്ട എല്ലാ അകസാമാനങ്ങളും വാങ്ങി സൂക്ഷിച്ചിട്ടുണ്ട്.

രണ്ട് റീഹാബിലിറ്റേഷൻ അദ്ധ്യാപകരെയും രണ്ട് ആയ കംകുക്കിനെയും സെലക്ഷൻ നടത്തി സേവനത്തിന് ഉറപ്പാക്കിയിട്ടുണ്ട്. വർദ്ധിച്ചുവരുന്ന ജീവിത ചെലവിനനുസരിച്ച് ശമ്പളം നൽകുവാൻ ഉദാരമതികളുടെ സഹായം ആവശ്യമാണ്. അന്തസ്സോടെ എല്ലാ അവകാശങ്ങളോടും കൂടി സമൂഹത്തിൽ സ്വതന്ത്രരായി എല്ലാവരെയും പോലെ ജീവിക്കുവാൻ ഇവരെ പ്രാപ്തരാക്കേണ്ട ചുമതല രക്ഷിതാക്കളോടൊപ്പം സമൂഹത്തിനുണ്ടെന്ന ഗ്രാമപഞ്ചായത്തിന്റെ കണ്ടെത്തലാണ് ഈ സ്ഥാപനം ഒരുക്കുവാൻ പഞ്ചായത്തിനെ പ്രേരിപ്പിച്ചത്. പങ്കാളിത്തം കൊണ്ട് ധന്യമായെങ്കിലേ ഈ സ്ഥാപനം വിജയിക്കുകയുള്ളു. രക്ഷിതാക്കളെ പങ്കെടുപ്പിക്കുകയും അവരുടെ പ്രശ്നങ്ങൾ കേൾക്കുകയും, നിർദ്ദേശങ്ങൾ പരിഗണിക്കുകയും



സംസ്ഥാനത്തെ ആദ്യ ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പത്മന ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ ഉദ്ഘാടനം ചെയ്യുന്നു. തൊഴിൽവകുപ്പ് മന്ത്രി ഷിബുബേബി ജോൺ, പഞ്ചായത്തു പ്രസിഡന്റ് അഡ്വ. ഇ. യൂസഫ് കുഞ്ഞ് തുടങ്ങിയവർ സമീപം.






വസ്തുനിഷ്ഠമായ വിവരങ്ങൾ കൈമാറുകയും ചെയ്യലാണ് പങ്കാളിത്വത്തിന്റെ പ്രധാന ഘടകം.

പരിശീലനത്തിന്റെ പാഠ്യക്രമം യൗവ്വനസ്വാശ്രിത ജീവിത നൈപുണിയാണ് വിഷയം. കുട്ടികൾ ദൈനംദിന ജീവിതനൈപുണി പരിശീലനം അവലംബിക്കുകയാണ് ഉദ്ദേശം. അടിസ്ഥാനവിദ്യകൾ, സ്വാശ്രിത ബോധനം, തൊഴിൽസ്ഥല വ്യവഹാരം, തൊഴിലും വരുമാനവും, കുടുംബജീവിത വിദ്യാഭ്യാസം അവകാശബോധം എന്നീ വിഷയങ്ങൾക്കാണ് ഊന്നൽ കൊടുക്കുന്നത്.

ബഡ്സ് സ്കൂൾ ആരംഭിക്കുവാനായിട്ടാണ് ഗ്രാമപഞ്ചായത്ത് ആദ്യം ഈ സ്ഥലവും കെട്ടിടവും സൗകര്യപ്പെടുത്തി വരുന്നത്. എന്നാൽ കേന്ദ്ര വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ ഇരിക്കുവാനെങ്കിലും കഴിയുമെങ്കിൽ പൊതു വിദ്യാലയങ്ങളിൽ തന്നെ പഠിപ്പിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. അത് പൂർണ്ണമായും വിജയിച്ചുകാണുന്നു. മറ്റുള്ള കുട്ടികളോടൊപ്പം ഈ കുട്ടികളും കാലക്രമത്തിൽ നടക്കുവാനും ഓടുവാനും ബുദ്ധിവികസിക്കുവാനും കഴിഞ്ഞിട്ടുള്ള നിരവധി ഉദാഹരണങ്ങൾ പഞ്ചായത്തിൽ തന്നെ കാണാം. അതുകൊണ്ട് ഈ വിഭാഗം കുട്ടികൾക്കുള്ള സ്പെഷ്യൽ സ്കൂളുകൾ ആവശ്യമില്ലെന്ന് കണ്ടാണ് സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ 18 വയസ്സുള്ള കുട്ടികളെ പുനരധിവസിപ്പിക്കുവാനായി ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ തുടങ്ങുവാൻ കേരള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. അതനുസരിച്ചാണ് പന്മനഗ്രാമപഞ്ചായത്ത് ഭരണസമിതി ഈ ഉദ്യമത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ തുടങ്ങിയത്. ഇതൊരു വെല്ലുവിളിയായി ഞങ്ങൾ ഏറ്റെടുക്കുന്നതെങ്കിലും നാടിന്റെ സഹകരണവും സഹായവും ഉദ്യോഗസ്ഥരുടെ സേവനസന്നദ്ധതയും ലഭിച്ചാൽ ഈ വെല്ലുവിളികൾ ഒരു പൂമെത്തയായി തീരുമെന്ന് ഞങ്ങൾ കരുതുന്നു. അതുവഴി പന്മന പഞ്ചായത്തിലെ ആശ നഷ്ടപ്പെട്ട കുറെ കുടുംബങ്ങൾക്ക് ഒരു കൈത്തിരി തെളിയിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ സ്ഥാപനം ഏറ്റെടുക്കുമ്പോൾ പഞ്ചായത്തിന്റെ മുന്നിൽ മനസ്സിലാക്കുവാൻ മാതൃകയായി ഒരു സ്ഥാപനവുമില്ല. അതുകൊണ്ട് അനുഭവങ്ങളിലൂടെ വീഴ്ചകൾ ഉണ്ടെങ്കിൽ തിരുത്തേണ്ടതുണ്ട്. പന്മനക്കാർക്ക് അഭിമാനിക്കാം. കേരള സംസ്ഥാനത്തെ ആദ്യ സംരംഭവുമാണ്.

**അഡ്വ.ഇ.യൂസുഫ്കുഞ്ഞ്**
പ്രസിഡന്റ്, പന്മന ഗ്രാമപഞ്ചായത്ത്

*മാനസിക വെല്ലുവിളികൾ നേരിടുന്ന കുഞ്ഞുങ്ങൾ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നകറ്റപ്പെടുമ്പോൾ അവരുടെ വളർച്ചയുടെ ഓരോഘട്ടങ്ങളെയും വർദ്ധിച്ച ആശങ്കയോടും വേദനകളോടുംകൂടിയാണ് സ്വന്തം മാതാപിതാക്കൾ പോലും നോക്കിക്കാണുന്നത്. വിദ്യാഭ്യാസത്തിനായുള്ള ഇത്തരം കുഞ്ഞുങ്ങളുടെ അവകാശം സംരക്ഷിക്കുന്നതിന് കുടുംബശ്രീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിൽ വരുത്തിയ ബഡ്സ് സ്കൂൾ എന്ന ആശയത്തിലൂടെ ഒരളവുവരെ സാധ്യമായിട്ടുണ്ട്. സ്കൂൾ വിദ്യാഭ്യാസകാലഘട്ടം കഴിയുന്ന ഇത്തരം കുഞ്ഞുങ്ങളുടെ മാതാപിതാക്കളുടെ മനസ്സിൽ നിന്നുയരുന്ന ഏറ്റവും പ്രസക്തമായ ഒരു ചോദ്യമാണ് ഇനിയെന്ത്? എന്നത്. സാമൂഹ്യപ്രതിബദ്ധതയോടെ പ്രവർത്തിക്കുന്ന കുടുംബശ്രീ ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ ശ്രമിക്കുകയാണ്. ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ എന്ന ആശയത്തിലൂടെ 18 വയസ്സിനു മുകളിലുള്ള നന്മമാത്രം കൈമുതലാക്കിയ ഈ ലോകത്തിന്റെ തിന്മകളെ അറിയാത്ത വിഭിന്നശേഷിയുള്ള വ്യക്തികൾ ഇവിടെ ഒന്നിക്കുമ്പോൾ അവരുടെ പകൽ പരിപാലനം മാത്രമല്ല കഴിവുകൾ തിരിച്ചറിഞ്ഞ് പരിശീലനങ്ങളിലൂടെ ഉപജീവന വികസനം കൂടി കുടുംബശ്രീ ലക്ഷ്യംവയ്ക്കുന്നു. ഈ ആശയം സംസ്ഥാനതലത്തിൽതന്നെ സുസജ്ജമായ നിലയിൽ പ്രാവർത്തികമാക്കാൻ മുന്നിട്ടിറങ്ങിയ പന്മന ഗ്രാമപഞ്ചായത്തിനും കുടുംബശ്രീ സി.ഡി.എസിനും അഭിനന്ദനങ്ങൾ. ഇവിടെയെത്തിച്ചേരുന്ന ഓരോരുത്തർക്കുമൊപ്പം ഞങ്ങളുണ്ട് എന്ന ബോധ്യപ്പെടുത്തുന്നതാവട്ടെ ഇതിന്റെ പ്രവർത്തനം. സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ചുവടുവയ്ക്കാൻ നമുക്കിവരെ തുണയ്ക്കാം.*

*വിദ്യാസമ്പന്നരും സംസ്ക്കാര സമ്പന്നരുമെന്ന് ഊറ്റം കൊള്ളുന്ന നമുക്ക് ചുറ്റും ഒരു കൂട്ടം മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ നോക്കി വിങ്ങുന്ന മനസ്സും വിതുമ്പുന്ന മുഖവുമായി വിധിയോട് മല്ലിടുന്ന കാഴ്ച നമ്മൾ കണ്ടിട്ടും കാണാതെ പോകുന്നു. "തങ്ങളുടെ കാലം കഴിഞ്ഞാൽ ഇനി എന്ത്?" ഈ ചോദ്യത്തിനു മുന്നിൽ പകച്ചുനിൽക്കുന്ന ഇവരുടെ പൊള്ളുന്ന മനസ്സിലേക്ക് കനിവിന്റെ, കരുണയുടെ സ്വാന്തനമേകാൻ നമുക്ക് കഴിയുമോ? സാമൂഹ്യജീവിയായ മനുഷ്യന് ചുറ്റുപാടുമുള്ളവയോട് വിശേഷിച്ചും ഇതര മനുഷ്യരോട് തനതായ കടപ്പാടുകളും ബാധ്യതയുമുണ്ട്. ശാരീരികവും മാനസികവും ആയ വെല്ലുവിളികൾ നേരിടുന്നവരും ഭിന്നശേഷിയുള്ളവരുമായ ഒരു ചെറുവിഭാഗം ആരാലും ശ്രദ്ധിക്കാതെ പൊതുധാരയിൽ നിന്നകന്ന് കഴിയുന്നു. തങ്ങളുടേതായ മാത്രം ഒരു ലോകത്ത് അല്ലെങ്കിൽ അവരുടെ കുടുംബത്തിൽ നിരാശ്രയരും നിരാശരും മാത്രം ആയി കഴിയേണ്ടിവരുന്ന ഇവരെ കഴിയുന്നത്ര പൊതുധാരയിൽ എത്തിക്കുക എന്നത് പരിഷ്കൃത സമൂഹത്തിന്റെ ബാധ്യതയാണ്. ഇത്തരക്കാർ പലപ്പോഴും കുടുംബത്തിന്റെ മാത്രം ചുമതലയിലായിരിക്കുന്ന ഒരു കാഴ്ചയാണ് നമ്മുടെ മുന്നിലുള്ളത്. പലപ്പോഴും അവരിൽ അന്തർലീനമായിട്ടുള്ള പല കഴിവുകളും പുറംലോകത്തിന് ലഭിക്കാതെയും വരുന്നു.*

*ഇത്തരം സാഹചര്യത്തിലാണ് സംസ്ഥാനത്ത് ആദ്യമായി പന്മന ഗ്രാമപഞ്ചായത്ത് കുടുംബശ്രീയുമായി ചേർന്ന് ക്രിയാത്മകവും ഫലപ്രദവുമായ ഒരു സംരംഭത്തിന് "ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ" എന്ന പേരിൽ ഒരു പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത്.*

10-ാം പേജിൽ നിന്നും തുടർച്ച

സംരംഭങ്ങൾ, ജെന്റർ, ബാലസഭ, എംകെഎസ്പി - മൃഗസംരക്ഷണം, ആശ്രയ-ബഡ്സ്-ട്രൈബൽ എന്നിങ്ങ നെയാണ് സമാന്തര വിഷയാടിസ്ഥാന സെമിനാറുകൾ സംഘടിപ്പിച്ചത്. വിവിധ ജില്ലകളിൽ കുടുംബശ്രീ വാർഷികത്തിന്റെ ഭാഗമായി നടത്തിയ ഫ്ളാഗ് ഷിപ്പ് സെമിനാറുകളുടെ ക്രോഡീകരമാണ് ഓരോ വേദികളിലും നടന്നത്.

ആഘോഷ പരിപാടികളുടെ രണ്ടാം ദിവസമായ 13/8/2014-ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ/ എൻആർഎൽഎം പ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും അനുഭവങ്ങൾ പങ്കിടൽ സെഷനായിരുന്നു. പ്രസ്തുത സെഷനിൽ വിശിഷ്ട അതിഥിയായി കർണാടക ഗ്രാമവികസന-പഞ്ചായത്ത്രാജ് മന്ത്രി എച്ച്. കെ. പാട്ടീൽ പങ്കെടുത്തു. കുടുബശ്രീ ഗാന്ധിജിയുടെ സങ്കൽപം സാക്ഷാത്കരിച്ച പ്രസ്ഥാനമാണെന്നും സ്വയം തൊഴിൽ സംരംഭങ്ങളിലൂടെ സ്വയം പര്യാപ്തയും സ്വാശ്രയത്വവും ആർജ്ജിച്ചതാണ് കേരളത്തിന്റെ മഹത്തായ മാതൃകയെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുമായി ഫലപ്രദമായ സംയോജനം ഉറപ്പുവരുത്തിയും സ്വയംതൊഴിൽ മേഖലയിലെ സ്ത്രീകൾക്ക് കൂടുതൽ അവസരമൊരുക്കിയും ദാരിദ്ര്യനിർമ്മാർജ്ജനവും സ്ത്രീശാക്തീകരണവും സാധ്യമാകുന്നതിന് കുടുംബശ്രീയുടെ പാദസ്പർശം കർണാടക സംസ്ഥാനത്ത് പതിയുകയാണെന്ന് പഞ്ചായത്ത്-സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം.കെ.മുനീർ അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. കർണാടക സംസ്ഥാനത്തിന് അവരുടേതായ സ്വയംസഹായ സംഘങ്ങളുണ്ട്. അവിടുത്തെ ഗ്രാമീണമേഖലയിലെ സ്ത്രീകളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിന് കർണാടക സംസ്ഥാനവുമായി കുടുംബശ്രീ കൈകോർക്കുകയാണ്. ദാരിദ്ര്യനിർമ്മാർജ്ജനം, സ്ത്രീശാക്തീകരണം എന്നി മേഖലകളിലെ കുടുംബശ്രീയുടെ കഴിഞ്ഞ 16 വർഷത്തെ അറിവുകൾ മുഴുവൻ ഇതിനായി കൈമാറും. ഇതിനായി കേരളത്തിന്റെ എല്ലാവിധ പിന്തുണയും കർണാടക സംസ്ഥാനത്തിനുണ്ടാകുമെന്ന് മന്ത്രി അറിയിച്ചു.

'കേരളത്തിലെ കൃഷി'- ജല മേഖലകൾ സംരക്ഷിക്കാൻ കുടുംബശ്രീ പ്രവർത്തകർ മുന്നോട്ടുവരണമെന്ന് യോഗത്തിൽ പങ്കെടുത്ത കൃഷി-മൃഗസംരക്ഷണ വകുപ്പ് മന്ത്രി കെ.പി. മോഹനൻ പറഞ്ഞു. കുടുംബശ്രീയുടെ കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുമായുള്ള ധാരണാപത്രം മന്ത്രി ഡോ. എം.കെ. മുനീറിനു നൽകി പ്രകാശനം ചെയ്തു.

2014 ജൈവകൃഷി വർഷമായി സംസ്ഥാനത്ത് നടപ്പാക്കുകയാണ് ജൈവകൃഷിയിലൂടെ കാർഷികമേഖലയിലെ ശ്രദ്ധേയമായ മുന്നേറ്റം നടത്തുന്ന മൂന്ന് കുടുംബശ്രീ യൂണിറ്റുകൾക്ക് പ്രത്യേക സമ്മാനം ഉണ്ടായിരിക്കുമെന്നും മന്ത്രി പ്രഖ്യാപിച്ചു.

കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗസൈനേഷൻ 2013, 2014 വാർഷിക റിപ്പോർട്ട് ജമില പ്രകാശം എം എൽ എ മന്ത്രി ഡോ എം.കെ. മുനീറിന് നൽകി പ്രകാശനം ചെയ്തു.

പുസ്തകയാത്ര സമാഹരത്തിൽ നിന്നു തിരഞ്ഞെടുത്ത മുപ്പതു അനുഭവകഥകൾ ഉൾപ്പെടുത്തിയ 'ആൻ ഓർഡിനറി എക്സ്ട്രാ ഓർഡിനയർ' പുസ്തകം അൻവർ സാദത്ത് എം എൽ എ മന്ത്രി കെ പി മോഹനന് നൽകി പ്രകാശനം ചെയ്തു.











ആസാം, ബീഹാർ ജാർഖണ്ഡ്, കർണാടക, ഒഡീഷ്യ തുടങ്ങിയ സംസ്ഥാനങ്ങളിലെ താഴേതട്ടിൽ പ്രവർത്തിച്ച് നേതൃത്വനിരയിലേക്ക് ഉയർന്നുവന്ന നിരാല പാറ്റർ, അബ്ബുദേവി, മാലതി ലാക്ര,സുമംഗല കാറിഗൗഡർ, സന്ധ്യാ റാണി പാൽ എന്നി വനിതകളെ എൻ ഷംസുദ്ദീൻ എം എൽ എ ആദരിച്ചു തുടർന്ന് ഇവർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു.

കുടുംബശ്രീ ഗവേണിങ്ങ് ബോഡി അംഗം എം അബ്ദുള്ള കുട്ടി സ്വാഗതം പറഞ്ഞു. നാഷണൽ റിസോഴ്സ് ഓർഗസൈനേഷൻ ചീഫ് ഓപറേറ്റിംഗ് ഓഫീസർ ലിബി ടി ജോൺസൺ വിവിധ സംസ്ഥാനങ്ങളിലെ പ്രതിനിധികളെ പരിചയപ്പെടുത്തി. കുടുബശ്രീ മാതൃക കർണാടക സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറ്കടർ കെ. ബി വത്സല കുമാരി, കർണാടക സ്റ്റേറ്റ് റൂറൽ ലൈവ്ലിഹുഡ്സ് പ്രമോഷൻ സൊസെറ്റി മിഷൻ ഡയറ്ക്ടർ ഡോ സി. വി സ്വാമി എന്നിവർ ധാരണാപത്രം ഒപ്പുവച്ചു.

കുടുംബശ്രീ 16-ാം വാർഷിക അഘോഷങ്ങളുടെ സമാപന ദിവസം ആരംഭിച്ചത് 14/8/2014-ന് രാവിലെ 10.00 മണിക്ക് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടന്ന ഭമാധ്യമങ്ങളും കുടുംബശ്രീയും മുഖാമുഖം എന്ന ഇന്റർആക്ടീവ് സെഷനോടു കൂടിയാണ് പരിപാടിക്ക് തുടക്കമായത്. പ്രസ്തുത സെഷൻ പ്രസിദ്ധ ദേശീയ മാധ്യമ പ്രതിഭയായ പി സായ്നാഥ് ഉദ്ഘാടനം ചെയ്ത് വിഷയാവതരണം നടത്തി. ജൈവകൃഷിയിലൂടെ ഭക്ഷ്യസുരക്ഷ മാത്രമല്ല ഭക്ഷ്യനീതി കൂടി ഉറപ്പു വരുത്തിയ സ്ഥാപനമാണ് കുടുംബശ്രീയെന്ന് പി സായ്നാഥ് പറഞ്ഞു.
കുടുംബശ്രീയുടെ കഴിഞ്ഞകാല പ്രവർത്തനങ്ങളിലുള്ള ലിംഗനീതിയും സാമൂഹ്യനീതിയും കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീ നിരവധി ആശയങ്ങളുമായി മുന്നോട്ടു പോകുന്നു. നാൽപ്പത്തിയൊന്നു ലക്ഷം സാധാരണക്കാരായ സ്ത്രീകൾ സാമൂഹ്യനീതിയും ഭക്ഷ്യസുരക്ഷയയും ഉറപ്പു വരുത്താൻ വേണ്ടി നിലകൊളളുന്ന സ്ത്രീകൂട്ടായ്മയാണ്.

കുടുംബശ്രീ രാഷ്ട്രീയ പാർട്ടികൾക്കതീതമാണ്. എങ്കിലും അതിന് വളരെ വ്യക്തമായ ഒരു രാഷ്ട്രീയ മുഖമുണ്ട്. അത് സാമൂഹ്യ -സാമ്പത്തിക -പരിസ്ഥിതി-സൂക്ഷ്മതല രാഷ്ട്രീയത്തിന്റെ മുഖമാണ്. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിച്ച കുടുംബശ്രീ വനിതകൾക്ക് വളരെ വ്യക്തമായ രാഷ്ട്രീയമുണ്ടായിരുന്നവരാണ്. എന്നാൽ ഈ രാഷ്ട്രിയ നിലപാടുകൾകൊണ്ട് കുടുംബശ്രീയെ തകർക്കാനല്ല മറിച്ച് പ്രസ്ഥാനത്തെ ശക്തിപ്പെടുത്താനാണ് ഈ വനിതകൾ ഉപയോഗിച്ചത്. ഇത് തികച്ചും അഭിനന്ദനാർഹമാണ്.

സമൂഹത്തിൽ നിലനിൽക്കുന്ന നിരവധി ചോദ്യങ്ങൾക്കുള്ള മറുപടിയാണ് കുടുംബശ്രീയെന്നും മാധ്യമങ്ങളുടെ നിരന്തരമായ ശ്രദ്ധ പതിക്കുന്ന വിധത്തിൽ ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ കൂടുതൽ കരുത്താർജിച്ച് കുടുംബശ്രീ മുന്നോട്ടുവരണമെന്നും അധ്യക്ഷപ്രസംഗത്തിൽ കെ.എം. ഷാജി എം.എൽ.എ പറഞ്ഞു.

തുടർന്ന് 14 ജില്ലകളിലെ സിഡിഎസ് ചെയർപേഴ്സൺമാരും മാധ്യമപ്രവർത്തകും തമ്മിലുള്ള സംവാദം നടന്നു പ്രസ്ക്ലബ് പ്രസിഡന്റ് പി.പി. ജയിംസ്, പ്രസ്ക്ലബ് വനിതാ ഫോറം പ്രസിഡന്റ് സിനി ബാബു, ദി ഹിന്ദു ബ്യൂറോ ചീഫ് ഗൗരീദാസൻ നായർ, എഴുത്തുകാരിയും മാധ്യമപ്രവർത്ത







കയുമായ കെ. ബീന, ടെലിവിഷൻ വാർത്താ അവതാരകയായ വീണ ജോർജ്, അപർണ കുറുപ്പ്, കേരളകൗമുദി ഡെപ്യൂട്ടി എഡിറ്ററും ജേർണലിസ്റ്റ് ഇൻസ്റ്റിറ്റ്യൂഷൻ ഡയറക്ടറുമായ എസ്. രാധാകൃഷ്ണൻ എന്നിവർ സംവാദത്തിൽ പങ്കെടുത്തു.

കുടുംബശ്രീ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം അഡ്വ.സ്വപ്ന ജോർജ് സ്വാഗതം പറഞ്ഞു. കുടുംബശ്രീ ഗവേണിംഗ്ബോഡി അംഗങ്ങളാ യ സി.എസ്. ജീജാദാസ്, ഷെർലി സ്റ്റീഫൻ, ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഇ.കെ. പ്രകാശ് എന്നിവർ ആശംസാ പ്രസംഗം നടത്തി. കുടുംബശ്രീ പ്രോഗ്രാം മാനേജർ ഡോ.എസ്. സലീം കൃതജ്ഞത അറിയിച്ചു.

കുടുംബശ്രീ 16-ാം വാർഷികവുമായി ബന്ധപ്പെട്ട് മൂന്നു ദിവസങ്ങളിലായി സംഘടിപ്പിച്ച എല്ലാ സെഷനുകളിലും ബഹു. പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രിയും കുടുംബശ്രീയുടെ ചെയർമാനുമായ ഡോ. എം.കെ. മുനീർ അവർകളുടെ സജീവ സാന്നിദ്ധ്യവും പ്രോത്സാഹനവും വിവിധ ജില്ലകളിൽ നിന്നും പങ്കെടുത്ത കുടുംബശ്രീ അംഗങ്ങളെ അവേശഭരിതരാക്കി. അദ്ദേഹത്തിന്റെ മാർക്ഷനിർദ്ദേശവും കർമ്മോത്സുകതയും കുടുംബശ്രീയുടെ ഭാവി പ്രവർത്തനങ്ങൾക്ക് അങ്ങേയറ്റം പ്രചോദനവും ഗതിവേഗവും നൽകുന്നതാണെന്ന് പൊതുവേ വിലയിരുത്തപ്പെട്ടു.

ഉച്ചയ്ക്ക് 12.00 മണിക്ക് നിശാഗന്ധി ഓഡിറ്റോറിയത്തിൽ 'ചെറുത്തുനിൽപ്പിന്റെ പ്രതീകങ്ങൾ' എന്ന വിഷയത്തിലെ സിംബോസിയം പ്രശസ്ത കവിയത്രിയും പരിസ്ഥിതി സ്നേഹിതയുമായി ശ്രീമതി സുഗതകുമാരി ഉദ്ഘാടനം ചെയ്തു. പ്രകൃതിയെയും മണ്ണിനേയും പൂക്കളേയും മൃഗങ്ങളെയും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും അവയെ മനുഷ്യജീവിതവുമായി സമഞ്ജസമായി സമ്മേളിപ്പിക്കേണ്ടതിന്റെ ആവശ്യകതയും അവർ എടുത്തുപറഞ്ഞു. കുടുംബശ്രീ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം കുഞ്ഞഹമ്മദ് സ്വാഗതം ആശംസിച്ച ചടങ്ങിൽ ഉജ്വലമായ സ്ത്രീ ശാക്തീകരണ അനുഭവ വിശദീകരണ സന്ദേശ സംഭാഷണങ്ങൾ നൽകി കൊണ്ട് പരിണിതപ്രജ്ഞരും വിവിധ മേഖലകളിൽ പ്രശസ്തരുമായ വന്ദനശിവ, മണിശങ്കർ അയ്യർ, എൻ ആർ മാധവ മേനോൻ, സി.പി ജോൺ, ഡോ. സുനിതാ കൃഷ്ണൻ, അഡ്വ. നൂർബിന റഷീദ്, ഡോ. ആർ.എസ് സിന്ധി എന്നിവർ സംസാരിച്ചു. കുടുംബശ്രീ പ്രോഗ്രാം ഓഫീസർ ടി. ഷാഹുൽ ഹമീദ് നന്ദി പ്രകാശിപ്പിച്ചു.

സമാപന സമ്മേളനം വൈകുന്നേരം 3.00 മണിക്ക് കേരള ഗവണർ ശ്രീമതി ഷീല ദീക്ഷിത് ഉദ്ഘാടനം നിർവ്വഹിച്ചു. കേരള മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അദ്ധ്യക്ഷനായിരുന്നു. പ്രസ്തുത യോഗത്തിൽ പഞ്ചായത്ത്, സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ സ്വാഗതം ആശംസിച്ചു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, കെ.ബി. വത്സലകുമാരി നന്ദി അറിയിച്ചു. പ്രസ്തുത യോഗത്തോടനുബന്ധിച്ച് തിരുവനന്തപുരം ജില്ലയിലെ ബാലസഭാ കുട്ടികളും കുടുംബശ്രീ അംഗങ്ങളും ചേർന്ന് അവതരിപ്പിച്ച നൃത്ത ശിൽപം വളരെ അസ്വാദ്യകരവും ഹൃദ്യവുമായിരുന്നു. കേരള ഗവർണ്ണർ, മുഖ്യമന്ത്രി, പഞ്ചായത്ത് സാമൂഹ്യ നീതി വകുപ്പ് മന്ത്രി, മറ്റു പ്രമുഖ വ്യക്തികൾ എന്നിവരുൾപ്പെട്ട പ്രൗഡഗംഭീരമായ സദസ്സ് നൃത്തശിൽപം നിറഞ്ഞ മനസ്സോടെ അസ്വദിച്ചു. ◆

# വായനയുടെ മഹത്വം മലയാളിയെ പഠിപ്പിച്ചത് പി.എൻ.പണിക്കർ

വായനയുടെ മാഹാത്മ്യം മലയാളിയെ പഠിപ്പിക്കാനായി ജീവിതം ഉഴിഞ്ഞുവച്ചയാളാണ് പി.എൻ.പണിക്കരെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി, പി.എൻ.പണിക്കർ ഫൗണ്ടേഷൻ, സംസ്ഥാന പബ്ലിക് റിലേഷൻസ് വകുപ്പ്, വിദ്യാഭ്യാസ- പഞ്ചായത്ത് വകുപ്പുകൾ എന്നിവർ കേരളത്തിലുടനീളം സംയുക്തമായി സംഘടിപ്പിച്ച വായനദിന-വാരാചരണത്തിന്റെയും വായനദിനാഘോഷത്തിന്റെയും സംസ്ഥാനതല ഉദ്ഘാടനം കനകക്കുന്ന് കൊട്ടാരത്തിലെ  പ്രൗഢഗംഭീരമായ ചടങ്ങിൽ നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ നിന്നും കോളേജുകളിൽ നിന്നും ലഭിക്കുന്ന അറിവിനു പുറമേ വായനയിലൂടെ നേടിയെടുക്കുന്ന അറിവിനും വലിയ പ്രാധാന്യമുള്ളതും അതിന് പരിധിയില്ലാത്തതുമാണ്. വായനശാലകൾ കുഗ്രാമങ്ങളിൽപ്പോലും കെട്ടിപ്പടുക്കുന്നതിനും അറിവിലൂടെ ശാക്തീകരിക്കുവാൻ ജനങ്ങളെ പ്രേരിപ്പിച്ച മഹത്‌വ്യക്തിത്വവുമാണ് പി.എൻ.പണിക്കരുടേതെന്നും, അദ്ദേഹത്തിന്റെ ആത്മാർത്ഥത നിറഞ്ഞ കഠിനാധ്വാനം തനിക്ക് അനുഭവപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹവുമായിട്ടുള്ള ദീർഘനാളത്തെ ബന്ധം തന്നെയും ശക്തിപ്പെടുത്തിയിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. അറിവിന്റെ വെളിച്ചം പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് പുതിയ തലമുറയിലേയ്ക്ക് എത്തിക്കുവാൻ  പി.എൻ.പണിക്കർ ഫൗണ്ടേഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഗ്രാമങ്ങളിലെ ജനങ്ങൾ ഉൾപ്പെടെ സാധാരണക്കാർക്ക് വായനയുടെ അനുഭൂതി എത്തിക്കുവാൻ പി.എൻ.പണിക്കർ ചെയ്ത സേവനങ്ങൾ മഹത്തരമാണെന്നും സാങ്കേതിക വിദ്യയുടെ പുത്തൻ സാധ്യതകൾ പരമാവധി ഉൾപ്പെടുത്തി വായന പ്രോത്സാഹിപ്പിക്കുന്ന സമ്പൂർണ ഇ-സാക്ഷരത പദ്ധതികൾക്ക് പി.എൻ.പണിക്കർ ഫൗണ്ടേഷനിലൂടെ സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. അതിനായി സ്കൂളുകളിലെ ലൈബ്രറികൾ ഡിജിറ്റൽ സൗകര്യത്തോടെ വിപുലീകരിക്കുവാൻ നിർദ്ദേശം നൽകിയതായി ചടങ്ങിൽ അധ്യക്ഷത വഹിച്ച വിദ്യാഭ്യാസ മന്ത്രി പി.കെ.അബ്ദുറബ്ബ് അറിയിച്ചു.

കേരളം സമ്പൂർണ സാക്ഷരത നേടിയതിൽ  പി.എൻ.പണിക്കർ






പ്രധാന പങ്ക് വഹിച്ചിട്ടുണ്ടെന്ന് ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ രാജ്യസഭാ ഉപാധ്യക്ഷൻ പ്രൊഫ. പി.ജെ.കുര്യൻ പറയുകയുണ്ടായി. വായനശീലം സാധാരണക്കാരിൽ എത്തിക്കുന്നത് അദ്ദേഹത്തിന്റെ പ്രവർത്തന ശൈലിയിൽ അലിഞ്ഞു ചേർന്നതാണ്. വായനയെ ജീവിത വിജയത്തിന്റെയും വ്യക്തി വികസനത്തിന്റെയും ഉപാധിയായിട്ടാണ് അദ്ദേഹം കണ്ടിരുന്നത്. സൗഹൃദത്തിലധിഷ്ഠിതമായിരുന്ന സാംസ്കാരിക കേരളമായിരുന്നു പി.എൻ.പണിക്കരുടെ സ്വപ്നം. അതിനായി ജാതി-മത-വർഗ്ഗത്തിനധീതമായി സൗഹൃദഗ്രാമങ്ങൾ ഉണ്ടാക്കുന്നതിനായി അദ്ദേഹം പ്രയത്നിച്ചു. സാമൂഹ്യതിന്മകൾ കേരളത്തിൽ കൂടിവരുന്നു. സാക്ഷരത കൂടിയാലും നാം സാംസ്കാരിക സമ്പന്നമാകണമെന്നില്ല. ഇവിടെയാണ് പി.എൻ.പണിക്കർ എന്ന മനുഷ്യൻ വ്യത്യസ്തനാകുന്നത്. സാക്ഷരത മാത്രം പോരാ സംസ്ക്കാരവും നേടണം എന്ന നിർബന്ധവും അദ്ദേഹത്തിനുണ്ടായിരുന്നു. അതിന് ഉദാഹരണമാണ് സൗഹൃദഗ്രാമങ്ങളെന്ന ആശയമെന്ന് കുര്യൻ പറയുകയുണ്ടായി.

പുതിയ സാങ്കേതിക നേട്ടങ്ങൾ ഉൾക്കൊണ്ടു നമ്മുടെ ഗ്രന്ഥാലയങ്ങൾ വായനയ്ക്ക് പ്രാധാന്യം നൽകണമെന്നും അച്ചടി മാധ്യമം മാത്രം ആശ്രയിക്കാതെ ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള ഇ-റീഡിംഗിന് പ്രാധാന്യം നൽകി, അറിവിന്റെ വ്യാപ്തി വർദ്ധിപ്പിക്കണമെന്ന് ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന ഇന്ത്യ-ഭൂട്ടാൻ രാജ്യങ്ങളിലെ യുണൈറ്റഡ് നേഷൻസ് ഇൻഫർമേഷൻ സെന്റർ (യുഎൻഐസി) ഡയറക്ടർ കിരൺ മെറകെർപെൽമാൻ പറയുകയുണ്ടായി. സാക്ഷരത നേടിയ കേരളത്തിലെ സാമാന്യജനങ്ങൾ ലോകത്തിനു തന്നെ മാതൃകയാണെന്നും പറയുകയുണ്ടായി. പി.എൻ.പണിക്കർ ഫൗണ്ടേഷൻ വൈസ് ചെയർമാൻ എൻ.ബാലഗോപാൽ, സംസ്ഥാനതല വായനദിന-വാരാചരണ കമ്മിറ്റി ജനറൽ കൺവീനർ മുൻ മന്ത്രി എം.വിജയകുമാർ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ.എം.ആർ.തമ്പാൻ എന്നിവരും സംസാരിച്ചു.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡയറക്ടർ മിനി ആന്റണി കുട്ടികൾക്ക് വായനദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. കോട്ടൺഹിൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ ദിയ റോബിൻ, അയിരൂപ്പാറ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ നീരജ് എ.ആർ.എന്നിവർ വായനാനുഭവങ്ങൾ സരസമായി ചടങ്ങിൽ അവതരിപ്പിച്ചു.

ശ്രേഷ്ഠരായ അധ്യാപകർക്ക് പ്രണാമം അർപ്പിക്കുന്ന ഗുരുവന്ദനവും സംഘടിപ്പിക്കുകയുണ്ടായി. ഒരാഴ്ച കേരളത്തിലാകെ നീണ്ടുനിൽക്കുന്ന വായനദിന-വാരാഘോഷ പരിപാടികളുടെ ഭാഗമായി വായിച്ചു വളരുക ക്വിസ് മത്സരങ്ങൾ, ചിത്രരചനാ പ്രസംഗ മത്സരങ്ങൾ എന്നിവയുൾപ്പെടെ വിവിധ വിഷയങ്ങളിൽ ശില്പശാലകളും സംഘടിപ്പിച്ചു.

സ്കിൽ ഡെവലപ്പ്മെന്റ് ഫോർ എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് എന്ന പദ്ധതിയുടെ ഭാഗമായി ഓരോ വീടും ഒരു പണിശാലയാക്കി മാറ്റുന്നതിനുവേണ്ടി സ്ത്രീകളെ കർമ്മോന്മുഖരാക്കി വരുമാനദായക പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനുള്ള വിവിധ കർമ്മപരിപാടികൾക്കും ഇതേ ദിവസം തുടക്കം കുറിച്ചു.

കുട്ടികളുടെ നേതൃത്വത്തിൽ പി.എൻ.പണിക്കർ ഫൗണ്ടേഷൻ നടത്തിയ വായിച്ചു വളരുക-ചിന്തിച്ചു വിവേകം നേടുക വിളംബര ഘോഷയാത്ര മ്യൂസിയം ജംഗ്ഷനിൽ ഡിജിപി കെ.എസ്.ബാലസുബ്രഹ്മണ്യൻ ഫ്ളാഗ് ഓഫ് ചെയ്തു. ◆

*പഞ്ചായത്ത് ന്യൂസ് സർവീസ്*

# വാർത്തകളും വിശേഷങ്ങളും

## 2015ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതു തിരഞ്ഞെടുപ്പിൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയുക്തമാക്കുവാൻ വേണ്ടി വരുന്ന ചെലവ് പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ നിന്നും കുറവ് ചെയ്യുവാൻ അനുമതി

2015-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടത്തേണ്ട പൊതു തിരഞ്ഞെടുപ്പിൽ ത്രിതല പഞ്ചായത്തുകളിലും ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയുക്തമാക്കുന്നതിന് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ നിന്നും യഥാക്രമം 9 ലക്ഷം, 5 ലക്ഷം, 20 ലക്ഷം രൂപാ വീതം നീക്കി വെയ്ക്കുന്നതിന് അനുമതി നൽകി 9/6/2014 ലെ സ.ഉ.(സാധാ) 1437/14/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത തുക പഞ്ചായത്തുകളുടെ വികസന പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കുവാൻ രണ്ടു ഗഡുക്കളായി കുറവു വരുത്തുവാൻ അനുമതി നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

2015-ലെ പൊതു തിരഞ്ഞെടുപ്പിൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനാവശ്യമായ ചെലവിൽ ഗ്രാമപഞ്ചായത്തുകളുടേയും ബ്ലോക്ക് പഞ്ചയത്തുകളുടേയും പദ്ധതി വിഹിതത്തിൽ നിന്നും നീക്കിവെയ്ക്കുവാൻ നിർദ്ദേശിച്ചിട്ടുള്ള തുക രണ്ടു തുല്യ ഗഡുക്കളായി പഞ്ചായത്തുകളുടെ വികസന ഫണ്ടിന്റെ അടുത്തു വരുന്ന തവണകളിൽ നിന്നും കുറവ് വരുത്തുവാൻ പഞ്ചായത്ത് ഡയറക്ടറേയും ഗ്രാമവികസന കമ്മീഷണറേയും അധികാരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചു. ജില്ലാ പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ നിന്നും നീക്കിവെയ്ക്കുവാനുള്ള തുക വികസന ഫണ്ടിന്റെ അടുത്ത രണ്ടു തവണകളിൽ നിന്നും തുല്യമായി സർക്കാർ കുറവ് ചെയ്യുന്നതാണ്. ഇപ്രകാരം ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളുടെ വികസന ഫണ്ടിൽ നിന്നും കുറവു ചെയ്യുന്ന തുക സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ 2015-00-109-99-34 മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ അടക്കേണ്ടതാണ്. ജില്ലാ പഞ്ചായത്തുകളുടെ വികസന ഫണ്ടിൽ നിന്നും സർക്കാർ കുറവു ചെയ്യുന്ന തുക ട്രഷറിയിൽ നിന്നും പഞ്ചായത്ത് ഡയറക്ടർ പിൻവലിച്ച് തെരഞ്ഞെടുപ്പ് കമ്മീഷന്റെ മേൽ ശീർഷകത്തിൽ ഒടുക്കേണ്ടതാണ്. അതുപ്രകാരം കുറവു വരുത്തിയ തുകയും, ടി തുക അടച്ച രസീതിന്റെ പകർപ്പുമുൾപ്പെടെയുള്ള വിശദാംശങ്ങൾ സർക്കാരിൽ ലഭ്യമാക്കുവാൻ അധികാരികൾ ശ്രദ്ധ പുലർത്തേണ്ടതാണെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. സ.ഉ.(സാധാ).നം.1903/2014/തസ്വഭവ, തീയതി 21.07.2014.

## പഞ്ചായത്ത് വകുപ്പിലെ സാനിട്ടറി ഇൻസ്പെക്ടർ തസ്തിക ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക പുനർ നാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചു

നിലവിലുള്ള ശമ്പള സ്കെയിലിൽ മാറ്റം വരുത്താതെ പഞ്ചായത്ത് വകുപ്പിലെ സാനിട്ടറി ഇൻസ്പെക്ടർ തസ്തിക ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- II എന്നും സാനിട്ടറി ഇൻസ്പെക്ടർ ഹയർഗ്രേഡ് തസ്തിക ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- I എന്നും പുനർ നാമകരണം ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. സ.ഉ.(എം.എസ്)നം.128/2014/ത.സ്വ.ഭ.വ, തീയതി 17/07/2014.

## കേരളോത്സവം 2014- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക ചെലവഴിക്കുന്നതിനുള്ള അനുമതി- ഉത്തരവ് പുറപ്പെടുവിച്ചു

2014-ലെ കേരളോത്സവത്തിന്റെ സംഘാടനത്തിനായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം പരമാവധി തുക പ്ലാൻ ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ വിനിയോഗിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവായി.

| | |
|---|---|
| ഗ്രാമ പഞ്ചായത്ത് | 50,000 രൂപ |
| ബ്ലോക്ക് പഞ്ചായത്ത് | 1 ലക്ഷം രൂപ |
| മുനിസിപ്പാലിറ്റി | 1 ലക്ഷം രൂപ |
| കോർപ്പറേഷൻ | 1,20,000 രൂപ |
| ജില്ലാ പഞ്ചായത്ത് | 2 ലക്ഷം രൂപ |

ഇങ്ങനെ ധനവിനിയോഗം നടത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ധനവിനിയോഗം സംബന്ധിച്ച മറ്റെല്ലാ നിബന്ധനകളും കർശനമായി പാലിച്ചിരിക്കേണ്ടതും 31.03.2015 വരെ '2014 കേരളോത്സവം' ഇനത്തിലുണ്ടാകുന്ന വരവ് ചെലവ് കണക്കുകളുടെ കൗൺസിൽ /കമ്മിറ്റി അംഗീകരിച്ച പ്രസ്താവനകളും ധനവിനിയോഗ സാക്ഷ്യപത്രവും 2015 ഏപ്രിൽ 15 നകം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് നൽകേണ്ടതുമാണ്. സ.ഉ.(സാധാരണ) നം.1771/2014/ത.സ്വ.ഭ.വ. തീയതി-10.7.2014

**തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണ രൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.**

Edited and Published by A. Sayeed, Director of Panchayats (i/c), Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram

www.promptec.in

promptec™
LED Lights
Saves Power, Light forever

Leading Manufacturers of LED Lights
LED Lighting Systems & Accessories

Completed India's Largest LED Lighting Project,
Lighting up 5 Corporations, 60 Municipalities and Panchayats in Kerala.



Specialized in manufacturing LED Street Lights varying from 5W to 150W

**Promptec LED lights help you :**

| Save Energy | Enjoy Crystal Clear Visibility | Protect Environment - Mercury Free | No Maintenance Headaches |

Industry leading product Certifications from

UL | CPRI | RoHS Compliant | TÜV NORD ISO 9001:2008 | Ministry of New & Renewable Energy Govt. of India | NSIC ISO 9001 : 2008 NSIC Certified

Manufactured & Marketed by:

**PROMPTEC RENEWABLE ENERGY SOLUTIONS PVT LTD.**

(An ISO 9001-2008 Certified Company)

Head Office & Works
'Shibra Farms', Nagasandra Main Road,
Near 8th Mile, Tumkur Road,
Bangalore - 560 073. Karnataka, India

Sales Depot
1/153 Thalore, Old NH47,
Nenmanikara Gramapanchayat,
Thrissur, Kerala, India - 680 306
Enquiries : +91 98468 81939

Ph :080-28390897 / +91 9686198166 / 67 | Fax : 080 28390889 Email: sales@promptec.in

We solicit Dealer / Representatives enquiries to supply our products in Kerala.

**PANCHAYATRAJ** (Monthly) **August** 2014
Annual Subscription ₹120/-, Published on 20th **June** 2014
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2012-14
Licensed to Post without Prepayment No. KL/TV(N) WPP-85/2012-14

www.ammini.com

ammini
partnering with tomorrow

# ഹൈമാസ്റ്റ്ലൈററുകൾ സൗരോർജ്ജത്തിൽ..

## AMMINI SOLAR Introduces..

# GreenMast

## SOLAR LED MAST LIGHTS



**Different Models**
12Wx4 | 24Wx4 | 36Wx4 | 36Wx6 | 48Wx6
Height up to 10 Mtrs.

### Features

- Rechargeable by Solar PV module as well as mains charger
- Uses 100% Renewable Energy
- No running cost, 100% solar powered
- 100% battery backup
- Virtually no maintenance
- Uses maintenance free GEL Tubular batteries
- Long Life LED Luminaries
- High reliability electronic design
- Shortest payback period
- Lights up during power cut also

ammini
partnering with tomorrow

**ലൈറ്റിംഗ് രംഗത്ത്**
**20 വർഷത്തെ**
**സേവന പാരമ്പര്യം**

राष्ट्रीय पुरस्कार-2010
MSME National Award for Quality Products

ISO 9001: 2008

ONICRA
We Secure Trust
NSIC - ONICRA CREDIT RATED: SE2B

एन. एस. आई. सी
NSIC
ISO 9001 : 2008
REGISTERED

MNRE
CRISIL GRADE
2013-14
SP 2B

# അമ്മിണി സോളാർ

ഫോൺ: 0471-3060200, 93871 60225
ഫാക്സ്: 3060201; ഇ-മെയിൽ: mail@ammini.com

**For more details:1800 300 00 600 (TOLL FREE)**

Printed & Published by A. Sayeed, Director (i/c), Dept. of Panchayats on behalf of Govt. of Kerala and
Printed at Akshara Offset (for GLM), Vanchiyoor,Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: A. Sayeed